ISSN 2582-2764

അറിവോരം

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 2 | Issue 6 | Bimonthly | December 2022 | Thiruvananthapuram | Page 20 | Price ₹10

» 05 ഈ ത്യാഗസമരം അതിജീവനത്തിനായി

» 08 കാലാവസ്ഥാവേദിയുടെ പ്രഥമ സമ്മേളനം

» 20 ലഹരിക്കെതിരായ പോരാട്ടം അവസാനിക്കുന്നില്ല

സഭാധ്യക്ഷന്റെ പേജ്

ലഹരിമുക്ത കേരളം യാഥാർത്ഥ്യമാക്കാം

ലഹരിക്കെതിരായ പോരാട്ടത്തിൽ എല്ലാ കേരളീയരും ഒറ്റക്കെട്ടായി മുന്നോട്ടുപോവുകയാണ്. ലഹരി ഉപയോഗത്തിലേക്ക് വഴുതി വീഴുന്ന പുതുതലമുറയെ രക്ഷിക്കാനുള്ള ഉത്തരവാദിത്തം നമുക്കോരോരുത്തർക്കുമുണ്ട്. അത് മനസിലാക്കിയുള്ള വിപുലമായ ക്യാമ്പയിനാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ളത്. നാടാകെ ആ പ്രചരണ പരിപാടിയിൽ കൈകോർക്കുന്നുവെന്നുള്ളത് ഏറെ പ്രതീക്ഷ നൽകുന്നു.

രാജ്യത്ത് കേരളത്തെക്കാൾ ലഹരി ഉപയോഗിക്കുന്ന സംസ്ഥാനങ്ങൾ ഏറെയുണ്ട്. നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാൻഡ് റിഡക്ഷൻ (എൻ.എ.പി.ഡി.ഡി.ആർ) വെളിപ്പെടുത്തുന്ന കണക്കുകളിൽ നിന്ന് അത് മനസ്സിലാക്കാനാവും. മധ്യപ്രദേശും ഒഡീഷയും രാജസ്ഥാനും ഡൽഹിയും ഉത്തർപ്രദേശും തുടങ്ങി കുറേ സംസ്ഥാനങ്ങൾ കേരളത്തെക്കാൾ വലിയ ദുരന്തമുഖത്താണ് നിലകൊള്ളുന്നത്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മലയാളികളുടെ ലഹരി ഉപയോഗം കുറവാണെങ്കിലും നാം കേരളീയരെ സംബന്ധിച്ച് ഓരോ വർഷം കഴിയുന്തോറും മയക്കുമരുന്നിന്റെ ഉപയോഗം വർധിച്ചുവരുന്നത് വലിയ ഭീഷണി തന്നെയാണ്. ഒരു സാമൂഹ്യവിപത്തായി മയക്കുമരുന്ന് മാറുന്ന സ്ഥിതി ഉണ്ടാവാതിരിക്കാനുള്ള ജാഗ്രതയാണ് കേരള സമൂഹം കൈക്കൊള്ളേണ്ടത്.

സംസ്ഥാന സർക്കാർ നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ചും എക്സൈസ്, പൊലീസ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും മയക്കുമരുന്നിനെതിരായുള്ള പോരാട്ടം ശക്തിപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ധാരാളം കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുമുണ്ട്. രാജ്യത്ത് സർക്കാർ തലത്തിൽ ഏറ്റവും കൂടുതൽ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് കേരളമാണ്. അതിന്റെ ഭാഗമായി മയക്കുമരുന്ന് കാരിയേഴ്സിനെ കണ്ടെത്താനും മയക്കുമരുന്ന് ശൃംഖലകൾ തകർക്കാനും ഒരു പരിധിവരെ നമുക്ക് സാധിക്കുന്നു.

കഴിഞ്ഞ ഗാന്ധി ജയന്തി ദിനത്തിൽ മയക്കുമരുന്നിനെതിരായ ഒരു ജനകീയ ക്യാമ്പയിന് സംസ്ഥാന സർക്കാർ തുടക്കമിട്ടിരിക്കുകയാണ്. ഈ ബഹുമുഖ കർമ്മപദ്ധതിയിൽ സംസ്ഥാനത്തെ ഓരോ പൗരനും കൈകോർക്കേണ്ടതുണ്ട്. ഭരണ, പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ പാർട്ടികളും അവരുടെ വർഗ്ഗബഹുജന, യുവജന, വിദ്യാർത്ഥി, മഹിളാ സംഘടനകളും മറ്റ് സംഘടനകളും ക്ലബ്ബുകളും ഗ്രന്ഥശാലകളും സാമൂഹിക കൂട്ടായ്മകളുമെല്ലാം ഈ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമാകണം. നാടിന്റെ സാമൂഹികാരോഗ്യം ശക്തിപ്പെടുത്താനും വരും തലമുറയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും അവരുടെ സർഗാത്മകമായ കഴിവുകൾ ഊട്ടിയുറപ്പിക്കാനും ഇതിലൂടെ സാധിക്കും.

സർക്കാർ സംവിധാനങ്ങൾ മാത്രം വിചാരിച്ചാൽ നിയന്ത്രിക്കാൻ പറ്റുന്ന ഒന്നല്ല ലഹരിയുടെ വ്യാപനം. വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരുമടക്കം പൊതുസമൂഹത്തിലെ ഓരോ വ്യക്തിയും വ്യക്തിപരമായ ഉത്തരവാദിത്വമായി ലഹരി നിർമാർജനം ഏറ്റെടുക്കണം. എന്നാൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയിലേക്ക് എത്തിച്ചേരുകയുള്ളൂ.

കേരളത്തിലെ വിദ്യാർഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചിട്ടുള്ളത് ചില പഠനങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കഞ്ചാവ്, എം.ഡി.എം.എ. തുടങ്ങിയ ലഹരിവസ്തുക്കൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പിടിക്കപ്പെടുന്നത് നല്ല സൂചനയല്ല. സ്കൂൾ വിദ്യാർഥികളിൽ അടക്കം ലഹരി വസ്തുക്കൾ പരീക്ഷിക്കപ്പെടുന്ന വാർത്തകൾ നാം കാണുന്നുണ്ട്. കുട്ടികളിലും കൗമാരക്കാരിലും വർദ്ധിച്ചുവരുന്ന മാനസിക പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയുമൊക്കെ മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ടുള്ളതാണോ എന്ന പരിശോധന രക്ഷാകർത്താക്കളുടെയും അധ്യാപകരുടെയും ഭാഗത്ത് നിന്ന് ഉണ്ടാവണം.

കൂട്ടുകാരുടെ നിർബന്ധം കൊണ്ടും എന്താണെന്ന് മനസ്സിലാക്കാനുള്ള ആകാംക്ഷ കൊണ്ടുമൊക്കെ ലഹരി ഉപയോഗിച്ച് തുടങ്ങുകയും പിന്നീട് അത് ശീലമാവുകയും ചെയ്യുന്നവരുണ്ട്. ചിലരാവട്ടെ വീട്ടിലെ മുതിർന്നവർ മദ്യപിക്കുന്നതും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതും കണ്ട് പ്രചോദിതരായി അവ ഉപയോഗിക്കുന്നു. ശരാശരി 12 വയസ്സിൽ കുട്ടികളിലെ ലഹരി ഉപയോഗശീലം ആരംഭിക്കുന്നുവെന്ന് സമീപകാലത്ത് പുറത്തുവന്ന ചില പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. പലപ്പോഴും സിഗരറ്റ് വലിച്ചു

ശേഷം 6–ാം പേജിൽ

പുരസ്കാര നിറവിൽ നിയമസഭാ സെക്രട്ടേറിയറ്റ്

2022 ലെ മികച്ച വകുപ്പിനുള്ള സംസ്ഥാനതല ഭരണഭാഷാ പുരസ്കാരം നിയമസഭാ സെക്രട്ടേറിയറ്റിന് ലഭിച്ചു. 25000/- രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം സെൻട്രൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പ്രൗഢഗംഭീരമായ ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിൽ നിന്നും നിയമസഭാ സെക്രട്ടറി എ.എം.ബഷീർ ഏറ്റുവാങ്ങി.

നിയമസഭാ ലൈബ്രറിയിൽ പൊതുജനങ്ങൾക്കുള്ള അംഗത്വവിതരണവും ഭരണഭാഷാ വാരാഘോഷവും

മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും നിയമസഭാ ലൈബ്രറി അംഗത്വം പൊതുജനങ്ങൾക്കുകൂടി ലഭ്യമാക്കുന്ന പരിപാടിയുടെ ഉദ്ഘാടനവും ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി നിയമസഭാ സെക്രട്ടേറിയറ്റ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവം 2022 ന്റെ ലോഗോ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവ്വഹിച്ചു. 2022 നവംബർ1 ന് കേരളപ്പിറവി ദിനത്തിൽ നടന്ന ചടങ്ങിൽ നിയമസഭാ സെക്രട്ടറി എ. എം. ബഷീർ ജീവനക്കാർക്ക് ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് നിയമസഭാ ലൈബ്രറിയെക്കുറിച്ച് ഒരു ലഘു വീഡിയോ പ്രദർശിപ്പിച്ചു. ലൈബ്രറി ഉപദേശക സമിതി അംഗം കെ. ആൻസലൻ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ ജോയിന്റ് സെക്രട്ടറി പി. ഹരി സ്വാഗതം ആശംസിച്ചു.

സംസ്ഥാനത്തിലെ ഏറ്റവും അമൂല്യമായ ഗ്രന്ഥശേഖരമുള്ള ലൈബ്രറിയാണ് നിയമസഭാ ലൈബ്രറി എന്നും 1888 ൽ ദിവാന്റെ ഓഫീസിനോടൊപ്പമുണ്ടായിരുന്ന ലൈബ്രറി കേരള രാഷ്ട്രീയ ചരിത്രത്തോടൊപ്പം വളരുകയായിരുന്നുവെന്നും ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ എ. എൻ. ഷംസീർ അഭിപ്രായപ്പെട്ടു.

നിയമസഭാ ലൈബ്രറിയിലെ വിജ്ഞാനശേഖരത്തിന്റെ ലഭ്യതയും ഉപയോഗവും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ശതാബ്ദി വർഷത്തിൽ തുടക്കം കുറിക്കുകയാണ്. ഇതിന്റെ ഭാഗമായി ലൈബ്രറി സ്രോതസ്സുകളെ സംബന്ധിച്ച

ശേഷം 7–ാം പേജിൽ

മൊഴിമുഴക്കം

"മന്ത്രിമാർ കാഷായ വസ്ത്രം ധരിച്ച്
പർണ്ണ ശാലകളിൽ താമസിച്ച്
ജീവിക്കണമെന്ന് എനിക്ക് അഭിപ്രായമില്ല.
ഇന്നത്തെ സമൂഹത്തിൽ മന്ത്രിമാർ
അവരുടെ മുഴുവൻ സമയവും
രാജ്യത്തിനുവേണ്ടി വിനിയോഗിക്കണം"

സി. അച്യുത മേനോൻ



സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

ആനിക്കാട് സ്മാർട്ട് വില്ലേജ് ഓഫീസ് നാടിനു സമർപ്പിച്ചു

ഡോ.എൻ.ജയരാജ്
കാഞ്ഞിരപ്പള്ളി

ആനിക്കാട് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ഉദ്ഘാടനം റവന്യൂ- ഭവനനിർമാണ വകുപ്പ് മന്ത്രി കെ. രാജൻ നിർവഹിച്ചു. എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്നുമണിക്ക് വില്ലേജ് ഓഫീസുകളിൽ വില്ലേജ്തല ജനകീയ സമിതി കൂടണമെന്നും എം.എൽ.എ. അല്ലെങ്കിൽ പ്രതിനിധി, പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ വില്ലേജുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജനാധിപത്യപരമായി ചർച്ച ചെയ്യണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഒരു വർഷത്തിനുള്ളിൽ വില്ലേജ് തലം മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള എല്ലാ റവന്യൂ ഓഫീസുകളും ഡിജിറ്റലൈസ്ഡാകുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

കാഞ്ഞിരപ്പള്ളി എം.എൽ.എ. കൂടിയായ ഗവ.ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അധ്യക്ഷനായ ചടങ്ങിൽ ജില്ലാ കളക്ടർ, സബ് കളക്ടർ, മറ്റ റവന്യൂ ഉദ്യോഗസ്ഥർ, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ക്ലീൻ ഇന്ത്യ – മെഗാ ശുചീകരണ ക്യാമ്പയിൻ

സി.സി. മുകുന്ദൻ
നാട്ടിക

കേന്ദ്ര യുവജന കായിക മന്ത്രാലയം ദേശവ്യാപകമായി നെഹ്റു യുവകേന്ദ്ര മുഖേന നടത്തുന്ന ക്ലീൻ ഇന്ത്യ 2.0 ക്യാമ്പയിൻ തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിച്ചു. ശുചീകരണത്തോടൊപ്പം പ്ലാസ്റ്റിക് ശേഖരണവും പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു. തളിക്കുളം സ്നേഹ തീരം ബീച്ചിൽ നടത്തിയ ശുചീകരണ പരിപാടി സ്ഥലം എം.എൽ.എ. സി.സി. മുകുന്ദൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് അംഗം ബഗീഷ് പൂരാടൻ മുഖ്യ പ്രഭാഷണം നടത്തി. തളിക്കുളം ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം. കെ. ബാബു സ്വച്ഛതാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ശുചീകരണ പരിപാടിയിൽ തൃശ്ശൂർ ജില്ലയിലെ വിവിധ യുവജന സന്നദ്ധ സംഘടനകൾ, നാട്ടിക എസ്.എൻ. കോളേജിലെയും തളിക്കുളം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെയും നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ, നാട്ടുകാർ തുടങ്ങിയവർ പങ്കാളികളായി. കേന്ദ്ര യുവജനകാര്യ കായിക മന്ത്രി അനുരാഗ് ഠാക്കൂർ ദില്ലിയിൽ ഉദ്ഘാടനം ചെയ്ത ദേശീയ തല മെഗാ ക്ലീനിങ് ക്യാമ്പയിന്റെ ഭാഗമായിട്ടാണ് ദേശവ്യാപകമായി ജില്ലാ, ബ്ലോക്ക്, ഗ്രാമ പ്രദേശങ്ങളിൽ നെഹ്റു യുവകേന്ദ്ര, നാഷണൽ സർവീസ് സ്കീം, യൂത്ത് ക്ലബുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ശുചീകരണ പരിപാടിയും പ്ലാസ്റ്റിക് ശേഖരണവും നടത്തുന്നത്. തളിക്കുളം സ്നേഹതീരം ബീച്ചിൽ നടന്ന പരിപാടിയിൽ ഇരുന്നൂറോളം യുവതീയുവാക്കൾ പങ്കെടുത്തു. നെഹ്റു യുവകേന്ദ്രയുടെ ജില്ലാ യൂത്ത് ഓഫീസർ സി. ബിൻസിയും നാഷണൽ യൂത്ത് വോളണ്ടിയർമാരും പരിപാടികൾക്ക് നേതൃത്വം നൽകി. ഒക്ടോബർ 1 ന് ആരംഭിച്ച ക്ലീൻ ഇന്ത്യ പരിപാടി ഒക്ടോബർ 31 ന് സമാപിച്ചു.

കാക്കഞ്ചേരി അംഗനവാടിക്ക് പുതിയ കെട്ടിടം

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

കാക്കഞ്ചേരി അംഗനവാടിയുടെ പുതിയ കെട്ടിടം പി. അബ്ദുൽ ഹമീദ് എം.എൽ.എ. നാടിന് സമർപ്പിച്ചു. പതിനേഴ് ലക്ഷം രൂപ ചെലവഴിച്ചാണ് അംഗനവാടി കെട്ടിടം നിർമ്മിച്ചത്. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, മറ്റ ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

വള്ളിക്കുന്നിൽ ഹൈടെക് കൃഷി ഭവൻ

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പരുത്തിക്കാട്ടിൽ ആരംഭിച്ച ആദ്യ ഹൈടെക് കൃഷി ഭവന്റെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിച്ചു. വള്ളിക്കുന്ന് കൃഷി ഭവന് പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് അനുവദിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. ഒഴിഞ്ഞു കിടക്കുന്ന ഇടങ്ങൾ ഉപയോഗപ്പെടുത്തണമെന്നും അതിനായാണ് സംസ്ഥാന സർക്കാർ 'ഞങ്ങൾ കൃഷിയിലേക്ക്' എന്ന പദ്ധതി ആവിഷ്കരിച്ചതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഡോ. പരപ്പിൽ മാധവ മേനോൻ സംഭാവനയായി നൽകിയ സ്ഥലത്ത് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ചാണ് കൃഷിഭവൻ നിർമ്മിച്ചത്.

പി.അബ്ദുൽ ഹമീദ് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ, മറ്റ് പ്രമുഖ വ്യക്തികൾ തുടങ്ങിയവർ പങ്കെടുത്തു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

തലശ്ശേരി ജനറൽ ആശുപത്രിക്ക് നവീകരിച്ച പീഡിയാട്രിക് വാർഡ്

എ.എൻ.ഷംസീർ
തലശ്ശേരി

തലശ്ശേരി ജനറൽ ആശുപത്രിയിൽ നവീകരിച്ച പീഡിയാട്രിക് വാർഡിന്റെയും പീഡിയാട്രിക് ഐ.സി.യു.വിന്റെയും ഉദ്ഘാടനം നിയമസഭാ സ്പീക്കറും സ്ഥലം എം.എൽ.എ.യുമായ എ.എൻ. ഷംസീർ നിർവഹിച്ചു.

നാഷണൽ ഹെൽത്ത് മിഷന്റെ ഇ.സി. ആർ.പി. 2 ഫണ്ടിൽ നിന്നുള്ള തുക ചെലവഴിച്ചാണ് പീഡിയാട്രിക് ഐ.സി.യു വിന്റെ നിർമാണം പൂർത്തിയാക്കിയത്. ഐ.സി.യു.വിൽ ഇ.സി.ജി. മെഷീൻ, പോർട്ടബിൾ എക്സറെ , ഐ.സി.യു. ബെഡ്, ഐ.സി.യു. വെന്റിലേറ്റർ, മൾട്ടിപാര മോണിറ്റർ, ഗ്ലൂക്കോമീറ്റർ തുടങ്ങിയവ സജ്ജമാക്കിയിട്ടുണ്ട്. ഇതോടൊപ്പം പീഡിയാട്രിക് വാർഡിന്റെ നവീകരണവും പൂർത്തിയാക്കിയിട്ടുണ്ട്.

അടൂർ പെരിങ്ങനാട് ഇ– വില്ലേജ് ഓഫീസ്

ചിറ്റയം ഗോപകുമാർ
അടൂർ

അടൂർ പെരിങ്ങനാട് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണോദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവ്വഹിച്ചു. ജനോപകാരപ്രദമായ സേവനം നൽകുന്നതിൽ വില്ലേജ് ഓഫീസുകളുടെ പങ്ക് അഭിനന്ദനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. വില്ലേജ് ഓഫീസ് സ്മാർട്ടാകുമ്പോൾ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും മികവാർന്നതാകുമെന്നും ആവശ്യമായ രേഖകൾ എത്രയും വേഗം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ വില്ലേജ് ആഫീസുകൾ നിർവ്വഹിക്കുന്ന സേവനം ഒട്ടും ചെറുതല്ലെന്നും നാടെങ്ങും ഓൺലൈൻ സാക്ഷരതയിലേക്ക് മാറുന്ന ഈ സമയത്ത് കാലത്തിനനുസൃതമായി നാം മാറണമെന്നും സ്ഥലം എം.എൽ.എ. കൂടിയായ ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു. അടൂർ മണ്ഡലത്തെ സമ്പൂർണമായി സ്മാർട്ട് ആക്കുന്നതിന്റെ ഭാഗമായി ഐ.എച്ച്.ആർ.ഡി.യിലെ എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ച് കുടുംബശ്രീ അംഗങ്ങൾക്ക് ഓൺലൈൻ സേവനങ്ങൾ പഠിപ്പിക്കുവാൻ വേണ്ട പരിശീലനം തുടങ്ങുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആറുമാസത്തിനകം തന്നെ പുതിയ വില്ലേജ് ഓഫീസ് പ്രവർത്തനക്ഷമമാക്കാൻ സാധിക്കും. അടൂർ താലൂക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളും ഇ - ഓഫീസ് ആക്കുന്നതിനായി 15 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. 1400 സ്ക്വയർ ഫീറ്റ് വിസ്തീർണത്തിൽ 42 ലക്ഷം രൂപ മുതൽ മുടക്കിയാണ് പെരിങ്ങനാട് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നത്. നാല് മുറികളും റെക്കോർഡ് റൂമും ഉൾപ്പെടെയുള്ള സൗകര്യങ്ങളോട് കൂടിയ ഓഫീസ് നിർമ്മിക്കുന്നത് ജില്ലാ നിർമ്മിതി കേന്ദ്രമാണ്.

ഫയർ സ്റ്റേഷന് പുതിയ മന്ദിരവും പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസും

ഡി.കെ.മുരളി
വാമനപുരം

വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ സ്റ്റേഷനായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെയും, വെഞ്ഞാറമൂട് പി.ഡബ്ല്യൂ.ഡി.റസ്റ്റ് ഹൗസിന്റെയും നിർമ്മാണോദ്ഘാടനം പൊതുമരാമത്തുവകുപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർവ്വഹിച്ചു. 2 കോടി 60 ലക്ഷം രൂപ ചെലവഴിച്ച് കീഴായിക്കോണം ജംഗ്ഷന് സമീപത്താണ് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നത്. നിലവിൽ വാടക കെട്ടിടത്തിലാണ് ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നത്. വാമനപുരം ബ്ലോക്ക് ഓഫീസിന് സമീപം രണ്ട് കോടി രൂപ ചെലവഴിച്ചാണ് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നത്. റസ്റ്റ് ഹൗസിന് വേണ്ടി നിർമ്മിക്കുന്ന മൂന്ന് നിലക്കെട്ടിടത്തിൽ അടുക്കള, റസ്റ്റോറന്റ്, ലോബി, കോൺഫറൻസ് ഹാൾ എന്നിവയും ആറ് മുറികളും ഉണ്ടാകും. വാമനപുരം എം.എൽ.എ. ഡി.കെ. മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ രാജ്യസഭാ അംഗം എ.എ.റഹീം, ബി.സന്ധ്യ. ഐ.പി.എസ് (ഡയറക്ടർ ജനറൽ ഫയർ & റസ്ക്യൂ സർവ്വീസസ്,) നെല്ലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഫയർ & റസ്ക്യൂ, പി.ഡബ്ല്യൂ.ഡി വകുപ്പ് ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

മരുതംകുഴി – പി.റ്റി.പി. നഗർ റോഡ് നാടിന് സമർപ്പിച്ചു

വി.കെ.പ്രശാന്ത്
വട്ടിയൂർക്കാവ്

നവീകരിച്ച മരുതംകുഴി - പി.റ്റി.പി. നഗർ റോഡ് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ഒരു കിലോമീറ്റർ ദൂരം വരുന്ന റോഡ് 85 ലക്ഷം രൂപ ചെലവഴിച്ചാണ് നവീകരിച്ചത്. റോഡിന്റെ വീതി 5.5 മീറ്ററിൽ നിന്ന് 7 മീറ്ററായി വർദ്ധിപ്പിച്ചും ഇരു വശങ്ങളിലുമായി ഓട നിർമ്മിച്ചുമാണ് 40 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ടാറിംഗ് പൂർത്തീകരിച്ചത്.

പി.ഡബ്ല്യൂ.ഡി. റോഡ്സ് ഡിവിഷനാണ് സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയത്. തിരുവനന്തപുരം നഗരസഭാ മേയർ ആര്യ രാജേന്ദ്രൻ അധ്യക്ഷത വഹിച്ച യോഗത്തിൽ വട്ടിയൂർക്കാവ് എം.എൽ.എ. വി.കെ. പ്രശാന്ത് സ്വാഗതം ആശംസിച്ചു. പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർ, വാർഡ് കൗൺസിലർ, സംഘാടക സമിതി അംഗങ്ങൾ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

അറിയിപ്പ്

അറിവോരം ന്യൂസ്‌ലെറ്ററിൽ നിയോജക മണ്ഡല വാർത്തകൾ പ്രസിദ്ധീകരിക്കാൻ താൽപര്യമുള്ള സാമാജികർ തങ്ങളുടെ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വാർത്ത ചിത്രങ്ങൾ സഹിതം kladrd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾക്ക്

0471 - 2512493 / 0471 - 2512353

എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ
നം. 06/ ഡിസംബർ 2022 | തിരുവനന്തപുരം

ജനാധിപത്യത്തിന്റെ ആത്മാവും ജനാധിപത്യത്തെ നിർവ്വചിക്കുന്നതും പ്രതിപക്ഷമാണ്: കെ.സച്ചിദാനന്ദൻ

സ്വാതന്ത്ര്യത്തിന്റെ എഴുപത്തി അഞ്ചാം വാർഷികത്തോടനുബന്ധിച്ച് സഭാ ടി.വി.യിലെ സഭാ ടോക്സ് എന്ന പരിപാടിയിൽ'സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ മലയാളത്തിന്റെ പ്രിയ കവി കെ.സച്ചിദാനന്ദന്റെ പ്രഭാഷണം സംപ്രേക്ഷണം ചെയ്തു. സ്വാതന്ത്ര്യമെന്നത് കേവലം ആഗസ്റ്റ് 14 അർദ്ധരാത്രി ലഭിച്ച വരദാനമല്ലെന്നും നിരന്തരമായ പ്രവർത്തനത്തിലൂടെയും ജാഗ്രതയിലൂടെയും നിലനിർത്തുകയും വളർത്തുകയും ചെയ്യേണ്ട സങ്കൽപമാണ് ജനാധിപത്യമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ ബഹുസ്വരമായൊരു രാജ്യമാണ് എന്നാൽ ഈ നാനാത്വത്തെ അംഗീകരിക്കാതെ ഏകശിലാരൂപമായ ഒരു ദേശമായി നമ്മുടെ ദേശത്തെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രതിപക്ഷ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് തീരുമാനങ്ങളെടുക്കുമ്പോഴാണ് ജനാധിപത്യം അർത്ഥവത്താകുന്നത്. എഴുത്തുകാരെ അടിച്ചമർത്തുന്നത് വഴി ഭാഷയ്ക്ക് മാറ്റമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

എട്ട് എപ്പിസോഡുകളിലായി ഫെഡറലിസം, ഇന്ത്യൻ ഭരണഘടന, പൊതുജനാരോഗ്യം തുടങ്ങി നിരവധി വിഷയങ്ങളിൽ പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ സഭാ ടോക്സിലൂടെ സംപ്രേക്ഷണം ചെയ്തു.

[സഭാ ടി.വി. സംപ്രേക്ഷണം ചെയ്ത സഭാ ടോക്സ് എന്ന പരിപാടിയിൽ കവി കെ. സച്ചിദാനന്റെ പ്രഭാഷണം കാണുന്നതിനായി QR Code സ്കാൻ ചെയ്യുക]

ഡോ. സി.വി. ആനന്ദബോസ് ബംഗാൾ ഗവർണ്ണർ

മലയാളിയായ മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഡോ.സി.വി. ആനന്ദബോസിനെ ബംഗാൾ ഗവർണ്ണറായി രാഷ്ട്രപതി നിയമിച്ചു. ജഗ്ദീപ് ധൻകർ ഉപരാഷ്ട്രപതിയായ ഒഴിവിലേക്കാണ് അദ്ദേഹത്തെ നിയമിച്ചത്. ചീഫ് സെക്രട്ടറി റാങ്കിൽ വിരമിച്ച സി.വി.ആനന്ദബോസ് കോട്ടയം മാന്നാനം സ്വദേശിയാണ്. മുഖ്യമന്ത്രിയുടെ സെക്രട്ടറി, അണുശക്തി വകുപ്പിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചെയർമാൻ, വൈസ് ചാൻസലർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. യു.എൻ.പാർപ്പിട വിദഗ്ദ്ധസമിതി ചെയർമാൻ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ കണക്കെടുപ്പിന് നിയോഗിച്ച വിദഗ്ദ്ധ സമിതി ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലുമായി മുപ്പത്തിരണ്ട് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

യു.എൻ.ഗ്ലോബൽ ബെസ്റ്റ് പ്രാക്ടീസ് പുരസ്കാരം, ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ സ്പെഷ്യൽ ഹാബിറ്റാറ്റ് അവാർഡ്, ജവഹർലാൽ നെഹ്റു ഫെലോഷിപ്പ് തുടങ്ങി ദേശീയവും അന്തർദേശീയവുമായ നിരവധി അവാർഡുകൾ ലഭിച്ചിട്ടുള്ള സി.വി.ആനന്ദബോസ് ഗവർണർ പദവിയിലെത്തുന്ന ഇരുപതാമത്തെ മലയാളിയാണ്.

വി.പി.മേനോൻ (ഒറീസ 1951); ജെ.ജോൺ (മദ്രാസ്, 1956-57); മേജർ ജനറൽ കെ.പി.കണ്ടേത്ത് (ഗോവ, 1961-62); പട്ടം എ. താണുപിള്ള (പഞ്ചാബ്, 1964, ആന്ധ്രാ പ്രദേശ് 1967); ഡോ. പി.വി. ചെറിയാൻ (മഹാരാഷ്ട്ര, 1964-69); വി.വിശ്വനാഥൻ (ഹിമാചൽ പ്രദേശ് (1966-67), കേരളം (1967-73) കെ.കെ. വിശ്വനാഥൻ (ഗുജറാത്ത് 1973-78); കെ.സി.എബ്രഹാം (ആന്ധ്രാ പ്രദേശ്, 1978-83); പ്രൊഫ. കെ.എം. ചാണ്ടി (പോണ്ടിച്ചേരി (1982-83), ഗുജറാത്ത് (1983-84), മധ്യപ്രദേശ് (1984-89); ഡോ. പി.സി. അലക്സാണ്ടർ (തമിഴ്നാട് (1990), മഹാരാഷ്ട്ര (1993-2002), ഗോവ (1996-1998), ആന്ധ്രാ പ്രദേശ് (1998); എ.എ.റഹീം (മേഘാലയ, 1989-90); ഡോ.എം.എം.തോമസ് (നാഗാലാന്റ്, 1990-92); വക്കം പുരുഷോത്തമൻ (ആൻഡമാൻ നിക്കോബാർ ദ്വീപുകൾ (1993-96), മിസോറാം (2011-14); എം.എം.ജേക്കബ് (മേഘാലയ (1995-2007), അരുണാചൽ പ്രദേശ് (2007); ജസ്റ്റിസ് എം.ഫാത്തിമാ ബീവി (തമിഴ്നാട്, 1997-2001); കെ.ശങ്കരനാരായണൻ (അരുണാചൽ പ്രദേശ് (2007), അസം (2007-2008), ജാർഖണ്ഡ് (2009-2010), നാഗാലാന്റ് (2010-14), ഗോവ (2011-12), എം.കെ. നാരായണൻ (ബംഗാൾ, 2010-14); കുമ്മനം രാജശേഖരൻ (മിസോറാം, 2018-19); പി.എസ്.ശ്രീധരൻ പിള്ള (മിസോറാം (2019-21), ഗോവ 2021 ജൂലൈ 15 മുതൽ തുടരുന്നു) എന്നിവരാണ് ഗവർണർ പദവി അലങ്കരിച്ച മലയാളികൾ. ഇതിൽ ഏറ്റവും കൂടുതൽ കാലം ഇന്ത്യൻ സംസ്ഥാനത്തിൽ ഗവർണർ പദവി വഹിച്ചത് എം.എം.ജേക്കബാണ്. പതിനൊന്ന് വർഷം അദ്ദേഹം ഗവർണ്ണറായിരുന്നു.

ഇതരസഭാ വാർത്തകൾ

വനിതാ സാമാജികർക്കായി പ്രത്യേക നിയമസഭാ സമ്മേളനം

രാജ്യത്ത് ആദ്യമായി വനിതാ സാമാജികർക്ക് മാത്രമായി ഒരു ദിവസത്തെ പ്രത്യേക സമ്മേളനം ചേർന്ന് ഉത്തർപ്രദേശ് നിയമസഭ. പല വനിതാ സാമാജികരും സഭാ നടപടികളിൽ നല്ല രീതിയിൽ ഭാഗഭാക്കാവുന്നുണ്ടെങ്കിലും മറ്റു ചിലർക്ക് അതിന് കഴിയാത്തതിനാൽ മുഴുവൻ വനിതാ സാമാജികരെയും സഭാ നടപടികളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2022 സെപ്റ്റംബർ 22 ലെ സമ്മേളനം സ്ത്രീകൾക്കു മാത്രമായി നീക്കി വച്ചത്.

നാൽപ്പത്തിയേഴ് വനിതാ സാമാജികരാണ് നിലവിൽ ഉത്തർപ്രദേശ് നിയമസഭയിലുള്ളത്. അവരിൽ ഇരുപത്തിരണ്ട് പേർ പുതുമുഖങ്ങളാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികൾക്ക് ഫീസ് ഒഴിവാക്കുന്നതും, ഗ്രാമങ്ങളിലെ സ്ത്രീകളിൽ ആർത്തവ ശുചിത്വത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നതും, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ ഏർപ്പെടുത്തുന്നതും തുടങ്ങി നിരവധി വിഷയങ്ങൾ പ്രത്യേക സമ്മേളനത്തിൽ വനിതാ സാമാജികർ സഭാ തലത്തിൽ എത്തിച്ചു. വനിതകളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് വിശദീകരിച്ചു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വർഷത്തിൽ വനിതാ സാമാജികർക്ക് മാത്രമായി മൺസൂൺ സെഷനിലെ ഒരു ദിവസം നീക്കിവച്ചതിനെ പ്രതിപക്ഷ നേതാവ് അഖിലേഷ് യാദവ് പ്രശംസിച്ചു. വനിതാ അംഗങ്ങൾക്ക് പുറമേ നിയമസഭാ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർക്ക് മാത്രമാണ് സഭയിൽ സംസാരിക്കാൻ അവസരമുണ്ടായിരുന്നത്.

വിദ്വേഷ പ്രസംഗം : എം.എൽ.എ. യ്ക്ക് സ്ഥാനം നഷ്ടമായി

അസംഖാൻ

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും യു.പി. മുഖ്യമന്ത്രി യോഗി ആദിത്യനാഥിനുമെതിരെ വിദ്വേഷ പ്രസംഗം നടത്തിയതിന്റെ പേരിൽ മൂന്ന് വർഷം തടവിന് ശിക്ഷിക്കപ്പെട്ട ഉത്തർപ്രദേശിലെ സമാജ് വാദി പാർട്ടി നേതാവ് അസംഖാന് രാംപൂർ എം.എൽ.എ. സ്ഥാനം നഷ്ടമായി. 2013 ലെ സുപ്രീം കോടതി വിധി അനുസരിച്ച് ഒരു എം.എൽ.എ.യ്ക്കോ എം.എൽ.സി.യ്ക്കോ എം.പി.യ്ക്കോ ക്രിമിനൽ കേസിൽ കുറഞ്ഞത് രണ്ടു വർഷമെങ്കിലും ജയിൽ ശിക്ഷ വിധിക്കപ്പെടുന്ന പക്ഷം ആ വ്യക്തിക്ക് സഭാംഗത്വം നഷ്ടമാകും.

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ രാംപൂരിൽ നിന്ന് വിജയിച്ച അസംഖാൻ 2022 മാർച്ചിൽ സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് എം.പി.സ്ഥാനം രാജിവച്ചിരുന്നു.

സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വോട്ടർ ശ്യാം ശരൺ നേഗി അന്തരിച്ചു

സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വോട്ടർ ശ്യാം ശരൺ നേഗി (105) 2022 നവംബർ 5 ന് അന്തരിച്ചു. ഹിമാചൽ പ്രദേശിലെ കിന്നൗർ നിവാസിയായ നേഗി സർക്കാർ സ്കൂൾ അധ്യാപകനായിരുന്നു. ഇന്ത്യയിലെ ആദ്യ പൊതു തെരഞ്ഞെടുപ്പ് 1952 ഫെബ്രുവരിയിലായിരുന്നു തീരുമാനിച്ചിരുന്നതെങ്കിലും അതിശൈത്യം കണക്കിലെടുത്ത് ഹിമാചലിലെ ഗോത്രവർഗ മേഖലകളിൽ അഞ്ചു മാസം മുമ്പേ (1951 ഒക്ടോബർ 23 ന്) വോട്ടെടുപ്പ് നടത്തുകയായിരുന്നു. തെരഞ്ഞെടുപ്പ് ചുമതലയുണ്ടായിരുന്ന നേഗി രാവിലെ ഏഴ് മണിക്കു തന്നെ കൽപ പ്രൈമറി സ്കൂളിലെ ബൂത്തിൽ രാജ്യത്തെ ആദ്യ വോട്ട് രേഖപ്പെടുത്തി.

ഈ വർഷം നടന്ന ഹിമാചൽ പ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പിൽ നവംബർ 2 ന് നേഗി തപാൽ വോട്ട് രേഖപ്പെടുത്തിയിരുന്നു. എൺപതു വയസ്സ് കഴിഞ്ഞവർക്കു വീട്ടിലിരുന്നുകൊണ്ട് തന്നെ തപാൽ വോട്ടു ചെയ്യാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ സൗകര്യം പ്രയോജനപ്പെടുത്തിയായിരുന്നു അദ്ദേഹം വോട്ട് രേഖപ്പെടുത്തിയത്.

പ്രതിപക്ഷ നേതാവിന്റെ പേജ്

ഈ ത്യാഗസമരം അതിജീവനത്തിനായി

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച പ്ലാന്റേഷൻ കോർപ്പറേഷന് വനം വകുപ്പ് വിട്ടു നൽകിയ 4696 ഹെക്ടർ സ്ഥലത്ത് 1963-64 കാലത്ത് കശുമാവ് തോട്ടം നിർമ്മിച്ചു. വിളവ് നശിപ്പിക്കുന്ന കീടങ്ങളെ തുരത്തുന്നതിന് പലതരം കീടനാശിനികൾ ഉപയോഗിച്ചു തുടങ്ങി. അതിന്റെ ഭാഗമായി 1976 ൽ പാന്ത്രേ വില്ലേജിലെ കശുമാവിൻ തോട്ടത്തിലാണ് പരീക്ഷണാടിസ്ഥാനത്തിൽ എൻഡോസൾഫാൻ പ്രയോഗിക്കാൻ തുടങ്ങിയത്. മറ്റു കീടനാശിനികളേക്കാൾ വീര്യം കൂടിയ എൻഡോസൾഫാൻ ആകാശമാർഗ്ഗേണ തളിച്ചതിനാൽ പ്രദേശമാകെ ഈ മാരകവിഷം വ്യാപിക്കുന്നതിനിടയാക്കി. കുടിവെള്ളമടക്കം വിഷലിപ്തമായതിനാൽ സർവ്വജീവജാലങ്ങളെയും ഇത് ഗുരുതരമായി ബാധിച്ചു.

1979 മുതൽ ആരോഗ്യപ്രശ്നങ്ങൾ കണ്ടു തുടങ്ങിയെങ്കിലും 1999 മുതലാണ് ഇത് വളരെ പ്രകടമായിത്തുടങ്ങിയത്. രോഗാതുരരായി ആശുപത്രിയിലെത്തുന്ന വ്യക്തികളെ കൃത്യമായി നിരീക്ഷിച്ചതിലൂടെ ഇത് എൻഡോസൾഫാൻ പ്രയോഗം മൂലമാണെന്ന് വ്യക്തമായി. 2001 ലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റ് നടത്തിയ പഠനം ഇത് സ്ഥിരീകരിച്ചു. കന്നുകാലികളടക്കമുള്ള ജീവികളിലെ ജനിതകവൈകല്യം സംബന്ധിച്ച് പഠനം നടത്തിയ മൃഗസംരക്ഷണ വകുപ്പിന്റെ കണ്ടെത്തലും എൻഡോസൾഫാൻ മൂലമുണ്ടാകുന്ന ദുരിതങ്ങളെ സാധൂകരിക്കുകയായിരുന്നു. തുടർന്ന് എൻഡോസൾഫാൻ തളിക്കുന്നതുമൂലമുള്ള മാരകവിപത്തുകൾ മനസ്സിലാക്കിയ ജനങ്ങൾ എൻഡോസൾഫാൻ സ്പ്രേ പ്രൊട്ടസ്റ്റ് ആക്ഷൻ കമ്മിറ്റി (ESPAC) രൂപീകരിച്ചു. ഈ സംഘടനയുടെ പ്രതിഷേധപ്രവർത്തനങ്ങൾ എൻഡോസൾഫാൻ പ്രയോഗംമൂലം ജനങ്ങൾ നേരിടുന്ന ദുരിതങ്ങൾ ലോകത്തെ അറിയിച്ചു. നീതിയുക്തമായ പരിഹാരം തേടി ദുരിതബാധിതർ വിവിധ കോടതികളെ സമീപിക്കുകയും അത് ആദ്യം ദുരന്തമുണ്ടാക്കിയ പെരിയ വില്ലേജിൽ എൻഡോസൾഫാൻ പ്രയോഗിക്കുന്നത് നിരോധിക്കുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്തു. തീരുമാനത്തിനെതിരെ പ്ലാന്റേഷൻ കോർപ്പറേഷൻ കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയെങ്കിലും 2001 ൽ ജില്ലയിലെ എൻഡോസൾഫാൻ കീടനാശിനി പ്രയോഗം പൂർണ്ണമായും നിരോധിക്കപ്പെട്ടു. തുടർന്ന് 2002 ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം കേരളത്തിലാകമാനം എൻഡോസൾഫാൻ പ്രയോഗിക്കുന്നത് നിരോധിച്ചു.

നിത്യേന എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷമതകൾ വിവരണാതീതമായ രീതിയിൽ വർദ്ധിച്ചുവന്നു. ഗുരുതരമായ വിവിധ ആരോഗ്യപ്രശ്നങ്ങൾ, അജ്ഞാതരോഗങ്ങൾ, ജനിതകവൈകല്യങ്ങൾ, ചികിത്സാചെലവുകൾ എന്നിവ പ്രദേശവാസികളുടെ ജീവതാളത്തെ തകർത്തു. കൃത്യമായ ചികിത്സ നൽകുന്നതിനും മതിയായ നഷ്ടപരിഹാരം ദുരിതബാധിതർക്ക് ലഭ്യമാക്കുന്നതിനും കഴിയാത്ത സാഹചര്യമുണ്ടായി. ഇവിടെ ഹൈക്കോടതിയും സുപ്രീംകോടതിയുമെല്ലാം ദുരിതബാധിതർക്ക് കൈത്താങ്ങായി. നിയമപരമായി നിരവധി ഇടപെടലുകൾ നടത്തിയെങ്കിലും അതെല്ലാം പ്രാവർത്തികമാക്കുന്നതിൽ ഭരണസംവിധാനം വിജയിച്ചില്ല. കാസർഗോഡ് എൻഡോസൾഫാൻ ദുരിതത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും അംഗഭംഗം വന്നവർക്ക് 3 ലക്ഷം രൂപയും ആജീവനാന്ത സൗജന്യചികിത്സയും നൽകണമെന്ന് 2017 ൽ സുപ്രീംകോടതി ഉത്തരവിട്ടു. സർക്കാർ ക്രമപ്പെടുത്തിയ മാനദണ്ഡമനുസരിച്ചുള്ള പരിശോധനയിൽ സുപ്രീംകോടതി ഉത്തരവ് പ്രകാരമുള്ള 6727 ദുരിതബാധിതരുടെ പട്ടിക 3010 പേരുടെ പട്ടികയാക്കി ചുരുക്കി. 3717 പേർ പട്ടികയിൽ നിന്നും പുറത്തായി. ആയത് എൻഡോസൾഫാൻ ഇരകളുടെ ദുരിതമിരട്ടിപ്പിച്ചു.

ന്യൂറോ സംബന്ധമായ ജനിതകവൈകല്യമാണ് ഏറ്റവും കൂടുതലുള്ളത്. രോഗ ചികിത്സയ്ക്ക് കാസർഗോഡ് മെഡിക്കൽ കോളേജിൽ മതിയായ വൈദ്യസംവിധാനം ഇല്ലാത്തതിനാൽ ന്യൂറോ സംബന്ധമായ ചികിത്സയ്ക്കായി കർണ്ണാടകയിലെ മംഗലാപുരത്തെ ആശുപത്രികളോ കണ്ണൂർ മെഡിക്കൽ കോളേജോ ആണ് ഇവിടുത്തുകാർക്കാശ്രയം. ശ്വാസകോശം ചുരുങ്ങുക, ശരീരവളർച്ച അനിയന്ത്രിതമാകുക എന്നീ രോഗാവസ്ഥയും വ്യാപകമാണ്. 2 ദശകങ്ങൾക്ക് മുമ്പ് എൻഡോസൾഫാൻ കീടനാശിനി പ്രയോഗം നിർത്തിയെങ്കിലും ദുരിതബാധിതരുടെ പ്രശ്നങ്ങൾ ഇപ്പോഴും സജീവമായി തുടരുകയാണ്.

ദുരിതബാധിതർക്കായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളും, പ്രത്യേക പാക്കേജുകളുമൊന്നും അവരുടെ ദുരിതത്തിന് അയവു വരുത്താൻ ഉതകുന്നതല്ല. ഭവനനിർമ്മാണ പദ്ധതികൾ ഇഴയുകയാണ്. കഴിഞ്ഞ 6 മാസങ്ങളിലെ പെൻഷൻ വിതരണം പൂർത്തീകരിച്ചിട്ടില്ല. മെഡിക്കൽ കോളേജ് അടക്കമുള്ള ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും, ദുരിതബാധിതർക്കായി വകയിരുത്തിയ നഷ്ടപരിഹാര തുകയായ 200 കോടി രൂപ വിതരണം ചെയ്യാത്തതും ഒടുവിൽ പുതുക്കിയ 1905 പേർ അടങ്ങിയ ഇരകളുടെ പട്ടിക 287 ആയി വെട്ടിച്ചുരുക്കിയതും, വാർഷിക മെഡിക്കൽ ക്യാമ്പുകൾ നടത്താത്തതും അവരെ കൂടുതൽ ദുരിതത്തിലാക്കുന്നു. ദുരിതബാധിതരായ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള റീ-ഹാബിലിറ്റേഷൻ വില്ലേജ്, അവർക്ക് ബി.പി.എൽ. കാർഡ് വിതരണം ചെയ്യുക എന്നിങ്ങനെയുള്ള നിരവധി കാര്യങ്ങൾ നടപ്പിലാക്കാൻ ബാക്കി നില്ക്കുകയാണ്.

ഇത്തരുണത്തിലാണ് 82 വയസ്സു കഴിഞ്ഞ സാമൂഹ്യപ്രവർത്തക ദയാബായിയുടെ നേതൃത്വത്തിൽ ദുരിതബാധിതരും കുടുംബാംഗങ്ങളും സാമൂഹ്യസേവനരംഗത്തുള്ളവരും സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരസത്യാഗ്രഹം ആരംഭിച്ചത്. ആരോഗ്യത്തോടെ ജീവിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ലഭ്യമാക്കേണ്ടത് ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. എന്നാൽ, ആരോഗ്യ സംരക്ഷണത്തിന് മാർഗ്ഗമില്ല. ആത്മഹത്യയ്ക്കും രോഗങ്ങൾക്കുമിടയിലൂടെ അവഗണന പേറി കഴിഞ്ഞു പോകുന്നവർ. ആദ്യമൊക്കെ സമരത്തിനെതിരെ മുഖംതിരിച്ച സർക്കാർ, കേരള മനസാക്ഷിയുടെ പൂർണ്ണ പിന്തുണ നേടിയ ദയാബായിയെന്ന സമരനായികയുടെ ഇടപെടലുകൾക്ക് മുമ്പിൽ വഴങ്ങിയാണ് 18 ദിവസങ്ങൾ നീണ്ട ഈ പ്രക്ഷോഭത്തിന് അന്ത്യംകുറിച്ചത്. നിരവധി അന്തർനാടകങ്ങളും സംഘർഷങ്ങളുമെല്ലാം ഉണ്ടായ ഈ പ്രക്ഷോഭപരിപാടികൾക്ക് പൂർണ്ണമായ പിന്തുണ നൽകാനും അവരോടൊപ്പം ചേർന്ന് നില്ക്കാനും പ്രതിപക്ഷത്തിന് സാധിച്ചത് ചാരിതാർത്ഥ്യജനകമാണ്. സമരം അടിയന്തിരമായി അവസാനിപ്പിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുമായും ആരോഗ്യമന്ത്രിയുമായും പലവട്ടം സംസാരിച്ചിരുന്നു.

നിസ്സഹായരായ എൻഡോസൾഫാൻ ദുരിതബാധിതർ പതിറ്റാണ്ടുകളായി നേരിടുന്ന ദുരിതങ്ങൾക്കറുതി വരുത്തേണ്ടത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. സമരസമിതിയുമായി എത്തിച്ചേർന്ന കരാറിൽ സർക്കാർ ഉറപ്പു പറയുന്ന പ്രധാന ആവശ്യങ്ങളായ റീഹാബിലിറ്റേഷൻ വില്ലേജ്, ബി.പി.എൽ. കാർഡ് വിതരണം, കൃത്യമായ ഇടവേളകളിൽ പെൻഷൻ വിതരണം, ദുരിതബാധിതർക്കുവേണ്ടി പ്രഖ്യാപിച്ച നഷ്ടപരിഹാര വിതരണം, സ്ഥിരമായ മെഡിക്കൽ ക്യാമ്പ് നടത്തി രോഗാവസ്ഥയുടെ അവലോകനം നടത്തുകയും പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്യുക തുടങ്ങി എല്ലാ കാര്യങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു പൂർണ്ണമായ പിന്തുണയാണ് പ്രതിപക്ഷം നൽകുന്നത്. ദയാബായിയുടെ നേതൃത്വത്തിൽ നടത്തിയ ഈ സമരത്തിന്റെ വിജയം അവരുടെ അടങ്ങാത്ത പോരാട്ട വീര്യത്തിന്റേയും സഹജീവിസ്നേഹത്തിന്റേയും ഉത്തമ നിദർശനമാണ്. ഗാന്ധിയൻ സഹന സമരരീതിയിലൂടെ പ്രശ്നപരിഹാരം ഉണ്ടാക്കാൻ സാധിച്ചത് ജനമനസ്സുകളിൽ നിറഞ്ഞു നില്ക്കുക തന്നെ ചെയ്യും.

സ്പീക്കർ പാനലിൽ മൂന്ന് വനിതകൾ

പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളന കാലയളവിൽ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും അഭാവത്തിൽ സഭയുടെ ആധ്യക്ഷം വഹിക്കുന്നതിനായി യു.പ്രതിഭ, സി.കെ.ആശ, കെ.കെ.രമ എന്നീ വനിതാ അംഗങ്ങളുടെ പാനൽ സ്പീക്കർ എ.എൻ.ഷംസീർ നാമനിർദ്ദേശം ചെയ്തു. സ്പീക്കർ പാനലിൽ മുഴുവൻ വനിതകൾ വരുന്നത് ആദ്യമായാണ്.കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം സഭയുടെ ഓരോ സമ്മേളനവും ആരംഭിക്കുമ്പോൾ സഭാംഗങ്ങളിൽ നിന്നും മൂന്നിൽ കവിയാത്ത അംഗങ്ങളുടെ ഒരു പാനലിനെ സ്പീക്കർ നിർദ്ദേശിക്കേണ്ടതും അവരിൽ ആരെങ്കിലും ഒരാൾ സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും അഭാവത്തിൽ സഭയുടെ ആധ്യക്ഷം വഹിക്കേണ്ടതുമാണ്.

സി. കെ. ആശ

കെ. കെ. രമ

യു. പ്രതിഭ

സ്പീക്കറുടെ പൊതുപരിപാടികൾ

ശാസ്ത്രാവബോധം വളർത്താൻ ടിങ്കറിംഗ് ലാബുകൾ

സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കല പാളയംകുന്ന് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മിച്ച ടിങ്കറിംഗ് ലാബിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. വിദ്യാർത്ഥികൾക്കിടയിൽ ശാസ്ത്ര അവബോധം വളർത്തുന്നതിനും പുതിയ ആശയങ്ങൾ പരീക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായാണ് ടിങ്കറിംഗ് ലാബുകൾ സ്ഥാപിക്കുന്നത്. ക്ലാസ് മുറികളിൽ വിദ്യാർത്ഥികൾ നേടിയ അറിവ് പ്രായോഗികമായി പരീക്ഷിക്കാനുള്ള ഇടം കൂടിയാണ് ഇത്.

ശാസ്ത്ര സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ അറിവു നേടാനും ആധുനിക ഉപകരണങ്ങളും സാങ്കേതിക വിദ്യയും പരിചയപ്പെടാനും വിദ്യാർത്ഥികൾക്ക് ഇതിലൂടെ അവസരം ലഭിക്കും. റോബോട്ടിക്സ്, റാപ്പിഡ് പ്രോട്ടോ ടൈപ്പിംഗ്, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ മേഖലകളിലെ നൂറുകണക്കിന് ഉപകരണങ്ങളും ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്. പത്തു ലക്ഷം രൂപയാണ് പദ്ധതിച്ചെലവ്. ആറുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികളിൽ നിന്നും തെരഞ്ഞെടുത്ത നാൽപ്പത് പേർക്കാണ് ടിങ്കറിംഗ് ലാബിൽ ആദ്യ ഘട്ടത്തിൽ പരിശീലനം നൽകുന്നത്. പ്രദേശത്തെ മറ്റ് സ്കൂളുകളെക്കൂടി ഉൾപ്പെടുത്തി പരിശീലനം വിപുലീകരിക്കാനും ആലോചനയുണ്ട്.

എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പുരസ്കാരവും ചടങ്ങിൽ വിതരണം ചെയ്തു. ചടങ്ങിൽ വി. ജോയ് എം.എൽ.എ. അധ്യക്ഷത വഹിച്ചു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ്

ലോകചരിത്രത്തിൽ ഫുട്ബോളിനോളം സ്വാധീനം ചെലുത്തിയ മറ്റൊരു കളിയുമുണ്ടാകില്ലെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് പത്തനംതിട്ട ജില്ലാ യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ് അടൂർ മണക്കാല തപോവൻ സ്കൂൾ ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാൽക്കീഴിലുരുളുന്ന പന്ത് പലപ്പോഴും ലോകജനതയുടെ നെഞ്ചിടിപ്പാകാറുണ്ടെന്ന് പറഞ്ഞ ഡെപ്യൂട്ടി സ്പീക്കർ ചെറുപ്പകാലത്ത് സ്കൂൾ വിട്ട് വന്ന ശേഷമുള്ള വൈകുന്നേരങ്ങളിലെ ഫുട്ബോൾ ആവേശങ്ങളും ഓർത്തെടുത്തു. ഗോൾ വലയിലേക്ക് പന്ത് കിക്ക് ചെയ്താണ് ചിറ്റയം ഗോപകുമാർ പരിപാടി ഉദ്ഘാടനം ചെയ്തത്.

സഭാധ്യക്ഷന്റെ പേജ്

പേജ് 1-ൽ നിന്നും തുടർച്ച

തുടങ്ങുന്ന കുട്ടികൾ ക്രമേണ മദ്യപാനത്തിലേക്കും കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകളുടെ ഉപയോഗത്തിലേക്കും നീങ്ങും. ചെറുപ്രായത്തിൽത്തന്നെ ലഹരി ഉപയോഗം ആരംഭിക്കുന്ന കുട്ടികൾ ഭാവിയിൽ ലഹരിവസ്തുക്കൾക്ക് അടിപ്പെടാനുള്ള സാധ്യത കൂടുതലാണെന്നും പഠനങ്ങൾ വെളിപ്പെടുത്തുന്നു.

മനുഷ്യന്റെ തലച്ചോറിലുള്ള 'ഡോപമിൻ' (dopamine) എന്ന രാസവസ്തുവിന്റെ അളവ് ലഹരിവസ്തുക്കൾ ഉപയോഗിക്കുമ്പോൾ വർദ്ധിക്കുകയും അപ്പോൾ ചില ആഹ്ലാദാനുഭൂതികൾ ഉണ്ടാവുകയും ചെയ്യുമെന്നാണ് ആരോഗ്യവിദഗ്ധർ പറയുന്നത്. ഈ അനുഭൂതികൾ വീണ്ടും ലഭിക്കാനാണ് കുട്ടികൾ ലഹരിവസ്തുക്കളുടെ അടിമകളായി മാറുന്നത്. രാവിലെ മുതൽ വൈകിട്ടുവരെ ലഹരിവസ്തു ഉപയോഗിക്കാനുള്ള അമിതമായ ആസക്തി, ലഹരിവസ്തുവിന്റെ അളവും ഉപയോഗിക്കുന്ന സമയവും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ, ഉപയോഗിക്കുന്ന ലഹരിവസ്തുവിന്റെ അളവ് ക്രമേണ കൂടിക്കൂടി വരുന്ന പ്രവണത, പൊടുന്നനെ ലഹരിവസ്തു കിട്ടാതെ വന്നാൽ ഉറക്കക്കുറവും വെപ്രാളവും അമിത ദേഷ്യവും അടക്കമുള്ള പിൻവാങ്ങൽ ലക്ഷണങ്ങൾ, മറ്റൊരു കാര്യത്തിലും സന്തോഷം കണ്ടെത്താൻ കഴിയാത്ത സ്ഥിതിവിശേഷം, ലഹരി ഉപയോഗം അപകടകരമാണെന്ന് അറിഞ്ഞിട്ടും അത് ഒഴിവാക്കാൻ കഴിയാത്ത നിസ്സഹായാവസ്ഥ എന്നിവയൊക്കെ ലഹരിക്ക് അടിപ്പെട്ടതിന്റെ ലക്ഷണങ്ങളാണ്. തലച്ചോറിലെ ഡോപമിന്റെ അളവ് വർധിച്ചാൽ ചിത്തഭ്രമമടക്കമുള്ള മാനസിക രോഗങ്ങൾ വരാനുള്ള സാധ്യതയുണ്ട്. ഈ അവസ്ഥയിൽ ലഹരി ഉപയോഗിക്കുന്ന വ്യക്തി അക്രമാസക്തമാകും. പല കുറ്റകൃത്യവും സംഭവിക്കുന്നത് ലഹരിവസ്തുക്കളുടെ ഉപയോഗം മൂലമാണെന്നത് തിരിച്ചറിയേണ്ടതുണ്ട്.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ മയക്കമരുന്ന് അബ്കാരി കേസുകളുടെ വർദ്ധന സംബന്ധിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ സ്റ്റേറ്റ് പൊലീസ് ക്രൈം റെക്കോർഡ്സ് ബ്യൂറോ എക്സൈസ് വകുപ്പിന് ലഭ്യമാക്കിയ കണക്കുകൾ വിശദീകരിക്കുന്നുണ്ട്. 2016 ജൂൺ മാസം മുതലുള്ള കണക്ക് പറയുന്നത് പ്രായപൂർത്തിയാകാത്തവർ ലഹരിമരുന്ന് വിൽപ്പനയ്ക്ക് പിടിയിലായ 215 കേസുകൾ ഉണ്ടെന്നാണ്. അതേ കാലയളവിൽ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ലഹരി വസ്തുക്കൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് 69 കേസുകൾ റിപ്പോർട്ട് ചെയ്തതായും വ്യക്തമാക്കുന്നു. ദേശീയ തലത്തിലുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വലുതല്ലായിരിക്കും. എന്നാൽ, പ്രബുദ്ധ കേരളത്തെ സംബന്ധിച്ച് ഇത് ഗൗരവമുള്ള കണക്കുതന്നെയാണ്. ഈ കുട്ടികൾക്ക് വേണ്ട കൗൺസിലിംഗും ചികിത്സയുമൊക്കെ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ശൃംഖലയെ വളർത്താൻ ശ്രമിക്കുന്നൊരു വിഭാഗം സമൂഹത്തിലുണ്ട്. അവരെ കണ്ടെത്തുകയും നിയമസംവിധാനങ്ങൾ വഴി ഇല്ലാതാക്കുകയും ചെയ്യേണ്ടതുണ്ട്.

ലഹരിവസ്തുക്കളുടെ ലഭ്യതയും വിപണനവും തടയാനുള്ള കർശനമായ നിയമ സംവിധാനങ്ങളോടൊപ്പം വ്യാപകമായ ബോധവൽക്കരണവും സംസ്ഥാനത്ത് അനിവാര്യമാണ്. ലഹരിവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളും മാനസികാരോഗ്യ പ്രശ്നങ്ങളും ക്ലാസ് മുറികളിലൂടെ കുട്ടികളെ പഠിപ്പിക്കാനുതകുന്ന വിധത്തിൽ കരിക്കുലം പരിഷ്കരിക്കുന്നത് നന്നായിരിക്കും. 'ജീവിത നിപുണത വിദ്യാഭ്യാസം' പോലെയുള്ള പരിശീലന പരിപാടികളിലൂടെയും ലഹരി വസ്തുക്കൾ ഉപയോഗിക്കാതിരിക്കാനുള്ള അവബോധം കുട്ടികൾക്ക് നൽകാനാവും. സമ്മർദങ്ങൾ അതിജീവിക്കാനുള്ള സ്വഭാവദൃഢത പരിശീലനം, മാനസികാരോഗ്യ പ്രശ്നങ്ങൾ ആരംഭത്തിൽത്തന്നെ തിരിച്ചറിഞ്ഞ് ചികിത്സ നേടാനുള്ള ബോധവൽക്കരണം തുടങ്ങിയവയും വിദ്യാർഥികൾക്ക് നൽകണം.

മാതാപിതാക്കൾ ലഹരി ഉപയോഗിക്കാതെ കുട്ടികളുടെ മുമ്പിൽ മാതൃകയായേ മതിയാവൂ. തങ്ങളുടെ കുഞ്ഞ് ലഹരി ഉപയോഗിച്ചെന്ന് അറിഞ്ഞാൽത്തന്നെ പൊടുന്നനെ കുറ്റപ്പെടുത്താതെ, സമാധാനപരമായി വിളിച്ച് സംസാരിക്കാനും അതിലേക്ക് നയിച്ച സാഹചര്യങ്ങൾ മനസ്സിലാക്കാനുമുള്ള ക്ഷമ രക്ഷിതാക്കൾ കാണിക്കണം. കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും വൈകാരിക പിന്തുണയിലൂടെ ലഹരിയുടെ വഴിയിലേക്ക് പോകുന്ന കുട്ടികളെ തടയാനാവും.

ലഹരിക്കെതിരായ മുന്നേറ്റത്തിൽ നമുക്കെല്ലാം കൈകൾകോർക്കാം. നല്ലശീലങ്ങളുടെ വക്താക്കളായി മാറുകയും കുട്ടികളെ അങ്ങനെയാക്കി മാറ്റുകയും ചെയ്യാം. ആരോഗ്യമുള്ള സമൂഹമാണ് നമുക്ക് വേണ്ടത്. വരും തലമുറയ്ക്ക് അത്തരമൊരു ലോകം നൽകുവാനുള്ള ബാധ്യത നാമോരോരുത്തർക്കുമുണ്ട്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



ജീവിതം ഒരു പെൻഡുലം
ശ്രീകുമാരൻ തമ്പി

മാതൃഭൂമി ബുക്ക്സ് :
കോഴിക്കോട്, 2022.

NWw212SRE 32 R2
(കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിയുടെ ആത്മകഥ.)



The weird women's club
Aruna Nambiar

Speaking Tiger books:
New Delhi, 2022

O111,3ARU R2
(This novel takes a step towards extending the promise of life and liberty to women.)

എനിക്കുവേണ്ട കേരളം
ജേക്കബ് തോമസ്

കറന്റ് ബുക്ക്സ് : തൃശ്ശൂർ, 2022

O32,6xJAC R1
(കേരളം ഉല്പാദന സമൂഹത്തിൽ നിന്നും കൺസ്യൂമർ സമൂഹമായി മാറുന്നതിന്റെ കാരണങ്ങളും പരിഹാരങ്ങളും പദ്ധതികളും മുന്നോട്ടു വയ്ക്കുന്ന പുസ്തകം.)



MODI @ 20 DREAMS MEET DELIVERY
Bluekraft Digital Foundation

Rupa publications:
New Delhi, 2022.

V2, 21y7NAR R2
(This book is a collection of essays which explores the fundamental transformation of Gujarat and India over the last twenty years due to Modi's model of governance.)



ജന്മാന്തരങ്ങൾക്കപ്പുറം
അബ്ദുൾ റസാഖ് ഗുർന
വിവർത്തനം .: സുരേഷ് എം.ജി.

ഗ്രീൻ ബുക്സ് : തൃശ്ശൂർ, 2022.
O111,3GUR 32 R2
(2021 ലെ നോബൽ സമ്മാന ജേതാവായ അബ്ദുൾ റസാഖ് ഗുർനയുടെ നോവൽ. അധികാര വർഗ്ഗങ്ങളുടെ ക്രൂരതകളും കച്ചവട തന്ത്രങ്ങളും അവർക്കെതിരെ പോരാടേണ്ടി വരുന്ന ആഫ്രിക്കൻ വംശജരായ കൂലിപ്പട്ടാളക്കാരുടെ ദയനീയതയും വരച്ചു കാട്ടുന്ന നോവൽ.)

തക്ബീർ മുഴക്കിയ മലയാളി ചെഗുവേര
കെ.ഇ.എൻ.

സൈകതം ബുക്സ്:
എറണാകുളം, 2021.

O32,6xKENR1
(സമൂഹം, രാഷ്ട്രീയം, ജീവിതം, സാഹിത്യം, കല എന്നിങ്ങനെ മനുഷ്യ ജീവിതത്തിന്റെ വിവിധ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ലേഖനങ്ങളുടെ സമാഹാരം.)

ശ്രീധന്യയുടെ വിജയയാത്രകൾ
(രണ്ടാം പതിപ്പ്)
ടി.വി. രവീന്ദ്രൻ

മാതൃഭൂമി ബുക്ക്സ് :
കോഴിക്കോട്, 2022.

V2,8y7SRE 32R2
(ആദിവാസി വിഭാഗങ്ങളിൽ നിന്നും ആദ്യമായി സിവിൽ സർവ്വീസ് നേടിയ ശ്രീധന്യയുടെ ജീവിതകഥ.)



TOMB of SAND
Geetanjali Shree
Tr. Dasiy Rockwell.

Penguin Random House India:
Haryana, 2022.

O152,3GEE 111 R2

(The first Hindi writer to win the International Booker Prize (2022). Geetanjali Shree depicts the winning story of a woman who travelled to Pakistan at the age of 80 to reclaim her true identity in this Hindi language novel.)



Inequaltiy, Poverty and Development in India
Focus on the North Eastern Region
Eds : Utpal Kumar De. and others,

Springer Nature: Singapore, 2021

X5:89ZB R1
(This book contains 24 essays divided into 3 parts which examines (i) Inequaltiy, growth and development, (ii) Poverty at state level which focus North-East and (iii) Agricultural and environmental perspectives. These essays are the result of empirical research with special focus on India's relationship with the world in terms of business and trade.)



ലീഡർക്കൊപ്പം മൂന്നരപ്പതിറ്റാണ്ട്
കെ.എസ്. പ്രേമചന്ദ്രകുറുപ്പ്,
ഐ .എ.എസ്. (റിട്ട.)

കറന്റ് ബുക്ക്സ് : തൃശ്ശൂർ, 2021.

V2,8y7PRE 32 R1
(മുഖ്യമന്ത്രി കെ. കരുണാകരന്റെ പേഴ്സണൽ സ്റ്റാഫായി സേവനം അനുഷ്ഠിച്ച ലേഖകന്റെ സർവ്വീസ് സ്റ്റോറി.)



സ്കാവഞ്ചർ
ജി.ആർ. ഇന്ദുഗോപൻ

മാതൃഭൂമി ബുക്ക്സ് :
കോഴിക്കോട്, 2022.

O32,3IND R2
(നോവൽ)



മഹാപ്രളയം
ബി. സന്ധ്യ

മാതൃഭൂമി ബുക്ക്സ് :

കോഴിക്കോട്, 2022.

Y:4355(Z212,193) 32 R2

(പ്രളയ കാലത്ത് കേരള പോലീസ് നടത്തിയ ഇടപെടലുകളെക്കുറിച്ച് ഡി.ജി.പി. കൂടിയായ ഗ്രന്ഥകാരി നടത്തിയ പഠനം.)

പേജ് 1-ൽ നിന്നും തുടർച്ച

നിയമസഭാ ലൈബ്രറിയിൽ പൊതുജനങ്ങൾക്കുള്ള അംഗത്വ വിതരണവും ഭരണഭാഷാ വാരാഘോഷവും

ള്ള പ്രാഥമിക വിവരങ്ങൾ ഏതൊരാൾക്കും എവിടെയിരുന്നും മനസ്സിലാക്കുന്നതിനായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ലൈബ്രറിയിൽ ഇപ്പോൾ ഉപയോഗിച്ചുവരുന്ന KOHA എന്ന ലൈബ്രറി മാനേജ്മെന്റ് ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയർ വഴിയാണ് ഈ വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തുന്നത്.

കൂടാതെ ഡിജിറ്റൽ ലൈബ്രറി സംവിധാനത്തിലൂടെ നിയമസഭാ ലൈബ്രറിയിൽ ലഭ്യമായ 1300 ഓളം ഡോക്യുമെന്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. Digital Repository യിൽ Acts & Proclamations, Regulations, Rules, Adminitsration Reports, Gazetteers, Gazettes, Hand Books, Manuals, Census Reports, Central Committee/Commission Reports തുടങ്ങി പതിനഞ്ചോളം വിഷയങ്ങളിലായാണ് രേഖകൾ തരംതിരിച്ചിരിക്കുന്നത്. 1881 ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ട്, 1113 മുതൽ 1115 വരെയുള്ള പഞ്ചാംഗം, 1908 ലെ Travancore Law Reports എന്നിവ ഡിജിറ്റൽ ലൈബ്രറിയിലെ പ്രധാന രേഖകളിൽ ചിലതാണ്. ഈ രേഖകളെ Title, Subject, Author എന്നീ നിലകളിൽ http://ndr.niyamasabha.org:8080/kladl/ എന്ന ലിങ്കിൽ സെർച്ച് ചെയ്യാവുന്നതാണ്.

ലൈബ്രറി ജനകീയവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് പൊതുജനങ്ങൾക്ക് കൂടി അംഗത്വം നൽകുന്നത്. ആദ്യഘട്ടത്തിൽ ബിരുദധാരികൾക്കാണ് പ്രവേശനം. കൂടാതെ ഗവേഷണ വിദ്യാർത്ഥികൾക്കും, ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കും കൂടുതൽ റഫറൻസ് സൗകര്യവും ഉറപ്പുവരുത്തിയിട്ടുണ്ട്.

നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി, ആശയങ്ങളുടെ ആഘോഷവും വൈജ്ഞാനിക ഉത്സവവുമായി മാറ്റാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനായി പ്രമുഖ പ്രസാധകരെ അണിനിരത്തിയിട്ടുള്ള അന്താരാഷ്ട്ര പുസ്തകോത്സവം 2023 ജനുവരി 9 മുതൽ 15 വരെ നിയമസഭാ സമുച്ചയത്തിൽ നടത്തും. ഇതോടനുബന്ധിച്ച് സാഹിത്യ ഉത്സവവും, സാംസ്കാരിക വൈജ്ഞാനിക പരിപാടികൾ, പുസ്തക സംവാദം, പുസ്തക പ്രകാശനം, കലാസാഹിത്യ മത്സരങ്ങൾ തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കും.

ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത നോവലിസ്റ്റ് ജി. ആർ ഇന്ദുഗോപൻ തന്റെ 'വിലായത്ത് ബുദ്ധ' എന്ന നോവൽ പരിചയപ്പെടുത്തി. ജനാധിപത്യ രീതിയിൽ എല്ലാ ലൈബ്രറികളും ജനങ്ങൾക്ക് ഒരു പോലെ ലഭ്യമാക്കേണ്ട കാലം അധികരിച്ചെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം നിയമസഭാ ലൈബ്രറി പൊതുജനങ്ങളിലേക്ക് എത്തിക്കുന്ന തീരുമാനത്തെ പ്രശംസിക്കുകയും ചെയ്തു.

ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ജി. ആർ. ഇന്ദുഗോപന്റെ "വിലായത്ത് ബുദ്ധ' എന്ന നോവലിന്റെ പുസ്തകാസ്വാദനം അത്യന്തം ഹൃദ്യമായ രീതിയിൽ അവതരിപ്പിച്ചു. നമ്മുടെ ഭാഷയെയും സംസ്കാരത്തെയും ഓർമിക്കേണ്ട ഒരു ദിവസമാണ് കേരളപ്പിറവിദിനമെന്നും നമ്മുടെ സ്വത്വബോധങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നമുക്ക് ശ്രമിക്കാമെന്നും 'വിലായത്ത് ബുദ്ധ'യിലെ ചന്ദനമരം പോലെ ഒറ്റപ്പെട്ടു നിൽക്കുന്ന വ്യത്യസ്തമായ ഒരു ചന്ദനമരമായി മലയാളികൾക്ക് എന്നും നോവലിസ്റ്റിനെ കാണാൻ കഴിയട്ടെ എന്നും ആ സുഗന്ധം മലയാളഭാഷയ്ക്ക് ലഭിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

പൊതുജനങ്ങൾക്കുള്ള നിയമസഭാ ലൈബ്രറി മെമ്പർഷിപ്പ് വിതരണം തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയും മുൻ നിയമസഭാ സ്പീക്കറുമായ എം. ബി. രാജേഷ് നിർവ്വഹിച്ചു. ലൈബ്രറി ശേഖരം പൊതുജനങ്ങൾക്ക് KOHA OPAC വഴിയും ഡിജിറ്റൈസ് ചെയ്ത പുരാതനവും അമൂല്യവുമായ ആയിരത്തി മുന്നൂറോളം രേഖകൾ ഇന്റർനെറ്റിലും ലഭ്യമാക്കുന്നതിന്റെ ഉദ്ഘാടനവും ലൈബ്രറി വിഭാഗം പ്രസിദ്ധീകരിക്കുന്ന 'സാമാജികൻ' പത്താം ലക്കത്തിന്റെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. അറിവ് എല്ലാവർക്കും അവകാശപ്പെട്ടതാണെന്നും നിയമസഭയിലെ ലൈബ്രറി എല്ലാവർക്കും ഉപയോഗിക്കാൻ അവസരം കിട്ടുന്നത് അറിവിന്റെ ജനാധിപത്യവത്കരണത്തിന്റെ ഭാഗമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിന്റെ അറിവിന്റെ ശ്രോതസ്സായ നിയമസഭാ ലൈബ്രറി പുസ്തകങ്ങളുടെ എണ്ണത്തിൽ മാത്രമല്ല വളരെ അമൂല്യങ്ങളായ ചരിത്ര പ്രാധാന്യമുള്ള ചരിത്ര രേഖകളുടെയും ഗ്രന്ഥങ്ങളുടെയും ശേഖരവുമാണെന്ന് അദ്ദേഹം എടുത്തു പറയുകയും ലൈബ്രറി വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പരമാവധി ഉപയോഗപ്പെടട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

മുഖ്യാതിഥി ജി. ആർ. ഇന്ദുഗോപന് നിയമസഭാ സ്പീക്കർ നിയമസഭയുടെ ഉപഹാരം നൽകി. 2021 ലെ ഭരണഭാഷാ സേവനസാഹിത്യ പുരസ്കാരം നിയമസഭാ സ്പീക്കറും 2022 ലെ വായനാക്കുറിപ്പ് മത്സര വിജയികൾക്കുള്ള സമ്മാനം ലൈബ്രറി ഉപദേശക സമിതി അംഗം കെ. ആൻസലൻ, എം.എൽ.എ. യും വിതരണം ചെയ്തു. ചടങ്ങിൽ നിയമസഭാ സെക്രട്ടറി എ. എം. ബഷീർ ആശംസകൾ നേരുകയും ചീഫ് ലൈബ്രേറിയൻ എ.എസ്. ലൈല നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

ഭരണഭാഷാ വാരാഘോഷത്തിന്റെ രണ്ടാം ദിവസമായ 2022 നവംബർ 3 ന് 'മലയാള ഭാഷ ചില സാംസ്കാരിക വിചാരങ്ങൾ' എന്ന വിഷയത്തിൽ കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. മ്യൂസ് മേരി ജോർജ്ജ് പ്രഭാഷണം നടത്തി. മലയാള ഭാഷ തുഞ്ചത്തെഴുത്തച്ഛന് മുൻപ് തന്നെ പൂർണത കൈവരിച്ചതായും സാഹിത്യ ഭംഗി കൊണ്ടും ഭാഷാ ശൈലികൊണ്ടും സമകാലിക ഭാഷകളുടെ ഇടയിൽ ശിരസ്സുയർത്തി നിൽക്കുവാൻ കെൽപ്പുള്ളതായിരുന്നുവെന്നും പ്രഭാഷക അഭിപ്രായപ്പെട്ടു. അഡീഷണൽ സെക്രട്ടറി കെ. സുരേഷ്കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നിയമസഭാ സെക്രട്ടറി എ. എം. ബഷീർ സ്വാഗതം ആശംസിക്കുകയും പ്രഭാഷകയ്ക്ക് നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഉപഹാരം നൽകുകയും ചെയ്തു.

ഭരണഭാഷാ വാരാഘോഷത്തിന്റെ മൂന്നാം ദിവസമായ നവംബർ 4ന് ജീവനക്കാർക്കായി സാഹിത്യ രചനാ മത്സരങ്ങളും നാലാം ദിവസമായ നവംബർ 5 ന് മലയാളഭാഷാ പ്രശ്നോത്തരിയും സംഘടിപ്പിച്ചു. 'മലയാള ഭാഷയും വികാസവും', 'നിരൂപണസാഹിത്യം മലയാളത്തിൽ' എന്നീ വിഷയങ്ങളെ ആസ്പദമാക്കി നിയമസഭാ ലൈബ്രറി റഫറൻസ് ഹാളിൽ നവംബർ 1 മുതൽ 7 വരെ പുസ്തക പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

K-LAMPS
KERALA LEGISLATIVE ASSEMBLY
MEDIA & PARLIAMENTARY STUDY CENTRE

കേരള നിയമസഭയുടെയും യൂണിസെഫിന്റെയും സംയുക്താഭിമുഖ്യത്തിൽ കാലാവസ്ഥാവേദിയുടെ പ്രഥമ സമ്മേളനം

കാലാവസ്ഥാവ്യതിയാനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും ബോധവൽക്കരണത്തിനുമായി സംസ്ഥാനതലത്തിൽ ഒരു വേദി എന്ന നിലയിൽ കെ-ലാംപ്സ് (പി.എസ്.) വിഭാഗത്തിന്റെയും യൂണിസെഫിന്റെയും സംയുക്താഭിമുഖ്യത്തിൽ രൂപീകൃതമായ കാലാവസ്ഥാവേദിയുടെ (Climate Platform) പ്രഥമ സമ്മേളനത്തിന്റെ ഉദ്ഘാടനം 2022 നവംബർ 16 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി ' കോൺഫറൻസ് ഹാളിൽ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവ്വഹിച്ചു. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരത്തിൽ ഒരു പരിപാടി കേരള നിയമസഭ യൂണിസെഫുമായി സഹകരിച്ച് നടപ്പാക്കുന്നതെന്നും കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പലവിധ ദുരന്തങ്ങളും നമ്മൾ ഇന്ന് നേരിട്ടു കൊണ്ടിരിക്കുകയാണെന്നും കേരള നിയമസഭയെ 'ഗ്രീൻ അസംബ്ലി' യായി മാറ്റാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞുവെന്നും സ്പീക്കർ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും മികച്ച രീതിയിലുള്ള പങ്കാളിത്തം ആവശ്യമാണെന്നും പുതുതലമുറയ്ക്കായി നമ്മുടെ പ്രകൃതിയെ കാത്തുസൂക്ഷിക്കുവാൻ എല്ലാവരും പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്പീക്കർ അധ്യക്ഷനും നിയമസഭാ പരിസ്ഥിതി കമ്മിറ്റി ചെയർമാൻ ഉപാധ്യക്ഷനും നിയമസഭാ സെക്രട്ടറി കൺവീനറുമായ കാലാവസ്ഥാ വേദിയിൽ പരിസ്ഥിതി കമ്മിറ്റി അംഗങ്ങളായ രണ്ട് എം.എൽ.എ.മാർ ഉൾപ്പെടെ നാൽപത്തി മൂന്ന് അംഗങ്ങളാണ് ഉള്ളത്.

നിയമസഭാ സെക്രട്ടറി എ. എം. ബഷീർ സ്വാഗതം ആശംസിച്ച ചടങ്ങിൽ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ചെയർമാൻ ഇ.കെ. വിജയൻ എം.എൽ.എ, കാലാവസ്ഥാവേദിയിൽ അംഗങ്ങളായ പി. കെ. ബഷീർ എം.എൽ.എ, ടി.ഐ. മധുസൂദനൻ എം.എൽ.എ എന്നിവർ ആശംസ അർപ്പിച്ചു. യൂണിസെഫ് ചെന്നൈ സോഷ്യൽ പോളിസി ചീഫ് കെ.എൽ. റാവു കാലാവസ്ഥാവേദി രൂപീകരണത്തിന്റെ പശ്ചാത്തലം, ഉദ്ദേശ്യം എന്നിവയെ സംബന്ധിച്ച് വിഷയാവതരണം നടത്തി. വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, വിവിധ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥി/യുവജന പ്രതിനിധികൾ എന്നിവർ ആശയങ്ങൾ പങ്കുവച്ചു. കെ-ലാംപ്സ് (പി.എസ്.) ഡയറക്ടർ ജി.പി. ഉണ്ണികൃഷ്ണൻ ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.

ഈ പ്രകൃതി നമുക്കുമാത്രമല്ല വരും തലമുറകൾക്കും കൂടിയുള്ളതാണ് എന്ന തിരിച്ചറിവോടെ എല്ലാവരും പ്രവർത്തിക്കേണ്ടതാണെന്നും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ ഓരോ പ്രദേശത്തും ഓരോ വിധത്തിലാണ് ഇപ്പോൾ അനുഭവപ്പെടുന്നതെന്നും ഭാവിയെ സംരക്ഷിക്കുക, നമ്മുടെ നാടിനെ സംരക്ഷിക്കുക എന്ന കാഴ്ചപ്പാടോടെ പ്രകൃതിയെയും അതിന്റെ ഭാഗമായി നമ്മുടെ സമൂഹത്തെയും സംരക്ഷിക്കുന്ന ഒരു നിലയിലേയ്ക്ക് ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോകുവാൻ സാധിക്കട്ടെയെന്നും ഇ.കെ.വിജയൻ എം.എൽ.എ. ആശംസിച്ചു.

കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ദുരന്തങ്ങൾ എന്തുകൊണ്ട് സംഭവിക്കുന്നുവെന്നതിനെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ടെന്നും ഈ പരിപാടിയിലൂടെ അതിന് സാധിക്കട്ടെയെന്നും പി.കെ.ബഷീർ എം.എൽ.എ. യും കാലാവസ്ഥാവ്യതിയാനവും പാരിസ്ഥിതിക പ്രശ്നങ്ങളും സംബന്ധിച്ച് പൊതുസമൂഹത്തെ ബോധവത്കരിക്കുവാൻ ഇത്തരത്തിലൊരു പ്ലാറ്റ്ഫോം ഇന്ത്യയിൽ തന്നെ ആദ്യമായി കേരളനിയമസഭയുടെ നേതൃത്വത്തിൽ രൂപീകരിച്ചത് അഭിമാനകരമായ ഒരു നേട്ടമാണെന്ന് ടി.ഐ. മധുസൂദനൻ എം.എൽ.എ. യും ആശംസാ പ്രസംഗത്തിൽ പറഞ്ഞു.

. കേരള നിയമസഭയും യൂണിസെഫ് പ്രതിനിധികളുമായി ചേർന്ന് വിദ്യാർത്ഥി യുവജന പ്രതിനിധികൾക്കായി, കാലാവസ്ഥാവിഷയങ്ങളുമായി ബന്ധപ്പെട്ട് ചർച്ച നടത്തുന്നതിനായി ഒരു സ്ഥിരം വേദി രൂപീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ യോഗം ചേരുന്നതെന്നും കാർബൺ എമിഷൻ, താപനില വർദ്ധനവ്, സമുദ്രതാപനില വർദ്ധനവ്, സമുദ്രനിരപ്പിനുണ്ടാകുന്ന വ്യതിയാനം, ഐസ് ഉരുകൽ, ഗ്രീൻഹൗസ് എമിഷൻ തുടങ്ങിയ ഗൗരവകരമായ വിഷയങ്ങളാണ് ചർച്ച ചെയ്യുന്നതെന്നും നിയമസഭാ സെക്രട്ടറി സ്വാഗത പ്രസംഗത്തിൽ അറിയിച്ചു.

തുടർന്ന് യൂണിസെഫിന്റെ ആഭിമുഖ്യത്തിൽ നാല് സെഷനുകളിലായി കാലാവസ്ഥാധിഷ്ഠിത വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുകയും കേരളത്തിൽ നിന്നും എവറസ്റ്റ് കീഴടക്കിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായ ഷെയ്ക്ക് ഹസ്സൻ ഖാൻ തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

ഭരണഘടനാ ദിനം ആചരിച്ച് നിയമസഭാ സെക്രട്ടേറിയറ്റ്

ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി കേരള നിയമസഭ സംഘടിപ്പിച്ചു വരുന്ന ഭരണഘടനാ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡീസ് സെന്റർ (പി.എസ്) ന്റെ ആഭിമുഖ്യ ത്തിൽ 2022 നവംബർ 26 ാം തീയതി നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ 'ഭരണഘടനാ മൂല്യങ്ങളുടെ പ്രാധാന്യവും പ്രസക്തിയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയുടെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവ്വഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ച പരിപാടിയിൽ അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ് മുഖ്യാതിഥിയായി പങ്കെടുക്കുകയും മുൻ നിയമസഭാ സെക്രട്ടറിയും NUALS ന്റെ മുൻ വൈസ് ചാൻസലറുമായ ഡോ. എൻ.കെ. ജയകുമാർ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. പരിപാടിയിൽ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. ബി. നജീബ് ആശംസ നേർന്നു. ചടങ്ങിൽ സ്വാഗതം ആശംസിച്ച നിയമസഭാ സെക്രട്ടറി എ.എം. ബഷീർ ചലനാത്മകവും മഹത്തരവുമായ വലിയ ഭരണഘടനയാണ് ഭാരതത്തിന്റേതെന്നും സെക്കുലർ എന്ന വാക്ക് വളരെ പ്രധാനപ്പെട്ടതാണെന്നും അഭിപ്രായപ്പെട്ടു. നവംബർ 26 ഭരണഘടനാ ദിനവും സ്ത്രീധന നിരോധന ദിനവുമായി ആചരിക്കുന്നതിനാൽ ഭരണഘടനയുടെ ആമുഖവും സ്ത്രീധന നിരോധന പ്രതിജ്ഞയും പരിപാടിയിൽ പങ്കെടുത്തവർക്ക് അദ്ദേഹം ചൊല്ലിക്കൊടുത്തു.

ഉദ്ഘാടന പ്രസംഗത്തിൽ ഭരണഘടനയുടെ അന്തസത്തയെ തകർക്കാനും ഉള്ളടക്കത്തെ ഇല്ലായ്മ ചെയ്യാനുമുള്ള ശ്രമം വലിയ രീതിയിൽ നടക്കുന്നുണ്ടെന്നു സൂചിപ്പിച്ച സ്പീക്കർ മൗലികാവകാശത്തെ പറ്റി കേശവാനന്ദ ഭാരതി കേസ് പരാമർശിച്ചുകൊണ്ട് സംസാരിക്കുകയും ചെയ്തു. ഓരോ പൗരന്റേയും കടമയാണ് ഭരണഘടന സംരക്ഷിക്കേണ്ടതെന്നും ഓരോ പൗരനും ഭരണഘടനയെക്കുറിച്ച് നിർബന്ധമായും അറിഞ്ഞിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭരണഘടനാസാക്ഷരത എല്ലാവരും നേടേണ്ടതാണെന്നും മതഗ്രന്ഥങ്ങൾക്കു സമമായി ഭരണഘടനാ പുസ്തകവും എല്ലാ വീടുകളിലും സൂക്ഷിക്കുന്നത് ഉചിതമായിരിക്കുമെന്നും ഇന്ത്യൻ ഭരണഘടന ഏഴ് പതിറ്റാണ്ടുകൾക്കിപ്പുറവും ചർച്ച ചെയ്യപ്പെടുന്നത് അതിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നുവെന്നും ലിംഗം, മതം, ഭാഷ എന്നിവയുടെ പേരിൽ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്നുവെന്നത് ഏറെ ഗൗരവമായി കാണേണ്ട ഒരു കാലത്താണ് നമ്മൾ നിൽക്കുന്നതെന്നും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

ദേശീയ സമരത്തിൽ പങ്കെടുത്ത ജനതയുടെ ആശയങ്ങളുടെ ആവിഷ്കാരമാണ് ഭരണഘടന എന്നും മതേതരത്വം എന്ന വാക്കിന്റെ അർഥം പുതുതലമുറയെ ഉൾപ്പെടെ പഠിപ്പിക്കേണ്ട ബാധ്യതയുണ്ടെന്നും ഭാരതത്തിന്റെ ഭരണഘടന ഭേദഗതി ചെയ്യുന്നതിൽ പാർലമെന്റിനു പല പരിമിതികളുണ്ടെന്നും അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണകുറുപ്പ് പറഞ്ഞു. മുൻ സെക്രട്ടറിയും NUALS മുൻ വൈസ് ചാൻസലറുമായ ഡോ. എൻ.കെ ജയകുമാർ ഭരണഘടനയുമായി ബന്ധപ്പെട്ട് വർത്തമാനകാല ഇന്ത്യയുടെ അവസ്ഥയെക്കുറിച്ച് വിശദമായി സംസാരിച്ചു. ഭരണഘടനയുടെ ആമുഖം ഭരണഘടനയുടെ വ്യാഖ്യാനത്തിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്നും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാതിരിക്കുക, തൊഴിൽ ചെയ്യുന്നതിന് മതിയായ വേതനം നൽകുക, രാജ്യത്തിന്റെ സമ്പത്ത്, അധികാരം എന്നിവ കേന്ദ്രീകരിക്കാതിരിക്കുക എന്നിവയൊക്കെയാണ് ഭരണഘടനയുടെ ആത്യന്തികമായ അർത്ഥമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കെ-ലാംപ്സ് (പി.എസ്.) ഡയറക്ടർ ജി.പി. ഉണ്ണികൃഷ്ണൻ ചടങ്ങിന് കൃതജ്ഞത രേഖപ്പെടുത്തി. പരിപാടിയിൽ നിയമസഭാ സാമാജികർ, ഉദ്യോഗസ്ഥർ, ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ നഗരസഭാ ചെയർപേഴ്സൺമാർ, കുടുംബശ്രീ പ്രതിനിധികൾ, തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ അറുന്നൂറിൽ അധികം പേർ പങ്കെടുത്തു.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

ഭരണഭാഷ പ്രയോഗത്തിൽ പരിശീലനം

KERALA LEGISLATIVE ASSEMBLY
MEDIA & PARLIAMENTARY STUDY CENTRE

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റുമാർ, കമ്പ്യൂട്ടർ അസിസ്റ്റന്റുമാർ, റിപ്പോർട്ടർമാർ, ലൈബ്രറി സ്റ്റാഫ് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കായി ഔദ്യോഗിക ഭാഷയിലുള്ള പരിശീലനപരിപാടി 2022 നവംബർ 3 ന് സംഘടിപ്പിച്ചു. കെ-ലാംപ്സ് (പി.എസ്.) ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിച്ചു. ഔദ്യോഗികഭാഷാ പരിശീലനം പൂർണ്ണമായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണെന്നും ഭരണഭാഷാ പ്രയോഗത്തിൽ ഏറ്റവും മികച്ച വകുപ്പിനുള്ള അവാർഡ് ലഭിച്ചത് നിയമസഭാ സെക്രട്ടേറിയറ്റിനാണെന്നും അത് തുടർന്നും ലഭിക്കുവാനുതകും വിധം ഭരണഭാഷ കൈകാര്യം ചെയ്യുന്നതിൽ അതീവ ജാഗ്രത പാലിക്കേണ്ടതാണെന്നും ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്തു സംസാരിച്ച നിയമസഭാ സെക്രട്ടറി എ.എം.ബഷീർ പറഞ്ഞു.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷാവകുപ്പ്) ഭാഷാവിദഗ്ധൻ ഡോ. ആർ. ശിവകുമാർ പരിശീലന ക്ലാസ് നയിച്ചു. കേരളത്തിന്റെ ഭരണഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. അതിന്റെ ഭാഗമായി ഭാഷയുടെ ഉന്നമനത്തിനായി പല പദ്ധതികളും ആവിഷ്ക്കരിക്കുന്നുണ്ട്. വർഷങ്ങൾക്കു മുമ്പ് ഭാഷ എന്നതിന് കേവലമായ ഒരു അർത്ഥതലമാണ് ഉണ്ടായിരുന്നത് എങ്കിൽ ഇന്ന് ഭാഷയെ ലോകം കാണുന്നത് ഒരു വ്യക്തിയുടെ അവകാശത്തിന്റെ ഭാഗം എന്ന നിലയ്ക്കാണെന്നും അദ്ദേഹം പറഞ്ഞു. ഭരണരംഗത്ത് ഏറ്റവും മെച്ചപ്പെട്ട ഭാഷ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ കൃത്യതയോടെ ഉപയോഗിക്കാൻ ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്നും അദ്ദേഹം പറഞ്ഞു.

ഔദ്യോഗികഭാഷാപ്രയോഗം സംബന്ധിച്ച് നിലനിൽക്കുന്ന സംശയങ്ങൾ, പദാനുപദ തർജ്ജമയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ, പദശുദ്ധി, സമസ്തപദപ്രയോഗം എന്നിവ സംബന്ധിച്ച് സമഗ്രവും കാര്യക്ഷമവുമായ രീതിയിൽ അദ്ദേഹം വിവരണം നൽകുകയും ഉദ്യോഗസ്ഥർ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പരിശീലന പരിപാടിയിൽ തൊണ്ണൂറ് പേർ പങ്കെടുത്തു.

മാധ്യമ റിപ്പോർട്ടിംഗിൽ ശില്പശാല

നിയമസഭാ റിപ്പോർട്ടിംഗ് സംബന്ധിച്ച് മാധ്യമ പ്രവർത്തകർക്ക് ആഴത്തിലുള്ള അവഗാഹം പ്രദാനം ചെയ്തുകൊണ്ട് ജനാധിപത്യത്തെ താങ്ങിനിർത്തുന്ന അതിന്റെ നാലാം തൂണായി വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾക്ക് കൂടുതൽ കരുത്ത് പകർന്നു നൽകുന്നതിനായി കേരള നിയമസഭ ശില്പശാല സംഘടിപ്പിച്ചു. കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.)ന്റെയും കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേണലിസ്റ്റ് (KUWJ)ന്റെയും സംയുക്താഭിമുഖ്യത്തിൽ 2022 ഒക്ടോബർ 10 നാണ് പരിപാടി സംഘടിപ്പിച്ചത്. കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേണലിസ്റ്റ് സംസ്ഥാന ജനറൽ സെക്രട്ടറി ആർ. കിരൺ ബാബു സ്വാഗതം ആശംസിച്ച ചടങ്ങിന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് നിയമസഭയിൽ നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ പോലും ജനങ്ങളിലേക്ക് എത്തുന്നില്ല എന്ന വസ്തുത ചൂണ്ടിക്കാട്ടിക്കൊണ്ടാണ് ചിറ്റയം ഗോപകുമാർ അധ്യക്ഷ പ്രസംഗം ആരംഭിച്ചത്. ജനാധിപത്യത്തിന് കരുത്ത് പകരുന്ന മാധ്യമ പ്രവർത്തകരെ ഈ പോരായ്മ മറികടക്കാൻ പ്രാപ്തരാക്കുന്നതാണ് ശില്പശാലയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. 'ജേണലിസ്റ്റുകൾ മെസഞ്ചർമാരാണ്. അവർ കൈകാര്യം ചെയ്യുന്ന മെസ്സേജുകളുടെ അജൻഡകളെന്താണെന്ന് അവർക്ക് മനസ്സിലാക്കാൻ സാധിക്കുമ്പോഴാണ് അവർക്ക് യഥാർത്ഥ ജേണലിസ്റ്റുകളായി മാറാൻ സാധിക്കുന്നത്' എന്ന വിശ്വ വിഖ്യാത മാധ്യമ പ്രവർത്തകൻ ജോൺ റിച്ചാർഡിന്റെ ഉദ്ധരണിയെ ഓർമ്മപ്പെടുത്തിക്കൊണ്ടാണ് സ്പീക്കർ ഉദ്ഘാടന പ്രസംഗം ആരംഭിച്ചത്. ഇന്നത്തെ ഇൻഡ്യൻ സാഹചര്യത്തിൽ സത്യം വിളിച്ചു പറയുക എന്ന മാധ്യമധർമ്മം എത്രമാത്രം നടക്കുന്നു എന്ന് നാം ഓരോരുത്തരും ആത്മപരിശോധന നടത്തണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നിയമസഭ ചേരുന്ന കാലയളവിൽ ദൃശ്യമാധ്യമങ്ങൾ ദിവസം കുറഞ്ഞത് മുപ്പത് മിനിറ്റും അച്ചടി മാധ്യമങ്ങൾ പകുതി പേജും സഭാ നടപടികൾ റിപ്പോർട്ട് ചെയ്യണമെന്ന് സ്പീക്കർ ഉദ്ഘാടന പ്രസംഗത്തിൽ ആവശ്യപ്പെട്ടു. നിയമസഭാ സെക്രട്ടറി എ. എം. ബഷീർ ഉദ്ഘാടന ചടങ്ങിന് കൃതജ്ഞത രേഖപ്പെടുത്തി.

മൂന്ന് സെഷനുകളിലായി സംഘടിപ്പിച്ച ശില്പശാലയിൽ 'നിയമസഭാ നടപടിക്രമങ്ങൾ, പൊതുവായ കാര്യങ്ങൾ, പ്രിവിലേജുകൾ - റിപ്പോർട്ടിംഗ് സംബന്ധിച്ച് മാധ്യമപ്രവർത്തകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ' എന്ന വിഷയത്തെ അധികരിച്ചുകൊണ്ടുള്ള ആദ്യ സെഷൻ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായരാണ് കൈകാര്യം ചെയ്തത്. തുടർന്ന് 'നിയമസഭാ റിപ്പോർട്ടിംഗും റിപ്പോർട്ടിംഗിൽ ഉന്നത നിലവാരം പാലിക്കലും' എന്ന വിഷയത്തെ ആസ്പദമാക്കി മീഡിയ അക്കാദമി ചെയർമാൻ ആർ. എസ്. ബാബുവും ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ എസ്. ബിജുവും പ്രഭാഷണം നടത്തി. കാതലായ നയ തീരുമാനങ്ങളാണ് ഓരോ ബില്ലിലും ഉൾക്കൊള്ളുന്നതെന്നും അതുകൊണ്ട് തന്നെ നിയമസഭയിൽ ബില്ലിൻമേൽ നടക്കുന്ന ചർച്ച മാധ്യമങ്ങൾ കാര്യക്ഷമമായി റിപ്പോർട്ട് ചെയ്യണമെന്നും എസ്. ബിജു അഭിപ്രായപ്പെട്ടു. അതുപോലെ 'Key Words' ഉപയോഗിച്ചുകൊണ്ട് നിയമസഭാ നടപടിക്രമങ്ങളിൽ നിന്ന് വിവരങ്ങൾ 'Search' ചെയ്ത് എടുക്കുവാൻ പറ്റുന്ന രീതിയിൽ നിയമസഭയുടെ വെബ്സൈറ്റ് ക്രമീകരിക്കണമെന്ന നിർദ്ദേശം അദ്ദേഹം മുന്നോട്ട് വച്ചു. 'നിയമനിർമ്മാണവും ധനപരമായ നടപടിക്രമങ്ങളും' എന്നീ വിഷയങ്ങൾ സംബന്ധിച്ച് കെ-ലാംപ്സ് (പി.എസ്.) ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണനാണ് അവസാന സെഷനിൽ പ്രഭാഷണം നടത്തിയത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എൺപത്തിയൊമ്പത് മാധ്യമപ്രവർത്തകർ പങ്കെടുത്ത ശില്പശാലയിൽ ഓരോ സെഷനുകളെ തുടർന്നും ചർച്ചകൾക്കും സംശയദൂരീകരണത്തിനും വേദി ഒരുക്കിയിരുന്നു. ശില്പശാലയിൽ പങ്കെടുത്തവർക്ക് കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. കെ.യു.ജെ.ഡബ്ല്യൂ.ജെ. തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് സാനു ജോർജ് തോമസ് ശില്പശാലയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

കുടുംബശ്രീ മിഷൻ മാസ്റ്റർ ട്രെയിനേഴ്സിനായി പരിശീലന പരിപാടി

കേരളീയർക്ക് ഭരണഘടനയുടെ ആവിർഭാവത്തെയും ഭരണഘടന മുന്നോട്ടു വയ്ക്കുന്ന മൂല്യങ്ങളെയും പൗരാവകാശങ്ങളെയും ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളെയും സംബന്ധിച്ച ബോധവൽക്കരണം നടത്താനും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി ഭരണഘടനാമൂല്യങ്ങളെ ഉയർത്തിപ്പിടിക്കാൻ ജനങ്ങളെ പ്രാപ്തരാക്കാനും ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കുന്ന 'ഭരണഘടനാ സാക്ഷരതായജ്ഞ'ത്തിന്റെ ഭാഗമായി കുടുംബശ്രീ മിഷൻ മാസ്റ്റർ ട്രെയിനേഴ്സിന് കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിശീലന വിഭാഗമായ കെ-ലാംപ്സ് (പി.എസ്.) ന്റെ ആഭിമുഖ്യത്തിൽ 2022 നവംബർ 1 ന് 'ഭരണഘടനാ ആമുഖം, മൗലികാവകാശങ്ങൾ, മൗലിക കർത്ത വ്യങ്ങൾ' എന്ന വിഷയത്തിൽ പരിശീലനപരിപാടി സംഘടിപ്പിച്ചു. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയിൽ കെ. ആൻസലൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

കേരള നിയമസഭയും കേരളത്തിലെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ സംഘടനയായ കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ പരിപാടിയിലൂടെ ഭരണഘടന സംബന്ധിച്ച പ്രാഥമിക അറിവ് പൊതുസമൂഹത്തിന് പകർന്നു നൽകുക എന്ന വലിയ യജ്ഞത്തിനാണ് തുടക്കം കുറിക്കുന്നതെന്നും ഭരണഘടനാദിനമായ നവംബർ 26ന് സംഘടിപ്പിക്കുന്ന പരിപാടിയുടെ തുടർപ്രക്രിയയായി ഈ സംരംഭത്തെ മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്നും സ്പീക്കർ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു.

ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളെ സംബന്ധിച്ച് ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭരണഘടനാ മൂല്യങ്ങളെ സംബന്ധിച്ച് ഇത്തരത്തിൽ ഒരു പരിശീലന ക്ലാസ് സംഘടിപ്പിച്ചത്

ശേഷം 10-ാം പേജിൽ

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

പ്രശംസനീയമാണെന്നും ഭരണഘടന നൽകുന്ന മൗലികാവകാശങ്ങൾ, മൗലികകർത്തവ്യങ്ങൾ എന്നിവയെക്കുറിച്ച് കേരളത്തിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീ മിഷനിലൂടെ തുടക്കം കുറിച്ച് സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ കഴിയട്ടെയെന്നും എം.എൽ.എ. കെ. ആൻസലൻ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

തുടർന്ന് നടന്ന പരിശീലന പരിപാടിയിൽ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ഐ.എ.എസ്. ഭരണഘടനാ സാക്ഷരതാ പ്രചരണം സംബന്ധിച്ച വിഷയാവതരണം നടത്തി. നിയമസഭാ സെക്രട്ടറി എ.എം. ബഷീർ, മുൻ നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ, കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ നിഷാദ് സി.സി. എന്നിവർ പരിശീലന ക്ലാസ് നയിച്ചു.

കുടുംബശ്രീ അംഗങ്ങളിൽ ഭരണഘടനാവബോധം പകർന്നു നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കുടുംബശ്രീ മാസ്റ്റർ ട്രെയിനേഴ്സിൽ നിന്നും മുന്നൂറ്റി അറുപതോളം വരുന്ന റിസോഴ്സ് പേഴ്സണിലേയ്ക്കും അവരിൽ നിന്നും സി.ഡി.എസ്. മാരിലേയ്ക്കും അതിൽ നിന്നും എ.ഡി.എസ്. മാരിലേയ്ക്കും അതിൽ നിന്നും മൂന്ന് ലക്ഷം അയൽക്കൂട്ടത്തിലേയ്ക്കും ഭരണഘടനാ സാക്ഷരത എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നതെന്നും 2022 നവംബർ 26 ാം തീയതിയോടെ എല്ലാ അയൽക്കൂട്ടങ്ങളിലും ഭരണഘടനാ ബോധവൽക്കരണ പരിപാടികൾ നടത്തി ആദ്യഘട്ടം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഭരണഘടനാ സാക്ഷരതാപ്രചാരണം സംബന്ധിച്ച വിഷയാവതരണത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ഐ.എ.എസ്. അറിയിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും അർത്ഥഗർഭവും കാവ്യാത്മകവുമായ ഭാഗം അതിന്റെ ആമുഖമാണെന്ന് സൂചിപ്പിച്ചുകൊണ്ട് 'ഭരണഘടനാ ആമുഖം, മൗലികാവകാശങ്ങൾ, മൗലികകർത്തവ്യങ്ങൾ' എന്ന വിഷയത്തിൽ മൗലികാവകാശങ്ങൾ, മൗലികകർത്തവ്യങ്ങൾ, നിർദ്ദേശക തത്വങ്ങൾ, റിട്ടുകൾ എന്നിവയെക്കുറിച്ചും അവ സാധാരണ ജീവിതത്തിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്നും നിയമങ്ങൾ സാമാന്യ ജനങ്ങൾക്ക് ഉപയുക്തമാകുന്ന രീതിയിൽ ലളിതമായി ഉദാഹരണ സഹിതം അവതരിപ്പിച്ച് നിയമസഭാ സെക്രട്ടറി എ.എം. ബഷീർ, മുൻ നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ എന്നിവർ കുടുംബശ്രീ മിഷൻ മാസ്റ്റർ ട്രെയിനേഴ്സിന് സമഗ്രമായി അവബോധം നൽകി.

നാൽപ്പത്തിയാറ് ലക്ഷത്തോളം വരുന്ന കുടുംബശ്രീ അംഗങ്ങളിൽ ബഹുഭൂരിപക്ഷത്തിനും മൗലികാവകാശങ്ങളെക്കുറിച്ചും മൗലികകർത്തവ്യങ്ങളെക്കുറിച്ചും ധാരണ ഉണ്ടാകേണ്ടത് ആവശ്യമാണെന്നും ലിംഗ, ജാതി, മത, ദേശ വ്യത്യാസമില്ലാതെ എല്ലാവരെയും ഉൾക്കൊള്ളുന്ന സമത്വമാണ് ഇന്ത്യൻ ഭരണഘടന ആഹ്വാനം ചെയ്യുന്നതെന്നും കുടുംബശ്രീയുടെ പ്രധാന ഉത്തരവാദിത്തം എന്നത് അസമത്വം ഇല്ലാതാക്കുക എന്നതാണെന്നും ജനാധിപത്യം എന്നത് എല്ലാ തലങ്ങളിലും ഉണ്ടാകേണ്ടത് ആവശ്യമാണെന്നും പഠനക്ലാസ് നയിച്ച കുടുംബശ്രീ മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ നിഷാദ് സി.സി. അഭിപ്രായപ്പെട്ടു. പരിശീലനത്തിൽ തൊണ്ണൂറ്റിയെട്ട് പേർ പങ്കെടുത്തു.

കേരള നിയമസഭ സന്ദർശിച്ച് കേന്ദ്ര പാർലമെന്ററികാര്യ മന്ത്രാലയ സെക്രട്ടറി

കേരള നിയമസഭ കടലാസുരഹിതമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനായി കേന്ദ്ര പാർലമെന്ററികാര്യ മന്ത്രാലയ സെക്രട്ടറി ജി. ശ്രീനിവാസ് കേരള നിയമസഭ സന്ദർശിച്ചു. 2022 നവംബർ 21 നായിരുന്നു സന്ദർശനം. ഇ നിയമസഭ പദ്ധതിയുടെ സാധ്യതകളെക്കുറിച്ച് നിയമസഭാ സെക്രട്ടറി എ.എം. ബഷീർ, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ എന്നിവർ വിശദീകരിച്ചു. ഇ നിയമസഭ പദ്ധതിയുടെ ഉദ്ദേശ്യങ്ങളും പ്രവർത്തന പുരോഗതിയും അതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതിയായ NEVA (National e- Vidhan Application) യിൽ നിന്നും ഇ നിയമസഭ പദ്ധതി എപ്രകാരം വ്യത്യസ്തമായാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ചും ചർച്ച ചെയ്തു. പൊതുഭരണ പാർലമെന്ററി കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ബി.ആർ. യമുന, ഇ നിയമസഭ പദ്ധതിയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി വി.ജി. റിജു. ഡെപ്യൂട്ടി സെക്രട്ടറി എൽ. ജ്യോതി, അണ്ടർ സെക്രട്ടറിമാർ പി. ഹരിശങ്കർ, ചിത്ര കെ.ഐ. എന്നിവരും യോഗത്തിൽ പങ്കെടുത്തു. ഇൻഹൗസ് മൊഡ്യൂളിന്റെ ഘടകങ്ങൾ മനസ്സിലാക്കുന്നതിനായി ഉദ്യോഗസ്ഥർ അസംബ്ലി ഹാൾ സന്ദർശിച്ചു. നിയമസഭ സെക്രട്ടേറിയറ്റിന്റെ ഉപഹാരം നിയമസഭാ സെക്രട്ടറി ജി. ശ്രീനിവാസിന് സമ്മാനിച്ചു.

മദ്ധ്യപ്രദേശ് നിയമസഭാ സ്പീക്കർ കേരള നിയമസഭ സന്ദർശിച്ചു

കേരള നിയമസഭയിൽ നടപ്പാക്കി വരുന്ന നവീന ഉദ്യമങ്ങളെയും ഇ-നിയമസഭയെയും കുറിച്ച് പഠിക്കുന്നതിനായി മദ്ധ്യപ്രദേശ് നിയമസഭാ സ്പീക്കർ ഗിരീഷ് ഗൗതം കേരള നിയമസഭ സന്ദർശിച്ചു. മദ്ധ്യപ്രദേശിലെ അഞ്ച് നിയമസഭാ സമിതി അധ്യക്ഷന്മാരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു. കേരള നിയമസഭ സ്പീക്കർ എ.എൻ.ഷംസീറിനെ സന്ദർശിച്ച് സംഘം ചർച്ച നടത്തി. മദ്ധ്യപ്രദേശ് പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റി ചെയർമാൻ ഗൗരിശങ്കർ ബിസൻ, പഞ്ചായത്തീരാജ് ആന്റ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ അജയ് ബിഷ്ണോയി, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ പി.സി.ശർമ്മ, ആപ്ലിക്കേഷൻ കമ്മിറ്റി ചെയർമാൻ യശ്പാൽ സിംഗ് സിസോദിയ, ദിവ്യരാജ് സിംഗ് എം. എൽ. എ. എന്നിവർ പ്രതിനിധി സംഘത്തിൽ അംഗങ്ങളായിരുന്നു. കേരള നിയമസഭയിൽ നടപ്പാക്കി വരുന്ന നവീന ഉദ്യമങ്ങളും ഇ-നിയമസഭ പദ്ധതിയും മദ്ധ്യപ്രദേശിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മദ്ധ്യപ്രദേശ് സ്പീക്കർ അറിയിച്ചു. രാജ്യത്ത് ഏറ്റവും അധികം ദിവസം സഭ സമ്മേളിക്കുന്ന സംസ്ഥാനം എന്ന നിലയിൽ കേരളത്തെ സവിശേഷ പ്രാധാന്യത്തോടെയാണ് നോക്കിക്കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു. കേരള നിയമസഭയിലെ നവീന ഉദ്യമങ്ങൾ രാജ്യത്തെ ഇതര നിയമസഭകൾക്ക് മാതൃകയാക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ട സ്പീക്കർ എ.എൻ. ഷംസീർ ജനസംഖ്യാനുപാതികമായി രാജ്യത്തെ നിയമസഭകൾ നിശ്ചിത ദിവസം സമ്മേളിക്കണമെന്ന് നിയമഭേദഗതി ഉണ്ടാക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. പ്രതിനിധി സംഘം നിയമസഭാ സെക്രട്ടറി എ.എം.ബഷീറിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരുമായി ഇ-നിയമസഭാ പദ്ധതിയെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

അക്കൗണ്ട്സ്-സർവ്വീസസ് വിഭാഗം ജീവനക്കാർക്കായി പരിശീലന പരിപാടി

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അക്കൗണ്ട്സ് വിഭാഗം ഉദ്യോഗസ്ഥർക്കായി 2022 ഒക്ടോബർ 21 ന് ആദായ നികുതി റിട്ടേൺ ഫയലിംഗ് സംബന്ധിച്ച വിഷയത്തിലും നവംബർ 2 ന് സർവീസസ് വിഭാഗം ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് സംബന്ധിച്ച വിഷയത്തിലും പരിശീലന പരിപാടി സംഘടിപ്പിച്ചു. കെ-ലാംപ്സ് (പി.എസ്.) ഡെപ്യൂട്ടി ഡയറക്ടർ ബിന്ദു ആർ. പരിപാടിയിലേയ്ക്ക് ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു.

ആദായ നികുതി റിട്ടേൺ ഫയലിംഗ് സംബന്ധിച്ച് റിട്ട. സബ്ട്രഷറി ഓഫീസർ എൻ. ബാബുരാജൻ പരിശീലന ക്ലാസ് നയിച്ചു. മുപ്പത്തിരണ്ട് പേർ പങ്കെടുത്ത പരിശീലന പരിപാടിയിൽ ആദായ നികുതി ക്വാട്ടേർലി ടി.ഡി.എസ്. അപ്‌ലോഡ് ചെയ്യുന്നതിനെക്കുറിച്ചും ഫോം 16 ലഭിക്കുന്നതിനായി പോർട്ടലിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ സംബന്ധിച്ചും വിശദീകരിക്കുകയും ഉദ്യോഗസ്ഥരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് സംബന്ധിച്ച വിഷയത്തിൽ സർക്കാർ ജീവനക്കാരുടെ റിക്രൂട്ട്മെന്റ്, നിയമനം, സീനിയോറിറ്റി, പ്രൊബേഷൻ, പ്രൊമോഷൻ, ലീവ് എന്നിവ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളെക്കുറിച്ച് പൊതുഭരണവകുപ്പ് റിട്ട. അഡീഷണൽ സെക്രട്ടറി വി. വി. മൊയ്തുണ്ണി പരിശീലന ക്ലാസ് നയിച്ചു. പത്തൊമ്പത് പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

പുനരുദ്ധാരണ പ്രവൃത്തികൾക്കുശേഷം നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു

പുരാവസ്തു വകുപ്പിന്റെ രണ്ടാം ഘട്ട പുനരുദ്ധാരണ പ്രവൃത്തികൾക്കുശേഷം നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തതിന്റെ ഉദ്ഘാടനം 2022 നവംബർ 2 ന് നിയമസഭാ മ്യൂസിയം അങ്കണത്തിൽ സ്പീക്കർ എ.എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പുമന്ത്രി അഹമ്മദ് ദേവർകോവിൽ നിർവ്വഹിച്ചു. പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം പൈതൃക മന്ദിരത്തിൽ ആർക്കിയോളജി വകുപ്പ് ആരംഭിച്ച പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയതായും മ്യൂസിയത്തിന്റെ സമഗ്ര നവീകരണത്തിനും മ്യൂസിയത്തിൽ ഒരു ഇ.എം.എസ്. സ്മൃതി തുടങ്ങുന്നതിനും ഡി.പി.ആർ തയ്യാറാക്കിവരികയാണെന്നും സ്പീക്കർ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. പരമ്പരാഗത നിർമ്മാണ രീതികൾ അവലംബിച്ചുകൊണ്ടാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചതെന്ന് മ്യൂസിയം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തുകൊണ്ട് ഉദ്ഘാടന പ്രസംഗത്തിൽ തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി അറിയിച്ചു. നിയമസഭാ മ്യൂസിയത്തിന്റെ കീഴിൽ നടന്നു വരുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും മ്യൂസിയം പുനരുദ്ധാരണത്തെ സംബന്ധിച്ചും നിയമസഭാ മ്യൂസിയം ഉപദേശക സമിതി ചെയർമാൻ കെ. ബാബു (നെന്മാറ) എം.എൽ.എ. സ്വാഗത പ്രസംഗത്തിൽ പരാമർശിച്ചു. ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, എം.എൽ.എ.മാരായ പി.സി. വിഷ്ണുനാഥ്, കെ.കെ. രമ എന്നിവർ ആശംസകൾ അർപ്പിച്ചു. നിയമസഭാ സെക്രട്ടറി എ.എം.ബഷീർ കൃതജ്ഞത രേഖപ്പെടുത്തി.

തുടർഭരണത്തിൽ ചരിത്രംകുറിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ

തുടർച്ചയായി കൂടുതൽ കാലം കേരള മുഖ്യമന്ത്രിയായതിന്റെ റെക്കോഡ് പിണറായി വിജയന് സ്വന്തം. ഭരണത്തുടർച്ചയോടെ രണ്ട് സർക്കാരുകളുടെ ഭാഗമായാണ് ഈ നേട്ടം കൈവരിച്ചത്.

1970 ഒക്ടോബർ 4 മുതൽ 1977 മാർച്ച് 25 വരെ 2364 ദിവസം തുടർച്ചയായി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോന്റെ റെക്കോഡാണ് പിണറായി വിജയൻ മറികടന്നത്. 1975 ൽ അടിയന്തരാവസ്ഥയെ തുടർന്നാണ് അച്യുതമേനോൻ മന്ത്രിസഭയുടെ കാലാവധി നീട്ടി നൽകിയത്. അതിന് മുൻപ് 1969 നവംബർ 1 മുതൽ 1970 ഓഗസ്റ്റ് 1 വരെയും അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു.

2016 ൽ 91 സീറ്റുകൾ നേടിയാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുമുന്നണി സർക്കാർ അധികാരത്തിലെത്തിയത്. 2021 ലെ തെരഞ്ഞെടുപ്പിൽ 8 സീറ്റുകൾ കൂടി നേടി 99 സീറ്റുകളുമായി വീണ്ടും അധികാരത്തിലെത്തി. രണ്ട് തവണയും കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മുഖ്യമന്ത്രിയായിരുന്നത് ഇ.കെ.നായനാരാണ്. പലവണയായി പത്ത് വർഷവും 353 ദിവസവും അദ്ദേഹം മുഖ്യമന്ത്രിയായിരുന്നു. ആകെ 4003 ദിവസം.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി മുഖ്യമന്ത്രിയായിരുന്നത് സിക്കിം മുഖ്യമന്ത്രിയായിരുന്ന പവൻ കുമാർ ചാംലിങ്ങാണ്. ഇരുപത്തിനാല് വർഷവും 165 ദിവസവും അദ്ദേഹം മുഖ്യമന്ത്രിയായിരുന്നു. 23 വർഷവും 137 ദിവസവും പശ്ചിമബംഗാൾ മുഖ്യമന്ത്രിയായിരുന്ന ജ്യോതിബസുവിന്റെ റെക്കോഡാണ് 2019 ൽ ചാലിംങ് തിരുത്തിയത്.

വിജ്ഞാനപഥം

1. രാജ്യസഭയിലെ ആദ്യ മലയാളി ചെയർമാൻ ?

   കെ.ആർ.നാരായണൻ (ആദ്യ മലയാളി ഡെപ്യൂട്ടി ചെയർമാൻ എം.എം.ജേക്കബ്)

2. രാജ്യസഭയിലെ ആദ്യത്തെ നേതാവ് ?

   എൻ.ഗോപാലസ്വാമി അയ്യങ്കാർ (1952-53) (ആദ്യ വനിതാ നേതാവ് ഉമ ശങ്കർ ദീക്ഷിത്)

3. രാജ്യസഭയിൽ ആദ്യമായി ഇംപീച്ച്മെന്റിന് വിധേയനായ ജഡ്ജി?

   സൗമിത്ര സെൻ (2011)

4. രാജ്യസഭയുടെ മൂന്നിലൊന്ന് അംഗങ്ങൾ എത്ര വർഷം കൂടുമ്പോഴാണ് വിരമിക്കുന്നത്?

   2 വർഷം

5. ആദ്യമായി രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട നടി?

   നർഗീസ് ദത്ത് (ഭരണഘടനയുടെ അനുച്ഛേദം 80 പ്രകാരമാണ് രാഷ്ട്രപതി രാജ്യസഭയിലേക്ക് പന്ത്രണ്ട് പേരെ നാമനിർദ്ദേശം ചെയ്യുന്നത്)


കെ.ആർ. നാരായണൻ

സൗമിത്ര സെൻ

എം.എം. ജേക്കബ്

6. ലോക്സഭയിലേക്ക് നാളിതുവരെ എത്ര തെരഞ്ഞെടുപ്പുകൾ നടന്നു?

   17 (ആദ്യ തെരഞ്ഞെടുപ്പ് 1951 ഒക്ടോബർ 25 മുതൽ 1952 ഫെബ്രുവരി 21 വരെയായിരുന്നു)

7. ലോക്സഭയിൽ യോഗം ചേരുന്നതിന് വേണ്ട ക്വാറം എത്രയാണ്?

   മൊത്തം അംഗങ്ങളുടെ പത്തിലൊന്ന് (ഭരണഘടന അനുച്ഛേദം 100(3) പ്രകാരം)

8. ബില്ലുകളുടെ പരിഗണനയ്ക്കായി പാർലമെന്റിലെ ഇരുസഭകളുടെയും സംയുക്ത സമ്മേളനം നാളിതുവരെ എത്ര തവണ കൂടിയിട്ടുണ്ട് ?

   മൂന്ന് തവണ (1961, 1978, 2002 വർഷങ്ങളിൽ)

9. പാർലമെന്റിലെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്നതാര്?

   ലോക്സഭാ സ്പീക്കർ (അനുച്ഛേദം 118(4))

10. ലോക്സഭയിൽ ഒരു ദിവസം വാക്കാൽ മറുപടി പറയുന്ന ചോദ്യങ്ങളുടെ ലിസ്റ്റിൽ എത്ര ചോദ്യങ്ങളാണ് ഉൾപ്പെടുത്തുന്നത് ?

    ഇരുപത് ചോദ്യങ്ങൾ

ആസാദി കാ അമൃത് മഹോത്സവ്: നിയോജകമണ്ഡലങ്ങളിൽ ഫോട്ടോ വീഡിയോ പ്രദർശനം

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷമായ ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി നിയമസഭാ മ്യൂസിയം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ഫോട്ടോ വീഡിയോ പ്രദർശന പരിപാടികളുടെ പ്രാഥമിക പ്രദർശനം 2022 ഒക്ടോബർ 25,26 തീയതികളിൽ നെന്മാറ, ഒക്ടോബർ 28, 29 തീയതികളിൽ പൂഞ്ഞാർ, ഒക്ടോബർ 31, നവംബർ 1 തീയതികളിൽ എറണാകുളം, നവംബർ 10,11 തീയതികളിൽ മങ്കട എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിച്ചു. പ്രദർശന പരിപാടികളുടെ ഭാഗമായി കെ-ലാംപ്സ് (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സും, യുണിസെഫുമായി ചേർന്ന് കാലാവസ്ഥ വ്യതിയാനം, ദുരന്തനിവാരണം തുടങ്ങിയ വിഷയങ്ങളിൽ പഠന ക്ലാസ്സ്, സെമിനാർ എന്നിവയും സംഘടിപ്പിച്ചു.

ഫോട്ടോ വീഡിയോ പ്രദർശനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം സ്പീക്കർ എ.എൻ. ഷംസീർ നിർവഹിക്കുന്നു.

പ്രദർശന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം 2022 ഒക്ടോബർ 25ന് പാലക്കാട് ജില്ലയിലെ നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി പ്രണവം ആഡിറ്റോറിയത്തിൽ നെന്മാറ എം.എൽ.എ. കെ. ബാബുവിന്റെ അധ്യക്ഷതയിൽ നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു. ചടങ്ങിൽ കോങ്ങാട് എം.എൽ.എ. കെ.ശാന്തകുമാരി , നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മണ്ഡലത്തിലെ വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, യൂണിസെഫ് സോഷ്യൽ പോളിസി ചീഫ് കെ.എൽ.റാവു എന്നിവർ സന്നിഹിതരായിരുന്നു. നിയമസഭാ സെക്രട്ടറി എ.എം.ബഷീർ ചടങ്ങിൽ കൃതജ്ഞത അർപ്പിച്ച് സംസാരിച്ചു. തുടർന്ന് പാലക്കാട് വിക്ടോറിയ കോളേജിലെ ചരിത്ര വിഭാഗം മേധാവി ഡോ.പി.ജെ വിൻസെന്റ് 'അനുഭവങ്ങളുടെ ഇന്ത്യ: ജനാധിപത്യത്തിന്റെ വഴിത്താരകൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള പരിപാടി എക്സൈസ് പ്രിവന്റീവ് ഓഫീസർ സുരേഷ് ബാബു നയിച്ചു. ഉച്ചയ്ക്ക് ശേഷം വിദ്യാർത്ഥികൾക്കും യുവജന പ്രതിനിധികൾക്കുമായുള്ള യുണിസെഫിന്റെ പ്രത്യേക പരിപാടി രണ്ട് സെഷനുകളായി സംഘടിപ്പിച്ചു. ആദ്യ സെഷനിൽ 'നിലനിൽക്കണം ഈ നാടും നന്മയും കാലാവസ്ഥാ വ്യതിയാനവും ആവാസ വ്യവസ്ഥയും' എന്ന വിഷയത്തിൽ പാലക്കാട് സ്ഥിതി ഫൗണ്ടേഷൻ ഡയറക്ടർ ഡോ. ഗോപുകൃഷ്ണൻ പിള്ളയും രണ്ടാം സെഷനിൽ 'കാലാവസ്ഥാ സംബന്ധിയായ ദുരന്തങ്ങൾ : പ്രതിരോധ അതിജീവന നൈപുണ്യങ്ങൾ' എന്ന വിഷയത്തിൽ യൂണിസെഫ് കേരള കൺസൽട്ടന്റ് ജോ ജോൺ ജോർജ്ജും ബോധവൽക്കരണ ക്ളാസ്സുകൾ നയിച്ചു. നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫോട്ടോ വീഡിയോ പ്രദർശനം ഒക്ടോബർ 25,26 തീയതികളിൽ നടത്തി.

പൂഞ്ഞാർ മണ്ഡലത്തിൽ രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ച പ്രദർശന പരിപാടികളുടെ ഉദ്ഘാടനം ഒക്ടോബർ 28 ന് അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ പൂഞ്ഞാർ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ നിർവ്വഹിച്ചു. ചടങ്ങിൽ അരുവിത്തുറ സെന്റ് ജോർജ് കോളേജ് മാനേജർ റവ. ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ആമുഖ പ്രഭാഷണവും അലിഗഡ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. പി. കെ. അബ്ദുൾ അസീസ് മുഖ്യ പ്രഭാഷണവും നടത്തി.

ഒക്ടോബർ 29ന് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി, യുണിസെഫിന്റെ ആഭിമുഖ്യത്തിൽ കാലാവസ്ഥ വ്യതിയാനം, ദുരന്തനിവാരണം തുടങ്ങിയ വിഷയങ്ങളിൽ പഠന ക്ലാസ്സ്, സെമിനാർ എന്നിവ നടന്നു. നിയമസഭാ മ്യൂസിയം വിഭാഗത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫോട്ടോവീഡിയോ പ്രദർശനം ഒക്ടോബർ 28, 29 തീയതികളിൽ നടത്തി.

എറണാകുളം നിയോജക മണ്ഡലത്തിലെ ഉദ്ഘാടനം തേവര സേക്രഡ് ഹാർട്ട് കോളേജിൽ നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ നിർവ്വഹിച്ചു. ചടങ്ങിൽ എറണാകുളം എം.എൽ.എ. ടി.ജെ വിനോദ് അധ്യക്ഷത വഹിച്ചു. കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ.അനിൽ കുമാർ, എറണാകുളം എം.പി ഹൈബി ഈഡൻ എന്നിവരും സന്നിഹിതരായിരുന്നു. മഹിതമായ ഭരണഘടന ഇല്ലാതാക്കി രാജ്യത്തിന്റെ ബഹുസ്വരതയും മഹത്തായ പാരമ്പര്യവും ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന ശക്തികളിൽ നിന്നും രാജ്യത്തെ കാത്തുസൂക്ഷിക്കുവാൻ നാം ഏവരും പ്രതിജ്ഞാബദ്ധരാണെന്ന് സ്പീക്കർ എ.എൻ.ഷംസീർ അഭിപ്രായപ്പെട്ടു.

തുടർന്ന് സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിക്ക് വിമുക്തി മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ബിബിൻ ജോർജ് നേതൃത്വം നൽകി. യൂണിസെഫിന്റെ ആഭിമുഖ്യത്തിൽ കാലാവസ്ഥാ വ്യതിയാനം, ദുരന്ത നിവാരണം എന്ന വിഷയത്തിൽ ഡോ. അനു ഗോപിനാഥ് വിദ്യാർത്ഥികൾക്കും തെരഞ്ഞെടുത്ത യുവ പ്രതിനിധികൾക്കുമായി ക്ലാസ്സെടുത്തു. കോളേജ് വിദ്യാർത്ഥികൾക്കായി ഇത് സംബന്ധിച്ച് ക്വിസ് മത്സരവും നടത്തി. നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫോട്ടോ വീഡിയോ പ്രദർശനം ഒക്ടോബർ 31, നവംബർ 1 തീയതികളിൽ നടത്തി.

നിയോജക മണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചുവരുന്ന പരിപാടികളുടെ തുടർച്ചയായി 2022 നവംബർ 10 ന് മങ്കട നിയോജക മണ്ഡലത്തിൽ സംഘടിപ്പിച്ച പരിപാടി രാമപുരം ജെംസ് ആർട്സ് & സയൻസ് കോളേജിൽ മങ്കട എം.എൽ.എ മഞ്ഞളാംകുഴി അലി ഉദ്ഘാടനം ചെയ്തു. സ്വതന്ത്ര ഇന്ത്യയിൽ ജനിച്ച നമുക്ക് നമ്മുടെ പൂർവ്വികർ നടത്തിയ സ്വാതന്ത്ര്യ പോരാട്ടത്തെക്കുറിച്ച് മനസ്സിലാക്കുവാൻ ലഭിക്കുന്ന സുവർണാവസരമാണ് നിയമസഭാ മ്യൂസിയം ഒരുക്കുന്ന പ്രദർശനമെന്നും എല്ലാവരും അത് വിനിയോഗിക്കണമെന്നും എം.എൽ.എ ആഹ്വാനം ചെയ്തു. ലഹരിയുടെ കറുത്ത കരങ്ങൾ സമൂഹത്തെ ഗ്രസിച്ച് രൂക്ഷമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന നിലവിലെ സാഹചര്യത്തിൽ ലഹരി വിരുദ്ധ പ്രവർത്തങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിക്ക് എക്സൈസ് (വിമുക്തി) വകുപ്പ് റിസോഴ്സ് പേഴ്സൺ കെ.ഗണേശൻ നേതൃത്വം നൽകി. വിദ്യാർത്ഥികൾക്കും യുവജന പ്രതിനിധികൾക്കുമായുള്ള യുണിസെഫിന്റെ പ്രത്യേക പരിപാടി രണ്ട് സെഷനുകളായി സംഘടിപ്പിച്ചു. ആദ്യ സെഷനിലെ, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിഷയത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റ് സ്റ്റഡീസ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ധന്യ. ആർ ക്ലാസ് നയിച്ചു. രണ്ടാം സെഷനിൽ 'കാലാവസ്ഥാ സംബന്ധിയായ ദുരന്തങ്ങൾ : പ്രതിരോധ അതിജീവന നൈപുണ്യങ്ങൾ' എന്ന വിഷയത്തിൽ യൂണിസെഫ് കേരള കൺസൽട്ടന്റ് ജോ ജോൺ ജോർജ് ക്ലാസ്സ് നയിച്ചു. നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിലുള്ള ഫോട്ടോ വീഡിയോ പ്രദർശനം നവംബർ 10, 11 തീയതികളിൽ നടന്നു.

പ്രദർശനങ്ങളുടെ തുടർച്ചയായി 2022 നവംബർ 14, 15 തീയതികളിൽ കയ്പമംഗലം, 17,18 തീയതികളിൽ പിറവം എന്നീ മണ്ഡലങ്ങളിലും നിയമസഭാ മ്യൂസിയം വിഭാഗത്തിന്റെ പ്രദർശനം സംഘടിപ്പിച്ചു.

തൃശ്ശൂർ കയ്പമംഗലം മണ്ഡലത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം 2022 നവംബർ 14 ന് വെമ്പല്ലൂർ എം.ഇ.എസ് അസ്മാബി കോളേജിൽ കയ്പമംഗലം എം.എൽ.എ. ഇ.ടി ടൈസൺ മാസ്റ്റർ നിർവ്വഹിച്ചു. സ്വാതന്ത്ര്യ സമര പോരാട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനുള്ള അപൂർവ്വ അവസരമാണ് നിയമസഭാ മ്യൂസിയം ഒരുക്കുന്ന പ്രദർശനമെന്ന് എം.എൽ.എ. ചൂണ്ടിക്കാട്ടി.

തൃശൂർ കയ്പമംഗലം മണ്ഡലത്തിൽ സംഘടിപ്പിച്ച പ്രദർശനത്തിൽ റവന്യൂ വകുപ്പുമന്ത്രി കെ. രാജൻ

വിദ്യാർത്ഥികൾക്കും യുവജന പ്രതിനിധികൾക്കുമായുള്ള യുണിസെഫിന്റെ പ്രത്യേക പരിപാടി രണ്ട് സെഷനുകളായി സംഘടിപ്പിച്ചു. ആദ്യ സെഷനിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിഷയത്തിൽ കാർഷിക സർവകലാശാല മുൻ അധ്യാപകൻ ഡോ. ഗോപകുമാർ ചോലയിൽ ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന രണ്ടാം സെഷനിൽ 'കാലാവസ്ഥാ സംബന്ധിയായ ദുരന്തങ്ങൾ : പ്രതിരോധ അതിജീവന നൈപുണ്യങ്ങൾ' എന്ന വിഷയത്തിൽ യൂണിസെഫ് കേരള കൺസൽട്ടന്റ് ജോ ജോൺ ജോർജ് ക്ലാസ്സ് നയിച്ചു. രണ്ടാം ദിവസത്തെ പ്രദർശനം സന്ദർശിച്ച റവന്യൂ - ഭവനനിർമ്മാണം വകുപ്പ് മന്ത്രി കെ. രാജൻ ഭരണഘടനയും ജനാധിപത്യവും പലവിധത്തിൽ ചോദ്യം ചെയ്യപ്പെടുന്ന നിലവിലെ സാഹചര്യത്തിൽ ജനാധിപത്യത്തിന്റെ വിശുദ്ധി വിളിച്ചോതുന്ന നിയമസഭാ മ്യൂസിയത്തിന്റെ പ്രദർശനം പുതിയ തലമുറയ്ക്ക് പാഠപുസ്തകമാണെന്ന് അഭിപ്രായപ്പെട്ടു. പ്രദർശനം നവംബർ 15 ന് സമാപിച്ചു.

എറണാകുളം ജില്ലയിലെ പ്രദർശനം സ്പീക്കർ എ. എൻ. ഷംസീർ ഉദ്ഘാടനം ചെയ്യുന്നു.

പൂർത്തിയാക്കാൻ കഴിയാത്ത മറുപടി പ്രസംഗം

ചുരുങ്ങിയ കാലം കൊണ്ടുതന്നെ ആദർശധീരനായ രാഷ്ട്രീയ പ്രവർത്തകനായും പ്രതിഭാധനനായ നിയമസഭാ സാമാജികനായും ഭരണാധികാരിയായും ഭരണപ്രതിപക്ഷ ഭേദമെന്യേ എല്ലാവരുടേയും അംഗീകാരം നേടിയെടുത്ത വ്യക്തിത്വമായിരുന്നു കെ.ടി. ജോർജ്ജ്.

അഭിഭാഷകനായി പ്രവർത്തിച്ചു വരവെ 1954 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെയായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവേശനം. 1967 ൽ മൂന്നാം കേരള നിയമസഭയിലും 1972 ൽ നാലാം കേരള നിയമസഭയിലും പറവൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ അദ്ദേഹം 1971 സെപ്റ്റംബർ 25 ന് നിയമവും ധനകാര്യവും വകുപ്പുമന്ത്രിയായി ചുമതലയേറ്റു. കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി(1970-72), സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(1970-71) എന്നിവയുടെ ചെയർമാൻ, കോൺഗ്രസ് നിയമസഭാ കക്ഷി ചീഫ് വിപ്പ് (1967-69), ഉപനേതാവ്, പറവൂർ ബാർ അസോസിയേഷൻ സെക്രട്ടറി, കേരള സർവ്വകലാശാല സെനറ്റ്, കെ.പി.സി.സി., എ.ഐ.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

ധനകാര്യ മന്ത്രിയായിരിക്കെ 1972 ഏപ്രിൽ 3 ന് സഭയിൽ അവതരിപ്പിച്ച 1975 ലെ കേരള ജനറൽ സെയിൽസ് ടാക്സ്(രണ്ടാം ഭേദഗതി) ബില്ലിന്റെ പരിഗണനാ വേളയിൽ പ്രസംഗമധ്യേ അദ്ദേഹം കുഴഞ്ഞു വീഴുകയും മരണപ്പെടുകയുമായിരുന്നു. അദ്ദേഹത്തിന്റെ അവസാന നിയമസഭാ പ്രസംഗത്തിലൂടെ.

"സർ, ഈ സെയിൽസ് ടാക്സ് ഭേദഗതി നിയമത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ എന്തെങ്കിലും നിർദ്ദേശം ഉൾക്കൊള്ളുന്ന രീതിയിലുള്ള ഒരു വിമർശനവും ഇവിടെ നിന്നും എനിക്ക് കേൾക്കാൻ കഴിഞ്ഞില്ല. പൊതുവേ നികുതികൾ എന്തെങ്കിലും കൊണ്ടുവരുമ്പോൾ എതിർക്കേണ്ടത് പ്രതിപക്ഷത്തിന്റെ ചുമതലയാണെന്നുള്ള നിലയിൽ പ്രതിപക്ഷത്തുള്ള പല ബഹുമാനപ്പെട്ട മെമ്പറൻമാരും അഭിപ്രായ പ്രകടനം നടത്തിയെന്നു മാത്രമേ അതിനെക്കുറിച്ച് എനിക്ക് പറയുവാനുള്ളൂ. ഈ ഭേദഗതി ബിൽ അവതരിപ്പിച്ചു കൊണ്ട് ഞാൻ പ്രസംഗിക്കാതിരുന്നതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ലൂക്കോസ് ഉൾപ്പെടെയുള്ളവർ പരാമർശിക്കുകയുണ്ടായി. അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അൽപം സാഹിത്യ ഭംഗി ഉണ്ടാക്കുന്നതിനുവേണ്ടി പ്രസംഗിച്ചുവെന്നുള്ളതിൽ കവിഞ്ഞ് കാര്യമായി ഒന്നും കാണാൻ സാധിച്ചിട്ടില്ല. ഈ ഭേദഗതി ബിൽ അവതരിപ്പിച്ചു കൊണ്ട് എന്തെങ്കിലും പ്രസംഗം നടത്തണമെന്ന് ആദ്യമേ എനിക്ക് തോന്നിയില്ല. അതിനുള്ള കാരണം വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട സി.ബി.സി.വാര്യർ ഇവിടെ പറഞ്ഞ മാതിരി കായംകുളത്തെ കച്ചവടക്കാർ മിനിഞ്ഞാന്നു മുതലേ ഈ നികുതി പിരിച്ചു തുടങ്ങി. ആ പിരിച്ച നികുതി ഉൾപ്പെടെയുള്ളത് ഗവൺമെന്റിലേക്ക് ഈടാക്കുക തന്നെ ചെയ്യും. അങ്ങനെ ഇത് വളരെ യാഥാർത്ഥ്യമായിരിക്കുന്ന നിലയ്ക്ക്, ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ തന്നെ വളരെ വ്യക്തമായും സെയിൽസ് ടാക്സ് മൂന്നു ശതമാനത്തിൽ നിന്ന് മൂന്നര ശതമാനമായി ഉയർത്തുമെന്ന് പറഞ്ഞിട്ടുള്ളതിനെപ്പറ്റി പ്രതിപക്ഷത്തു നിന്നും വിമർശനം ഉണ്ടാകുകയും, രാജ്യത്താകമാനം ഇത് അംഗീകരിച്ച് പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്ത നിലയ്ക്ക്, ഞാൻ പുതിയതായി എന്തെങ്കിലും എടുത്തു പറയേണ്ട ആവശ്യമില്ലാ എന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് ആമുഖമായി ഒന്നും പറയാതിരുന്നത്.

സർ, നികുതികൾ കൊണ്ടുവന്ന അവസരത്തിൽ ചില നികുതികളെ സംബന്ധിച്ചിടത്തോളം ചില വ്യത്യസ്തമായ വീക്ഷണഗതി ബഹുമാനപ്പെട്ട മെമ്പറൻമാർ പുലർത്തുന്നത് നന്നായിരിക്കും. പക്ഷെ നികുതികൾ കൊടുക്കേണ്ടി വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം സുഖം ഉണ്ടാകുമെന്നുള്ള പ്രതീക്ഷ ആണെങ്കിൽ ആ പ്രതീക്ഷ നമ്മെ ഒരിടത്തും കൊണ്ടു ചെന്നെത്തിക്കുകയില്ലെന്ന് ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. സർ, ബഡ്ജറ്റിൽ പറഞ്ഞ ഒരു കാര്യം വീണ്ടും ഓർമ്മിപ്പിക്കുകയാണ്. അതായത് ഈ രാജ്യത്തിന്റെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ട് ചെറിയ ചെറിയ ത്യാഗങ്ങൾ സഹിക്കാൻ ഈ രാജ്യത്തിലെ ജനങ്ങൾ തയ്യാറാണ്. പക്ഷെ ചില രാഷ്ട്രീയപാർട്ടികൾ തയ്യാറല്ലെന്നാണ് ഇവിടെ കേട്ട വിമർശനം കൊണ്ട് മനസ്സിലാകുന്നത്. ഒരു ഗവൺമെന്റിൽ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ ചില നികുതികളെല്ലാം ഏർപ്പെടുത്തേണ്ടിവരും. പക്ഷെ പ്രതിപക്ഷത്തിരിക്കുന്ന അവസരത്തിൽ യാതൊരു ഉത്തരവാദിത്വവും കൂടാതെ സംസാരിക്കാൻ സാധിക്കുമെന്നാണ് ഈ പ്രസംഗങ്ങൾ കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട സി.ബി.സി. വാര്യർ പറയുകയുണ്ടായി. ഇന്നത്തെ സമ്പദ്ഘടന ഈ നിലയിൽ തുടരുന്നിടത്തോളം കാലം ഈ നികുതികൾ ഏർപ്പെടുത്തേണ്ടി വരുമെന്ന്. അങ്ങനെയാണെങ്കിൽ ഈ നികുതികൾ കൊണ്ടു വരുന്നതിനെ നിങ്ങൾ സ്വാഭാവികമായി സ്വാഗതം ചെയ്യേണ്ടതല്ലേ.

സർ, ഇന്നത്തെ സ്ഥിതിയിൽ നമ്മുടെ രാജ്യത്ത് വികസനപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണമെങ്കിൽ ഒരു പരിധി വരെ ടാക്സേഷൻ നിയമങ്ങൾ കൊണ്ടു വരേണ്ടി വരും. ഈ ഭേദഗതി നിയമത്തെക്കുറിച്ച് സംസാരിച്ചപ്പോൾ ചില ബഹുമാനപ്പെട്ട മെമ്പറൻമാർ കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി. ഇവിടുത്തെ ബഡ്ജറ്റും കേന്ദ്ര ബഡ്ജറ്റും സ്വാഭാവികമായി ചില കാര്യങ്ങളിൽ ബന്ധപ്പെട്ടിരിക്കുകയാണ്. നികുതികളെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതായത് ബംഗ്ലാദേശ് പ്രശ്നവും ഇത്ര വലിയ ഒരു യുദ്ധവും നടത്തിയതിനുശേഷം കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിക്കുന്ന അവസരത്തിൽ പല തരത്തിലുള്ള വെട്ടിക്കുറയ്ക്കലുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിട്ടുള്ള ഇനങ്ങൾ നിരവധിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ തന്നെ നികുതികൾ വേണ്ടാ വികസന പ്രവർത്തനങ്ങൾ വേണ്ടാ, എന്നു തീരുമാനിക്കാൻ ഈ പ്രത്യേക സാഹചര്യത്തിൽ ഒരു പക്ഷെ സാധിക്കുമായിരുന്നു. അങ്ങനെ തീരുമാനിച്ചിരുന്നുവെങ്കിൽ ആരും കുറ്റപ്പെടുത്തുകയുമില്ല. പക്ഷെ ആ രീതിയിലുള്ള സമീപനമല്ല കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ വികസന പ്രവർത്തനങ്ങൾ യാതൊരു തടസ്സവും കൂടാതെ മുന്നോട്ടു കൊണ്ടു പോകുന്നതിന് ഈ സംസ്ഥാന ഗവൺമെന്റിന്റെ ചില ക്ഷണം ഈ രാജ്യത്തിലെ ജനങ്ങൾ സ്വീകരിച്ചിരിക്കുകയാണ്. 183 കോടി രൂപയുടെ നികുതി നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നുവെന്ന ചില ബഹുമാനപ്പെട്ട മെമ്പറൻമാർ പറയുകയുണ്ടായി. ഇത് കൊണ്ടു വന്ന അവസരത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് കഴിഞ്ഞവർഷത്തേക്കാൾ ഇരുപത്തിരണ്ട് ശതമാനം സംഖ്യ വകകൊള്ളിക്കാൻ കേന്ദ്ര ഗവൺമെന്റിന് സാധിച്ചുവെന്നുള്ളത് അത്ഭുതകരമായ ഒരു കാര്യമാണ്. അവികസിത സംസ്ഥാനങ്ങൾക്ക് സഹായത്തിനു വേണ്ടിയുള്ള ധനം വർദ്ധിപ്പിച്ചും, ഇങ്ങനെ വികസന പ്രവർത്തനങ്ങളെ ലക്ഷ്യം വച്ചു കൊണ്ടുള്ള പ്രവർത്തനവുമായി മുന്നോട്ടു പോകാൻ ഈ ...."

യുവ പ്രതിഭയുടെ ഉജ്വല പ്രതീകവും വാഗ്ദാനവുമായിരുന്ന അകാലചരമമടഞ്ഞ കെ.ടി. ജോർജ്ജ്. 1972 ഏപ്രിൽ 5 ന് കേരള നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

ചിത്രജാലകം

നേതാജി സുഭാഷ് ചന്ദ്രബോസിനെ അവസാനമായി ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തപ്പോൾ

അംബേദ്കർ ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് 2022 ഡിസംബർ 6 ന് നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ സ്പീക്കർ എ.എൻ.ഷംസീർ പുഷ്പാർച്ചന നടത്തുന്നു

കുമാരനാശാൻ @ 150

സ്വതസിദ്ധമായ രചനാ വൈശിഷ്ട്യം കൊണ്ട് മലയാളക്കരയെ ആത്മനിർവൃതിയിൽ ആറാടിച്ച മഹാകവി കുമാരനാശാൻ ജനിച്ചിട്ട് ഒന്നര നൂറ്റാണ്ട് തികയുകയാണ്. തിരമാലകൾ തീരം തഴുകുന്ന ഗ്രാമാന്തരീക്ഷത്തിൽ ജനിച്ചു വളർന്ന ഒരു സാധാരണ ബാലൻ ജ്ഞാനസമ്പാദനം വ്രതമായി സ്വീകരിച്ചുകൊണ്ട് ജീവിത സമസ്യകളുടെ സാഗരം നീന്തിക്കടന്ന് ഇരുപതാംനൂറ്റാണ്ട് കണ്ട ഏറ്റവും മഹാനായ കവിയായി പരിണമിച്ച കഥയാണ് മഹാകവി കുമാരനാശാന്റെ ജീവിതം. 1873 ഏപ്രിൽ 12 ന് തിരുവിതാംകൂറിലെ ചിറയിൻകീഴ് താലൂക്കിൽ കായിക്കര ഗ്രാമത്തിലെ 'തൊമ്മൻവിളാകം' എന്ന പുരാതനകുടുംബത്തിൽ നാരായണൻ-കൊച്ചുപെണ്ണ് (കാളിയമ്മ) ദമ്പതിമാരുടെ മകനായാണ് 'കുമാരു' എന്ന കുമാരനാശാൻ ജനിച്ചത്. പതിനാലാം വയസ്സിൽ ചക്കൻ വിളാകം പ്രൈമറി സ്കൂളിൽ നിന്നും പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി അതേ സ്കൂളിൽ തന്നെ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചെങ്കിലും സർവ്വീസ് നിയമപ്രകാരമുള്ള പ്രായം തികയാത്തതിനാൽ ജോലി ഉപേക്ഷിക്കേണ്ടി വന്നു. തുടർന്ന് ഒരു വ്യാപാരശാലയിൽ കണക്കെഴുത്ത് ജോലിയിൽ പ്രവേശിച്ച അദ്ദേഹം സംസ്കൃത വിദ്യാഭ്യാസം ആർജ്ജിക്കുക എന്ന ആഗ്രഹ സഫലീകരണത്തിനായി ആ ജോലിയും ഉപേക്ഷിച്ച് സംസ്കൃതപാഠശാലയിൽ ചേർന്നു. 'എനിക്കറിയാവുന്നതെല്ലാം ഞാൻ നിനക്കു പറഞ്ഞുതന്നു. എന്നിലും ഉപരിയായ വേറെ ആരുടെയെങ്കിലും അടുക്കൽ പോയി പഠിക്കണം' എന്നു പറഞ്ഞ് സംസ്കൃതപാഠശാലയിലെ ഗുരു കുമാരനാശാനെ അനുഗ്രഹിച്ചു യാത്രയാക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം വെറും പതിനെട്ടുവയസ്സായിരുന്നു.

ഈ കാലഘട്ടത്തിലാണ് നവോത്ഥാനത്തിന്റെ ആൾരൂപമായ ശ്രീനാരായണ ഗുരുവുമായുള്ള സംഗമം കുമാരനാശാന്റെ ജീവിതയാത്രയിൽ വഴിത്തിരിവുണ്ടാക്കിയത്. ഗുരുവിലൂടെ ഡോ. പി. പൽപ്പുവിന്റെ സഹായത്താൽ ബാംഗ്ലൂർ ശ്രീചാമരാജേന്ദ്ര സംസ്കൃത കോളേജിൽ ചേർന്ന് പഠനം ആരംഭിച്ചെങ്കിലും മൂന്നു വർഷങ്ങൾക്കിപ്പുറം അബ്രാഹ്മണൻ എന്ന ഒറ്റക്കാരണത്താൽ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കാതെ പുറത്തു പോകേണ്ടി വന്നു. ജാതിവൈരത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടി വന്നെങ്കിലും അറിവിനോടുള്ള അടങ്ങാത്ത ആഗ്രഹം കൊണ്ട് അദ്ദേഹം പിന്നീട് കൽക്കത്ത സംസ്കൃത കോളേജിൽ ചേർന്ന് പഠനം തുടർന്നു. അക്കാലഘട്ടത്തിൽ മലീമസമായ സാമൂഹിക വ്യവസ്ഥക്കെതിരെ വംഗദേശത്തുടലെടുത്ത നവോത്ഥാന മുന്നേറ്റങ്ങളും വിവേകാനന്ദനെപ്പോലുള്ള മഹാമനീഷികളുടെ ദർശനങ്ങളും കുമാരനാശാന്റെ ജീവിത വീക്ഷണങ്ങളിൽ കാതലായ സ്വാധീനം ചെലുത്തുകയും അത് അദ്ദേഹത്തിന്റെ കർമ്മനിരതമായ ജീവിതത്തിലൂടെ മലയാളനാടിന് അനുഭവവേദ്യമാകുകയും ചെയ്തു.

കവിതകളിൽ കാൽപ്പനിക വസന്തം തീർത്ത് മലയാളികളുടെ കാവ്യസങ്കൽപ്പങ്ങൾക്ക് പുത്തൻ നിറച്ചാർത്ത് സമ്മാനിച്ച കാൽപ്പനിക കവിയും അക്ഷരങ്ങളിൽ സമത്വബോധത്തിന്റെ വീറുപകർന്ന് സാമൂഹിക പരിവർത്തനത്തിനുതകുന്ന കാവ്യശരങ്ങളാക്കി അവതരിപ്പിച്ച നവോത്ഥാന കവിയുമാണ് കുമാരനാശാൻ. സ്കൂൾ വിദ്യാർത്ഥിയായിരിക്കെ തന്നെ പദ്യങ്ങളും പാട്ടുകളും വർണ്ണനകളും രചിച്ചു തുടങ്ങിയ കുമാരനാശാന്റെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ കവിത 'മലയാള വിനോദിനി' പത്രത്തിൽ അച്ചടിച്ചു വന്ന 'ഒരോണവർണ്ണന'യാണ്. 'സുബ്രഹ്മണ്യശതകം' ആണ് ആദ്യമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. വീണപൂവ്, നളിനി, കരുണ, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, പ്രരോദനം എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. മൃത്യുഞ്ജയം, വിചിത്രവിജയം എന്നീ നാടകങ്ങളും കുമാരനാശാൻ രചിച്ചിട്ടുണ്ട്. പദ്യ-ഗദ്യ-നാടക രചനകൾ കൂടാതെ നിരൂപണ സാഹിത്യത്തിനായും ആശാൻ തന്റെ തൂലിക ചലിപ്പിച്ചിട്ടുണ്ട്.

ഖണ്ഡകാവ്യങ്ങൾ കൊണ്ട് മഹാകാവ്യം തീർത്തു എന്നതാണ് കുമാരനാശാനെ ആധുനിക കവിത്രയങ്ങളിൽ വേറിട്ടു നിർത്തുന്നത്. ഷെല്ലി, ബയറൻ, കീറ്റ്സ് എന്നീ ആംഗലേയ കവികളുടെ സംഭാവനകളെ അനുസ്മരിക്കും വിധം സാഹിത്യസൃഷ്ടിയിൽ നൂതനസരണികൾ തേടിക്കൊണ്ട് കുമാരനാശാൻ നിരവധി ഖണ്ഡകാവ്യങ്ങളാണ് രചിച്ചത്. കാവ്യരചനയിൽ മനസ്സിന്റെ സൂക്ഷ്മ സ്വഭാവം പ്രദർശിപ്പിക്കുന്ന രീതി അവലംബിച്ച കുമാരനാശാൻ മലയാള സാഹിത്യലോകം അതുവരെ ദർശിച്ചിട്ടുള്ള ഖണ്ഡകൃതികളിൽ നിന്നു വ്യത്യസ്തമായി അർത്ഥഗംഭീരവും വിചാരസുന്ദരവും വിലാസമോഹനവുമായ കവിതകളെ അഭിനവ വൈചിത്ര്യത്തോടെ ഖണ്ഡകൃതിയിലാക്കിക്കൊണ്ടാണ് ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ വിധാതാവായത്.

ശ്രീനാരായണ ദർശന പുണ്യത്താൽ ധന്യമായ ജീവിതമായിരുന്നു കുമാരനാശാന്റേത്. 1891 ലെ ആദ്യ സംഗമത്തിൽത്തന്നെ ഗുരുവിന്റെ വാത്സല്യഭാജനമായിത്തീർന്ന കുമാരനാശാൻ, പിന്നീട് ഗുരുവിന്റെ മാനസപുത്രനായി മാറി. 1903 മേയ് 15 ന് ശ്രീനാരായണ ധർമ്മ പരിപാലന യോഗം നിലവിൽവന്നപ്പോൾ അതിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായിക്കൊണ്ട് സാമൂഹ്യപരിഷ്കരണ യജ്ഞത്തിന് അദ്ദേഹം തുടക്കം കുറിച്ചു. വ്യവസായ അഭിവൃദ്ധി കൈവരിച്ചുകൊണ്ട് സാമുദായികോദ്ധാരണം സാധ്യമാക്കുന്നതുൾപ്പെടെയുള്ള ഒട്ടേറെ കർമ്മപദ്ധതികൾക്ക് പതിമൂന്നു വർഷക്കാലം ആ സ്ഥാനത്തിരുന്നുകൊണ്ട് അദ്ദേഹം നേതൃത്വം നൽകി.

പൊതുജീവിതം ജാതിവിവേചനത്തിനെതിരായ പോരാട്ടത്തിനായി സമർപ്പിച്ച വ്യക്തിത്വമായിരുന്നു കുമാരനാശാന്റേത്. ശ്രീമൂലം പ്രജാസഭാംഗം, തിരുവിതാംകൂർ സ്റ്റേറ്റ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം എന്നീ നിലകളിൽ അദ്ദേഹം കാഴ്ചവച്ച പ്രവർത്തനങ്ങൾ അതിനുള്ള ഉത്തമ ഉദാഹരണങ്ങളാണ്. 1914 ൽ ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ പ്രതിനിധി എന്ന നിലയിലാണ് കുമാരനാശാൻ ആദ്യമായി ശ്രീമൂലം പ്രജാസഭയിൽ എത്തുന്നത്. സംസ്കൃത-ആയുർവേദ ഗവൺമെന്റ് പാഠശാലകളിലും ഗവൺമെന്റ് പെൺ പള്ളിക്കൂടങ്ങളിലും ഈഴവ കുട്ടികൾക്ക് പ്രവേശനം നിഷേധിച്ച ഗവൺമെന്റിന്റെ നീതിബോധത്തെ ചോദ്യം ചെയ്തു കൊണ്ട് 1914 ഫെബ്രുവരി 20 ന് ശ്രീമൂലം പ്രജാസഭയിൽ കുമാരനാശാൻ നടത്തിയ പ്രസംഗം അക്കാലഘട്ടത്തിലെ പൗരാവകാശ പോരാട്ടങ്ങൾക്ക് വലിയ പ്രചോദനമായി. തിരുവിതാംകൂർ സ്റ്റേറ്റ് ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് ഈഴവ സമുദായത്തിന്റെ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്തതിന് ഗവൺമെന്റിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് 1920 ഫെബ്രുവരി 2 ന് ചേർന്ന പ്രാരംഭ സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിലെ 'ഞങ്ങൾക്ക് അനുവദിച്ചുതന്ന ഈ സൗജന്യം കാലവിളംബമന്യേ ഞങ്ങളേക്കാൾ കൂടുതൽ പിന്നിൽ നിൽക്കുന്ന സമുദായങ്ങൾക്കുകൂടി അനുഭവയോഗ്യമാക്കിത്തീർക്കുമെന്നതിന്റെ ശുഭസൂചനയായി കൂടി ഞാൻ ഇതിനെ കണക്കാക്കുന്നു' എന്ന പ്രസ്താവന കുമാരനാശാന്റെ സമത്വബോധത്തെ വെളിപ്പെടുത്തുന്നു.

വിവേകോദയം, പ്രതിഭ എന്നിവയുടെ പത്രാധിപർ, ആലുവ അദ്വൈതാശ്രമം സെക്രട്ടറി, തിരുവനന്തപുരം പഞ്ചായത്ത് കോടതി ജഡ്ജി, തിരുവനന്തപുരം ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റി മെമ്പർ തുടങ്ങിയ പദവികളും ആശാൻ വഹിച്ചിട്ടുണ്ട്. 1918 ൽ വൈവാഹിക ജീവിതത്തിലേക്ക് കടന്ന കുമാരനാശാന്റെ ജീവിത സഖിയായത് ഭാനുമതിയമ്മയാണ്. അപ്രതീക്ഷിതമായി പ്രാണന്റെ പാതിയായവളെ തനിച്ചാക്കി, പെയ്തിറങ്ങാൻ കൊതിച്ച കാവ്യപേമാരി ബാക്കി വച്ച് 1924 ജനുവരി 17 ന് പല്ലനയാറിന്റെ ആഴപ്പരപ്പിലേക്ക് മുങ്ങിത്താഴ്ന്നത് കേവലം ഒരു ജീവനല്ല...., മറിച്ച് അമൂല്യങ്ങളായ കാവ്യശിൽപങ്ങൾകൊണ്ട് മലയാള ഭാഷാ സാഹിത്യത്തിന് ചാരുതയേകിയ കാവ്യസൃഷ്ടാവാണ്, സമത്വബോധം കൈമുതലാക്കിയ ഒരു സമുദായ മാർഗ്ഗദർശിയാണ്, വർണരഹിത സമൂഹം സാക്ഷാത്കരിക്കുവാൻ വെമ്പൽ കൊണ്ട ഒരു സാമാജികനാണ്, "മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ..... മാറ്റുമതുകളീ നിങ്ങളെത്താൻ ...." എന്ന് ഒരു തലമുറയോട് ഉദ്ഘോഷിച്ച മഹാനുഭാവനാണ് എന്ന് നാം ഓരോത്തരും ഈ കാലഘട്ടത്തിലും തിരിച്ചറിയുന്നു.

തയ്യാറാക്കിയത്:

ഡോ. വിനേഷ് എൻ. വി,
പ്രോഗ്രാം അസിസ്റ്റൻറ്

നിയമസഭാ പ്രസംഗത്തിലൂടെ

ധീരസൈനികർക്ക് ഐക്യദാർഢ്യം

(ബംഗ്ലാദേശ് വിമോചനത്തിനായി പോരാടുന്ന ഇന്ത്യൻ സൈനികർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കേരള നിയമസഭയിൽ 1972 ഡിസംബർ 6 ന് അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള ചർച്ചയിൽ പങ്കെടുത്ത് അന്നത്തെ ആഭ്യന്തരമന്ത്രി കെ.കരുണാകരൻ സഭാ തലത്തിൽ നടത്തിയ പ്രസംഗം)

സർ, 1962 ലും 1965 ലും ഇൻഡ്യ ആക്രമിക്കപ്പെടുകയുണ്ടായിട്ടുണ്ട്. പക്ഷെ ആദ്യമായിട്ടാണ് ഒരു യുദ്ധ പ്രഖ്യാപനം ഇൻഡ്യയുടെ നേരെ ഉണ്ടാകുകയും പ്രഖ്യാപിക്കപ്പെട്ട ഒരു യുദ്ധത്തിൽ നാം അകപ്പെടുകയും ചെയ്യിട്ടുള്ളത്. ഒരുപക്ഷെ ആദ്യമായിട്ടായിരിക്കാം ഇൻഡ്യയിലെ എല്ലാ ജനവിഭാഗങ്ങളും ഇതിനുവേണ്ടി ഇൻഡ്യാ ഗവൺമെന്റിന്റെ പിന്നിൽ അണിനിരക്കാൻ തയ്യാറാണെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതും, അതിപ്രധാനമായിട്ടുള്ള ഒരു യുദ്ധത്തെയാണ് നാം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ യുദ്ധം പ്രഖ്യാപിക്കാൻ ഇടയായ സാഹചര്യവും ഇൻഡ്യയുടെ നിലപാടും യാതൊരു വിധത്തിലുള്ള സംശയത്തിനും ഇട നൽകാത്ത വിധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷെ എത്ര തന്നെ വ്യക്തമാക്കിയാലും മനസ്സിലാക്കാത്ത ചില ശക്തികളും രാഷ്ട്രീയ ചേരിതിരിവും ലോകത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതു ഒരു സത്യമാണ്. ഇൻഡ്യയെ സംബന്ധിച്ചിത്തോളം മറ്റൊരു രാഷ്ട്രത്തിന്റെയും ഒരു ഇഞ്ചു ഭൂമി പോലും ആവശ്യമില്ലെന്ന് നിരന്തരം സംശയത്തിന് ഇടം നൽകാത്ത വിധത്തിൽ കലവറ കൂടാതെ നാം തുറന്നു പ്രഖ്യാപിച്ചിട്ടുണ്ട്. ബംഗ്ലാദേശ് പ്രശ്നം ഉണ്ടായ അവസരത്തിൽ തന്നെ ഇൻഡ്യയുടെ നിലപാട് എന്താണെന്നുള്ളതിനെപ്പറ്റി വളരെ വ്യക്തമാക്കിയിട്ടുണ്ട്. ഇൻഡ്യയുടെ നിലപാട് മറ്റൊന്നുമല്ല.ബംഗ്ലാദേശിലെ ജനങ്ങൾ അവർക്ക് അവരുടേതായ ഒരു ഭരണം സ്ഥാപിച്ചു കിട്ടുന്നതിനുള്ള അവകാശം വേണമെന്നു പറയുന്നതിനോട് ഇൻഡ്യയും യോജിക്കുകയാണ് ചെയ്തത്. അവിടെ ഒരു ജനാധിപത്യ ഭരണകൂടം രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടുത്തെ ജനങ്ങൾ മുന്നോട്ടു വന്നു. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ജനാധിപത്യം മൂല്യമായ ഒരു വസ്തുവായി അംഗീകരിച്ചിട്ടുണ്ട്. ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്ന ഏതൊരു രാഷ്ട്രത്തിന്റെയും പിന്നിൽ എന്നുമെന്നും ഇൻഡ്യ അതിന്റേതായ ധാർമ്മിക പിന്തുണ നൽകിയിട്ടുണ്ട്. സ്വതന്ത്ര ഇൻഡ്യ മാത്രമല്ല അടിമ ഇൻഡ്യയും അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബംഗ്ലാദേശിലും ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർ മോചനത്തിനു വേണ്ടി നടത്തുന്ന സമരത്തിന് ധാർമ്മിക സമരത്തിന്, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന സമാധാനത്തിൽ വിശ്വസിക്കുന്ന സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്ന രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം പിന്തുണ നൽകേണ്ട കടപ്പാട്ടുണ്ട്. ആ നിലയിൽ തൊട്ടുകിടക്കുന്ന ഒരു രാജ്യമെന്നുള്ള നിലയിൽ ആദ്യമായി ഇൻഡ്യ മുന്നോട്ടു വന്നു ബംഗ്ലാദേശിലെ ജനങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഈ അടുത്ത കാലത്ത് വിഭജിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും പാക്കിസ്ഥാൻ ഇൻഡ്യയുടെ ഒരു ഭാഗമായിരുന്നു. അവിടെയുള്ളവരെല്ലാം തന്നെ നമ്മുടെ സഹോദരൻമാരാണ്. രക്തബന്ധമുള്ളവരാണ് അങ്ങനെയുള്ള നമ്മുടെ സഹോദരൻമാർ തങ്ങളുടെ നാട്ടിൽ ജീവിക്കാൻ നിവൃത്തിയില്ലെന്നുള്ള നിലയിൽ യാഹ്യാഖാന്റെ പട്ടാള ഭരണത്തിന്റെ ഫലമായി മൃഗീയ മർദ്ദനം സഹിക്കാൻ നിവൃത്തിയില്ലെന്നുള്ള സാഹചര്യത്തിൽ ഇൻഡ്യയിൽ അഭയം തേടുന്നതിന് വന്നപ്പോൾ ഇൻഡ്യ അവർക്ക് ആശ്വാസം നൽകിയെന്നുള്ളത് സത്യമാണ്, മനുഷ്യത്വമാണ്. ആ നീക്കങ്ങളാണ് ലോകത്തിലെ ചില രാഷ്ട്രങ്ങൾ ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിച്ചിട്ടുള്ളത്. അത് ഏതെല്ലാം രാഷ്ട്രങ്ങളാണെന്നും, ആ രാഷ്ട്രങ്ങൾ കാലാകാലങ്ങളിൽ ഇൻഡ്യയോട് സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്നും വളരെ വ്യക്തമാണ്. അമേരിക്കപോലും, ഞാൻ 'അമേരിക്കപോലും' എന്നു പറയാൻ കാരണം ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു രാഷ്ട്രമെന്നുള്ള നിലയിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇൻഡ്യയെ ജനാധിപത്യ മുന്നേറ്റത്തെ സഹായിക്കുന്നതാണെന്നു പ്രഖ്യാപിച്ച അമേരിക്ക പോലും വിഷമമേറിയ കാലഘട്ടത്തിൽ സഹായിക്കുക ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. അമേരിക്ക പ്രതിനിധാനം ചെയ്യുന്ന താൽപര്യത്തിന് ഇൻഡ്യയെ കൂട്ടുകിട്ടുകയില്ലെന്ന് അവർക്കറിയാം. അതുകൊണ്ടാണ് ഇൻഡ്യയുടെ വളർച്ചയേയും ഇൻഡ്യയുടെ ശക്തിയേയും സന്തോഷത്തോടുകൂടി അമേരിക്ക അംഗീകരിക്കാത്തത്, സഹായിക്കാത്തത്. ഇന്ന് ഈ സാഹചര്യത്തിൽ ബംഗ്ലാദേശ് പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഇൻഡ്യക്ക് സാധിച്ചാൽ ഇൻഡ്യക്ക് ലോകരാഷ്ട്രങ്ങളുടെയിടയിൽ ഉണ്ടാകുന്ന സ്ഥാനത്തെക്കുറിച്ച് അമേരിക്കയ്ക്ക് ആശങ്കയുണ്ട്. സെക്യൂരിറ്റി കൗൺസിലിൽ രണ്ടുപേർ മാത്രമേ ഇൻഡ്യക്കനുകൂലമായി വോട്ടു ചെയ്തുള്ളൂ. മറ്റു പല രാഷ്ട്രങ്ങളും എതിർത്ത് വോട്ട് ചെയ്തു. രണ്ട് രാഷ്ട്രങ്ങൾ നിഷ്പക്ഷത പാലിച്ചു. എന്നു പറഞ്ഞാൽ ലോക ചരിത്രം അറിയാവുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അത് ഞെട്ടിപ്പിക്കുന്ന ഒരു സംഭവമല്ല. ആ നിലയ്ക്ക് ലോകരാഷ്ട്രങ്ങൾ ഈ നിലപാട് അംഗീകരിക്കാൻ ഇടവന്നത്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതു പോലെ, ഈ യുദ്ധത്തിൽ ഞങ്ങൾ എന്തു നിലപാട് എടുത്തു എന്നു പ്രഖ്യാപിച്ചതുകൊണ്ടല്ല. ഈ യുദ്ധത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യയുടെ നിലപാടിൽ യാതൊരു ആശങ്കയ്ക്കും അവകാശമില്ല. യുദ്ധം പ്രഖ്യാപിച്ചതിനുശേഷം പടിഞ്ഞാറൻ പാക്കിസ്ഥാന്റെ മണ്ണിൽ ഇൻഡ്യൻ പട്ടാളം പ്രവേശിച്ചതിനുശേഷം ഇൻഡ്യയുടെ പ്രധാനമന്ത്രി സംശയത്തിന് ഇടനൽകാത്ത ഭാഷയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മറ്റൊരു രാജ്യത്തിന്റെ ഒരിഞ്ചു ഭൂമി പോലും ഞങ്ങൾക്കാവശ്യമില്ലെന്ന്. ബംഗ്ലാദേശിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് അവരുടേതായ ഭരണം നടത്താനുള്ള പൂർണ്ണമായ അവകാശം ഇൻഡ്യ അംഗീകരിക്കുന്നുവെന്നും അതിനുവേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന ബംഗ്ലാദേശ് രാജ്യത്തിലെ മുക്തിബാഹിനിക്ക് ഇൻഡ്യാ ഗവൺമെന്റ് പൂർണ്ണമായ പിൻതുണ നൽകുന്നുവെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പ്രഖ്യാപനത്തെ സംബന്ധിച്ചിടത്തോളം സംശയിക്കേണ്ട കാര്യമില്ല. അന്യ രാജ്യം പിടിച്ചടക്കി സാമ്രാജ്യത്വം സ്ഥാപിക്കണമെന്ന് അശേഷം വ്യാമോഹമില്ലാത്ത ഒരു രാഷ്ട്രം, സാമ്രാജ്യത്വത്തിനെതിരായി പോരാടിയ ഒരു ജനത, സാമ്രാജിത്വം സ്ഥാപിക്കുന്നതിനുവേണ്ടി മുതിരുകയാണെന്നു പറഞ്ഞാൽ പറയുന്നവരെക്കുറിച്ച് സഹതപിക്കുകയല്ലാതെ വേറെ നിവൃത്തിയില്ല. ഇൻഡ്യയുടെ നിലപാട് വളരെ വ്യക്തമാണ്. ബംഗ്ലാദേശിലെ ജനങ്ങൾക്ക് സ്വയം നിർണ്ണയാവകാശം സ്ഥാപിച്ചുകൊടുക്കുക എന്നുള്ള ഏറ്റവും പ്രധാനമായ കൃത്യം നിർവ്വഹിക്കുക മാത്രമാണ് ഇൻഡ്യ ചെയ്യുന്നതെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അല്ലാതെ അവരുടെ ഒരിഞ്ചുമണ്ണുപോലും ഇൻഡ്യ കൈവശം വയ്ക്കുകയില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. യുദ്ധതന്ത്രം എന്നുള്ള നിലയിൽ യുദ്ധരംഗത്ത് പോരാടുന്ന പടയാളികളോട് ശത്രുവിന്റെ മണ്ണിൽ പ്രവേശിക്കേണ്ട, അവർക്ക് അതെല്ലാം വിട്ടുകൊടുത്തേക്കണം എന്ന് യുദ്ധം ചെയ്യുന്ന അവസരത്തിൽ ഏതെങ്കിലും രാഷ്ട്രത്തിന്റെ തലവൻമാർ പറയുമോ? അങ്ങനെ രാഷ്ട്രീയമായ പ്രസംഗങ്ങൾ നടത്താൻ കഴിയും. ഇൻഡ്യൻ ജനത ഇൻഡ്യയുടെ ആ നിലപാടിന് പൂർണ്ണമായ അംഗീകാരം കൊടുത്തു കഴിഞ്ഞു മാത്രമല്ല, ഈ അവസരത്തിൽ കുറെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും നമ്മുടെ പിന്നിലുണ്ട്. അല്ലാതുള്ളവർ ഏതൊക്കെയാണെന്നു നമുക്കറിയാം. ഇന്നു കാലത്തു പത്രം വായിച്ചപ്പോൾ ചൈനാ പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിൽ വേദനയുണ്ടായി. ചൈനാ പ്രധാനമന്ത്രി ഇൻഡ്യയ്ക്ക് ഒരു മുന്നറിയിപ്പും ഒരു ഭീഷണിയും നൽകിയിരിക്കുകയാണ്. ബംഗ്ലാദേശിലെ ജനങ്ങളെ മോചിപ്പിച്ചു കഴിഞ്ഞാൽ അനന്തരഫലം ഇൻഡ്യ അനുഭവിക്കേണ്ടി വരുമെന്നും അതിന്റെ അന്ത്യം സുഖകരമായിരിക്കുകയില്ലെന്നും ചൈന മുന്നറിയിപ്പു നൽകിയിരിക്കുകയാണ്. ഇതുപോലെ എത്രയെത്ര ഭീഷണികൾ നാം കേട്ടിട്ടുണ്ട്. ഇൻഡ്യയുടെ മണ്ണിൽ നിന്നു കൊണ്ട് ഇൻഡ്യയെ സ്വതന്ത്രമാകാൻ അനുവദിക്കുകയില്ലെന്നു പ്രഖ്യാപനം ചെയ്ത സാമ്രാജ്യത്വത്തെ തകർത്ത ഇൻഡ്യൻ ജനതക്ക് ചൈന ഒരു ചുക്കമല്ലെന്ന് ഞാൻ വ്യക്തമാക്കുകയാണ്. സ്വന്തം കാലിൽ നിന്നു കൊണ്ട് ശത്രുക്കൾക്കെതിരെ പോരാടാൻ നാം തീരുമാനിച്ചിരിക്കുകയാണ്. ആരുടെയും പിന്തുണ പ്രതീക്ഷിച്ചു കൊണ്ടല്ല. സോഷ്യലിസം വരുത്തണമെന്ന് ആഗ്രഹിക്കുന്ന രാഷ്ട്രങ്ങൾ പലതും സോഷ്യലിസ്റ്റ് വിരുദ്ധ ചേരിയിൽ നിൽക്കുകയില്ലെന്ന് നാം ആത്മാർത്ഥമായി വിശ്വസിച്ചു. ചിലപ്പോൾ അത് തെറ്റായിരിന്നിട്ടുണ്ടാകാം. ചൈനയുടെ നിലപാട് എന്തായാലും ശരി, ലോകരാഷ്ട്രങ്ങളുടെ നിലപാട് എന്തായാലും ശരി ബംഗ്ലാദേശിലെ ജനങ്ങളുടെ മോചനത്തിനായി, അവർക്ക് അവരുടേതായ ഭരണം സ്ഥാപിക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള അന്തിമമായ പോരാട്ടത്തിൽ ഇൻഡ്യൻ ജനത അവരുടെ പിന്നിലുണ്ടെന്ന് ഇൻഡ്യാ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുക്ക് നമ്മുടേതായ ചില കർത്തവ്യങ്ങളുണ്ട്. നമ്മുടെ ധീരരായ പടയാളികൾ യുദ്ധരംഗത്ത് ആവേശത്തോടുകൂടി ധീരതയോടുകൂടി ഈ രാജ്യത്തിന്റെ അന്തസ്സും അഭിമാനവും സ്വാതന്ത്ര്യവും കാത്തു സൂക്ഷിക്കാൻ ശത്രുവിന് വമ്പിച്ച ആഘാതമേൽപ്പിച്ചുകൊണ്ട് മുന്നോട്ടു കുതിച്ചു കയറുകയാണ്. ആ ധീരരായ ജവാൻമാർക്ക് ആത്മവീര്യം നിലനിർത്തുന്നതിനും ആവേശവും പിന്തുണയും നൽകുന്നതിനും പിന്നണിനിര നമുക്ക് ശക്തിപ്പെടുത്തണം. അതിനാവശ്യമായ എല്ലാ നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രതിപക്ഷത്തിന്റെ സഹായം വാഗ്ദാനം ചെയ്തു. ഈ കാര്യത്തിൽ ഭരണകക്ഷിയും പ്രതിപക്ഷവുമില്ല. ഇൻഡ്യൻ ജനതയാണ്. ആ നിലയ്ക്ക്, ഇൻഡ്യൻ ജനതയെ അഭിമുഖീകരിക്കുന്ന പ്രശ്നം നേരിടുന്നു എന്ന നിലക്ക് ഭരണകക്ഷിയും പ്രതിപക്ഷവും എന്നുള്ള വ്യത്യാസം കൂടാതെ ഈ പ്രശ്നം എല്ലാവരുമായി കൂടിയിരുന്ന് ആലോചിക്കണം. നാളെ മുഖ്യമന്ത്രി തന്നെ ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കാൻ വേണ്ടി എല്ലാവിധ തുറകളിലും പ്രവർത്തിക്കുന്ന ആളുകളെ വിളിച്ച് കൂട്ടിയിരിക്കുകയാണ്. സാധനങ്ങളുടെ വിലവർദ്ധനവ് അനുവദിച്ചുകൂട. സാമൂഹ്യ ദ്രോഹികളെ നിലക്കു നിറുത്തണം. ആ നടപടി സ്വീകരിക്കുമ്പോൾ അതിനാത്മാർത്ഥമായ പിന്തുണ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ സമൂഹത്തിന്റെ ശത്രുക്കളെ നിലക്ക് നിറുത്തുമ്പോൾ ചിലർ മർദ്ദനത്തിന്റെ മുറവിളിയുമായി വരുകയില്ലെന്ന് പ്രത്യാശിക്കുകയാണ്. നാം യുദ്ധരംഗത്തല്ലെങ്കിലും രംഗത്തു പ്രവർത്തിക്കുന്ന ഭടൻമാർക്ക് വേണ്ടയിടത്തോളം ആവേശം കൊടുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ കോസ്റ്റൽ ഏരിയ ശത്രുക്കൾക്ക് നുഴഞ്ഞുകറാൻ സാധിക്കുന്ന കേന്ദ്രങ്ങളാണ്. അവയെ കാത്തുരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ ആർക്കും ഒരു സംശയത്തിനും ഇട വരേണ്ട, പരിഭ്രമത്തിന് ഇട വരേണ്ട. എല്ലാ വിധത്തിലുള്ള സംരക്ഷണ നടപടികളും ഗവൺമെന്റ് സ്വീകരിക്കും. തൊഴിലാളികളും സർക്കാർ ജീവനക്കാരുമെല്ലാം ഈ കാര്യത്തിൽ നിർലോഭമായ സഹകരണം തരുന്നുണ്ട്. വ്യവസായികളും അവസരത്തിനൊത്തുയർന്ന് മുന്നോട്ട് വരും. ഇങ്ങനെയല്ലാത്ത രൂപത്തിൽ പ്രവർത്തിക്കുന്നവർ രാജ്യത്തിന്റെ ശത്രുക്കളാണ്. അവരെ സൂക്ഷിക്കേണ്ടത് നമ്മുടെ രാജ്യത്തിന്റെ ആവശ്യമാണ്. ഈ അവസരത്തിൽ പൂഴ്ത്തിവയ്പും വിലവർദ്ധനവും തടയുന്നതിനും നിത്യോപയോഗ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബംഗ്ലാദേശിന്റെ മോചനം സാധിക്കുന്നതിനു വേണ്ടി പോരാടുന്ന നമ്മുടെ ധീരരായ പടയാളികളെ സഹായിക്കുന്നതിന് കേരളത്തിലെ ജനത മുഴുവൻ ഒറ്റക്കെട്ടായി നിൽക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു ജയ്ഹിന്ദ്.

കെ.കരുണാകരൻ (1918-2010)

ഇന്ത്യൻ രാഷ്ട്രീയത്തിലെ അജയ്യനായിരുന്ന കെ.കരുണാകരന്റെ ജനനം 1918 ജൂലൈ 5 നായിരുന്നു. പത്തൊൻപതാം വയസ്സിൽ കോൺഗ്രസ് അംഗത്വം നേടിയ കെ.കരുണാകരൻ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ പങ്കാളിയായി ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്, 1948-49 കാലയളവിൽ കൊച്ചിൻ നിയമ നിർമ്മാണ സഭയിലും 1949-56 കാലയളവിൽ തിരു-കൊച്ചി നിയമനിർമ്മാണ സഭയിലും അംഗമായിരുന്ന അദ്ദേഹം 3 ാം കേരള നിയമസഭ മുതൽ 9 ാം കേരള നിയമസഭ വരെ തുടർച്ചയായി മാള നിയോജകമണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധീകരിച്ചു. നാല് തവണ കേരള മുഖ്യമന്ത്രി പദമലങ്കരിച്ചിട്ടുണ്ട്. കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (1968-70), പ്രിവിലേജസ് കമ്മിറ്റി (1982-86) എന്നിവയുടെ ചെയർമാനായിരുന്നു അദ്ദേഹം. കോൺഗ്രസ് നിയമസഭാ കക്ഷി ചീഫ് വിപ്പ് (1952-53), നിയമസഭാ കക്ഷി നേതാവ് (1967-95) എന്നീ നിലകളിലും പ്രവർത്തിച്ചു. 2010 ഡിസംബർ 23 ന് അന്തരിച്ച അദ്ദേഹത്തിന് 2010 ഡിസംബർ 27 ന് നിയമസഭ ചരമോപചാരം അർപ്പിച്ചു.

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

ടി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ജനക്ഷേമം മുൻനിർത്തിയുള്ള നിയമങ്ങൾ നിർമ്മിക്കുക എന്നത് ഏതൊരു നിയമ നിർമ്മാണ സഭയുടെയും അടിസ്ഥാന സ്വഭാവമാണ്. ജനങ്ങളുടെ സ്വതന്ത്രമായ ജീവനത്തിൽ നിയന്ത്രണങ്ങളും നികുതികളും ഏർപ്പെടുത്തുന്ന നിയമങ്ങൾ നല്ല ഉദ്ദേശ്യത്തോടെയാണ് നിർമ്മിക്കപ്പെടുന്നതെങ്കിലും അവ പൊതുവേ എല്ലാവർക്കും ഒരുപോലെ സ്വീകാര്യമായിക്കൊള്ളണമെന്നില്ല. എന്നാൽ ഉപജീവനത്തിനായി വിവിധ മേഖലകളിൽ പണിയെടുക്കേണ്ടിവരുന്നവർ നേരിടേണ്ടി വരുന്ന വിവിധ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ പ്രാപ്തമായ നിയമങ്ങൾ എല്ലാവർക്കും സ്വീകാര്യമായവയാണ്. അതുകൊണ്ടുതന്നെ അവയെ നിശ്ചയമായും ജനസൗഹൃദ നിയമങ്ങൾ എന്നുതന്നെ അടയാളപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിൽ രണ്ടാം കേരള നിയമസഭയുടെ കാലത്ത് ദീർഘവീക്ഷണത്തോടുകൂടി വിഭാവനം ചെയ്ത് നിർമ്മിക്കപ്പെട്ട രണ്ട് നിയമങ്ങളാണ് 1961 ലെ കേരള ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെന്റ് നിയമവും 1961 ലെ കേരള ക്യാറ്റിൽ ട്രെസ്പാസ് നിയമവും.

1961 ലെ കേരള ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്ട് (1961 ലെ 17 ാമത് നിയമം)

സംസ്ഥാനത്ത് കന്നുകാലി പ്രത്യുത്പാദന രംഗത്ത് സമഗ്രമായ മാറ്റത്തിന് നാന്ദി കുറിക്കപ്പെട്ട ഒരു നിയമമാണിത്. ഭക്ഷ്യവും കൃഷിയും വകുപ്പു മന്ത്രിയായിരുന്ന ഇ.പി. പൗലോസ് 1960 സെപ്റ്റംബർ 17ാം തീയതി രണ്ടാം കേരള നിയമസഭയിൽ അവതരിപ്പിച്ച ബിൽ അന്നുതന്നെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു. 1960 ഡിസംബർ 16 ാം തീയതി സെലക്ട് കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും 1961 ജൂൺ 15 ാം തീയതി സഭ ബിൽ പാസ്സാക്കുകയും ചെയ്തു. ഈ ബില്ലിന് 1961 ജൂൺ 28ാം തീയതി ഗവർണ്ണറുടെ അനുമതിയും ലഭിച്ചു.

സംസ്ഥാനത്ത് മൂരികളെ സംരക്ഷിക്കുന്നവർ ഈ ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം മൂരികൾക്ക് ഓരോന്നിനും ലൈസൻസ് കരസ്ഥമാക്കേണ്ടതാണ്. ലൈസൻസ് നൽകുന്നതിനുള്ള അധികാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്കോ അല്ലെങ്കിൽ ഡയറക്ടർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും. ലൈസൻസ് നേടിയിട്ടല്ലാതെ മൂരികളെ സംരക്ഷിക്കാൻ പാടില്ലാത്തതും നിശ്ചിത പ്രായം കഴിഞ്ഞ മൂരിയെ സംരക്ഷിക്കുകയാണെങ്കിൽ ഡയറക്ടർ നിർദ്ദേശിക്കുന്ന മാർഗ്ഗത്തിലൂടെ മൂരിയെ വന്ധ്യംകരണത്തിന് വിധേയമാക്കേണ്ടതുമാണ്.

വൈകല്യങ്ങളുള്ളതോ നിലവാരം കുറഞ്ഞതോ ആയ സന്താനങ്ങൾക്ക് ജന്മം നൽകുന്നതും ഭേദമാകാത്തതോ സാംക്രമികമോ ആയ രോഗങ്ങൾ ബാധിച്ചതിനാൽ പ്രത്യുൽപാദനത്തിന് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലായതും കേരള സംസ്ഥാനത്ത് വർഗ്ഗവർദ്ധനം നടത്തുന്നത് അഭിലഷണീയമല്ലാത്തതുമായ മൂരികൾക്ക് ലൈസൻസ് നിരാകരിക്കുകയോ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ റദ്ദാക്കുകയോ ചെയ്യാവുന്ന വ്യവസ്ഥ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലൈസൻസ് റദ്ദാക്കുന്ന വിവരം രേഖാമൂലം ലൈസൻസിയെ അറിയിക്കേണ്ടതാണ്. ലൈസൻസ് റദ്ദാക്കുമ്പോൾ യാതൊരു നഷ്ടപരിഹാരത്തിനും ലൈസൻസിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

യഥാർത്ഥ ഉടമയല്ല മൂരിയെ സംരക്ഷിക്കുന്നതെങ്കിൽ വന്ധ്യംകരണത്തിനുള്ള നോട്ടീസ് ലഭിച്ചാലുടൻ ആയത് ഉടമസ്ഥനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അതുമൂലം ഉടമസ്ഥന് ഉണ്ടായേക്കാവുന്ന നഷ്ടത്തിന് സൂക്ഷിപ്പുകാരൻ ഉത്തരവാദിയായിരിക്കും. ലൈസൻസ് നൽകുന്ന ഓഫീസർക്കോ അദ്ദേഹം നിർദ്ദേശിക്കുന്ന ഓഫീസർക്കോ ഏതൊരു സമയത്തും ഏതു സ്ഥലത്തും കടന്നുചെന്ന് മൂരികളെ പരിശോധിക്കുവാനുള്ള അധികാരമുണ്ടായിരിക്കും.

നിർദ്ദിഷ്ട പ്രായമെത്തിയ മൂരിയെ വന്ധ്യംകരണത്തിന് വിധേയമാക്കണമെന്ന മൂലനിയമത്തിലെ വ്യവസ്ഥ മറികടക്കുന്നതിനായി വന്ധ്യംകരണത്തിന് നോട്ടീസ് ലഭിച്ചതിനുശേഷം മൂരിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്തതായോ അതല്ലെങ്കിൽ മൂരിയെ ഏതെങ്കിലും മതസ്ഥാപനത്തിനു ദാനം ചെയ്തതായോ ഉള്ള തെറ്റായ വിവരം നല്കി, മൂരിയെ വന്ധ്യംകരണത്തിനു വിധേയമാക്കാതിരിക്കുന്നവർക്ക് പിഴയും തടവും അടങ്ങുന്ന ശിക്ഷ നൽകുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾക്കൊള്ളിക്കുന്നതിലേക്കായി 1968ൽ മൂലനിയമം ഭേദഗതി ചെയ്യപ്പെട്ടു. കൃഷിയും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി എം.എൻ. ഗോവിന്ദൻനായരാണ് ഇതു സംബന്ധിച്ച ഭേദഗതി ബിൽ 1968 ആഗസ്റ്റ് 19 ാം തീയതി സഭയിൽ അവതരിപ്പിച്ചത്. അന്നുതന്നെ ബിൽ സഭ പാസ്സാക്കുകയും 1968 നവംബർ 9 ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ചെയ്തു.

1961 ലെ കേരള ക്യാറ്റിൽ ട്രെസ്പാസ് ആക്ട് (1961 ലെ 26 ാമത് നിയമം)

സംസ്ഥാനത്ത് കന്നുകാലികൾ കൃഷിഭൂമിയിൽ അതിക്രമിച്ചു കടക്കുന്നതും വിളകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതും നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനായി നിർമ്മിക്കപ്പെട്ട ഒരു നിയമമാണ് 1961 ലെ കേരള ക്യാറ്റിൽ ട്രെസ്പാസ് ആക്ട്. 1960 സെപ്റ്റംബർ 17 ാം തീയതി അന്നത്തെ നിയമവും റവന്യൂവും വകുപ്പുമന്ത്രി കെ. ചന്ദ്രശേഖരൻ സഭയിൽ സമർപ്പിച്ച ബിൽ അന്നുതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയുണ്ടായി. 1961 ജൂൺ 13 ാം തീയതി സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ജൂൺ 21ാം തീയതി ബിൽ പാസ്സാക്കുകയും ചെയ്തു. സഭ പാസ്സാക്കിയ ബില്ലിന് 1961 ജൂലൈ 12 ാം തീയതി ഗവർണ്ണറുടെ അനുമതിയും ലഭിച്ചു.

സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങൾക്കും ബാധകമാകുന്ന രീതിയിൽ നിർമ്മിക്കപ്പെട്ട ഈ നിയമം വിളകൾക്കും മറ്റ് കാർഷികോല്പന്നങ്ങൾക്കും നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ട് കൃഷിഭൂമിയിൽ അതിക്രമിച്ചു കടക്കുന്ന കന്നുകാലികളെ പിടിച്ചെടുക്കുന്നതിന് പ്രാദേശിക ഭരണകൂടങ്ങൾക്ക് അധികാരം നൽകുന്നു.

അലഞ്ഞുതിരിയുന്ന മൃഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള ശാലകൾ ഓരോ ജില്ലയിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഡയറക്ടർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ടതും ഇതിന്റെ ചുമതല ഒരു പൗണ്ട് സൂക്ഷിപ്പുകാരനെ ഏൽപ്പിക്കാവുന്നതുമാണ്. പൗണ്ട് സൂക്ഷിപ്പുകാരൻ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ പിടികൂടുന്ന കന്നുകാലികളുടെ വിവരങ്ങളും കന്നുകാലിയെ പിടികൂടി പൗണ്ടിൽ എത്തിക്കുന്ന വ്യക്തിയുടെ വിശദവിവരവും ലഭ്യമെങ്കിൽ കന്നുകാലിയുടെ ഉടമസ്ഥന്റെ വിവരവും എഴുതി സൂക്ഷിക്കേണ്ടതാണ്.

ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം ഒരു കർഷകന് തന്റെ വിളകൾ ഒരു വളർത്തുമൃഗം നശിപ്പിക്കുന്നതായി ബോധ്യപ്പെട്ടാൽ അതിനെ പിടികൂടി ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ തന്റെ താമസസ്ഥലത്തിന്റെ പരിധിയിലുള്ള പൗണ്ടിൽ ഏൽപ്പിക്കാവുന്നതാണ്. മൃഗത്തെ പിടികൂടുന്നതു തടയുവാൻ ശ്രമിക്കുന്നവരെ പോലീസിന്റെ സഹായത്തോടെ ഒഴിവാക്കാവുന്നതാണ്. പൊതുസ്ഥലങ്ങളിൽ അതിക്രമിച്ചു കടക്കുന്ന കന്നുകാലികളെയും ഇത്തരത്തിൽ പിടികൂടി പൗണ്ടിൽ ഏൽപ്പിക്കാവുന്നതാണ്. കന്നുകാലിയുടെ ഉടമസ്ഥൻ മതിയായ തെളിവുകൾ സഹിതം ഹാജരാകുകയാണെങ്കിൽ അയാളിൽനിന്നും പിഴയും ചെലവും ഈടാക്കി കന്നുകാലിയെ അയാൾക്ക് കൈമാറാവുന്നതാണ്. പിടികൂടപ്പെട്ട കന്നുകാലിയുടെ ഉടമ ഒരാഴ്ചയ്ക്കുള്ളിൽ ഹാജരാകുന്നില്ലായെങ്കിൽ അതിനെ ലേലം ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കാവുന്നതാണ്. കന്നുകാലിയെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ നോട്ടീസ് പതിക്കുകയും പൊതുസ്ഥലത്ത് ചെണ്ടകൊട്ടി ലേലം ചെയ്യുന്ന വിവരം പൊതുജനങ്ങളെ അറിയിക്കേണ്ടതുമാണ്. തുടർന്ന് ഏഴു ദിവസത്തിനകം അവകാശികൾ ഹാജരാകാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കന്നുകാലിയെ പരസ്യമായി ലേലം ചെയ്യേണ്ടതാണ്.

നിയമവിരുദ്ധമായി പിടിച്ചെടുത്തുവെന്ന പരാതിയുമായി യഥാർത്ഥ ഉടമ ഹാജരാവുകയാണെങ്കിൽ പിഴയും ചെലവായ തുകയും അടയ്ക്കുന്നപക്ഷം കന്നുകാലിയെ അയാൾക്ക് വിട്ടുകൊടുക്കാവുന്നതാണ്. ഉടമസ്ഥൻ പിഴയൊടുക്കുവാൻ വിസമ്മതിക്കുകയാണെങ്കിൽ കന്നുകാലിയെ പരസ്യമായി ലേലം ചെയ്യാവുന്നതും അപ്രകാരം ലഭിക്കുന്ന തുകയിൽനിന്നും പിഴയും സംരക്ഷണച്ചെലവും വസൂലാക്കി പ്രാദേശിക ഭരണ ഫണ്ടിലേക്ക് മാറ്റാവുന്നതും ബാക്കി തുക ഉടമസ്ഥന് കൈമാറാവുന്നതുമാണ്. കന്നുകാലിയെ പിടികൂടിയത് നിയമവിരുദ്ധമാണെന്ന് അവകാശപ്പെടുന്ന ഉടമസ്ഥന് പത്ത് ദിവസത്തിനകം ഇതു സംബന്ധിച്ച് ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ പരാതിപ്പെടാവുന്നതും നിയമവിരുദ്ധമാണെന്ന് തെളിഞ്ഞാൽ കന്നുകാലിയെ പിടികൂടിയ വ്യക്തി നൂറു രൂപയിൽ അധികമാകാത്ത നഷ്ടപരിഹാരം ഉടമസ്ഥന് നൽകുവാൻ ബാധ്യസ്ഥനാവുന്നതുമാണ്. പിടികൂടപ്പെട്ട കന്നുകാലിയെ ബലമായി തിരികെ കൊണ്ടുപോകുകയാണെങ്കിൽ മോഷണക്കുറ്റം ചുമത്താവുന്നതും ആറുമാസത്തിൽ കവിയാത്ത തടവോ അഞ്ഞൂറുരൂപയിൽ കവിയാത്ത പിഴയോ ഇവ രണ്ടും കൂടിയോ ചുമത്താവുന്നതുമാണ്.

നിയമത്തിലെ മറ്റൊരു വ്യവസ്ഥ പ്രകാരം കന്നുകാലികളെ അലഞ്ഞുതിരിയാൻ അനുവദിക്കുകയും അതുമൂലം വിളകൾക്കും പൊതുനിരത്തുകൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്താൽ പിഴ നൽകുവാനും ജയിൽശിക്ഷ അനുഭവിക്കുവാനും ഉടമസ്ഥൻ ബാധ്യസ്ഥനാണ്. കന്നുകാലികളുടെ ശല്യം കാരണം വിളകൾക്ക് നാശം സംഭവിച്ച കർഷകന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാവുന്നതാണ്.

നിയമത്തിന്റെ പ്രയോഗത്തിൽ കാലാന്തരത്തിൽ അനുഭവപ്പെട്ടുവന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിലേക്കായി 1968 ലും 1975 ലുമായി രണ്ട് പ്രാവശ്യം മൂലനിയമത്തിൽ ഭേദഗതികൾ വരുത്തുകയുണ്ടായി.

സംസ്ഥാനത്തെ ജനങ്ങളുടെ പ്രധാന ജീവനോപാധികളായ കൃഷിയും കന്നുകാലി പരിപാലനവും പരിപോഷിപ്പിക്കുന്നതിനും ആ മേഖലകളിൽ നേരിട്ടുവരുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും ആവശ്യമായ ശക്തമായ നിയമനിർമ്മാണങ്ങൾ നടത്തുന്ന കാര്യത്തിൽ കേരള നിയമസഭ പ്രത്യേക പരിഗണന നൽകി വന്നിരുന്നു. അതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് മേൽപ്പറഞ്ഞ രണ്ടു നിയമങ്ങളും.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് ലെറ്റർ

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ.....

ഒ.ആർ. കേളു, എം.എൽ.എ.
ചെയർമാൻ
പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
സംബന്ധിച്ച സമിതി

ആതുരസേവന രംഗത്ത് പുതുപ്രതീക്ഷകളുമായ് പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ്

കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2021-23), 2022 മെയ് 5 ന് പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാലക്കാട് സർക്കാർ മെഡിക്കൽ കോളേജ് (Institute of Integrated Medical Sciences, Palakkad) സന്ദർശിക്കുകയും മെഡിക്കൽ കോളേജിന്റെ പ്രവർത്തനം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് കോളേജ് അധികൃതരുമായും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഉന്നമനത്തിന് ഉതകുന്ന നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്ന റിപ്പോർട്ട് സമിതി അധ്യക്ഷൻ ഒ.ആർ. കേളു എം.എൽ.എ 2022 ജൂലൈ 20 ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ആതുര ശുശ്രൂഷ രംഗത്ത് ഏറെ പിറകിൽ നിൽക്കുന്ന പാലക്കാട് ജില്ലയുടെ നിലവിലെ അവസ്ഥയ്ക്ക് മാറ്റം വരണമെങ്കിൽ പാലക്കാട് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകേണ്ടതുണ്ടെന്നും വിദഗ്ദ്ധ ചികിത്സക്കായി രോഗികളെ മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്ന നിലവിലെ സ്ഥിതി ഒഴിവാക്കുന്നതിന് നിർമ്മാണം നടന്നു വരുന്ന ഹോസ്പിറ്റൽ ബ്ലോക്കിന്റെ ഡ്രെയിനേജ്, മോർച്ചറി, സ്ട്രീറ്റ് ലൈറ്റുകൾ, ബോയിലർ മാനിഫോൾഡ് ബിൽഡിംഗ്, മോഡ്യുലാർ ഓപ്പറേഷൻ തീയേറ്റർ, മോഡ്യുലാർ ലാബ് തുടങ്ങിയ വിവിധ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ പട്ടികജാതി വകുപ്പിന്റെ എസ്.സി.പി. ഫണ്ടിനെയാണ് മുഖ്യമായി ആശ്രയിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ അധിക ധനാനുമതി മുഖേന ആവശ്യത്തിനുള്ള തുക വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്തു. ഇൻപേഷ്യന്റ് സംവിധാനം ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടം/ഓപ്പറേഷൻ തീയേറ്ററുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് കിഫ്ബി മുഖേന സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കെ.എം.എസ്.സി.എൽ. മുഖേന നടപ്പാക്കുന്ന ഓവർഹെഡ് മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈനിന്റെ പണിയും കോളേജ് കാമ്പസിലെ ഇന്റേണൽ റോഡ് നിർമ്മാണവും അടിയന്തരമായി പൂർത്തിയാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഹൗസ് സർജൻമാരുടെ താമസത്തിനായി ഇന്റേൺസ് ഹോസ്റ്റലിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണമെന്നും ഹോസ്റ്റലിന് സ്വന്തമായി മെസ് സൗകര്യം, കുടിവെള്ള വിതരണ സംവിധാനം എന്നിവ ഏർപ്പെടുത്തണമെന്നും അധ്യാപകരുടെ കുറവ് വിദ്യാർത്ഥികളുടെ പഠന നിലവാരത്തേയും ആശുപത്രിയുടെ പ്രവർത്തനങ്ങളേയും ബാധിക്കുന്നുണ്ടെന്നതിനാൽ എൻ. എം. സി. മാനദണ്ഡപ്രകാരം ആവശ്യമുള്ള എല്ലാ തസ്തികകളിലേക്കും പി.എസ്.സി. വഴി നിയമനം നടത്തണമെന്നും അതുവരെ അന്യത്ര സേവന വ്യവസ്ഥയിലോ മറ്റ് വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെയോ, അധ്യാപകരുടെ സേവനം ഉറപ്പാക്കണമെന്നും 2014 ൽ നടത്തിയ അനധ്യാപക തസ്തികകളിലെ നിയമനം റെഗുലറൈസ് ചെയ്യുവാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്തു.

മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ നിലവിൽ എസ്.സി. വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കുന്നതിനാൽ ഫണ്ടിന്റെ ലഭ്യതക്കുറവ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ തടസ്സമാകും എന്ന് മനസ്സിലാക്കിയ സമിതി ജീവനക്കാരുടെ ശമ്പള വിതരണവും കോളേജിന്റെ മറ്റ് ദൈനംദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള നോൺ-പ്ലാൻ ശീർഷകത്തിൽ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടു.

പാലക്കാട് മെഡിക്കൽ കോളേജിൽ പി.ജി., നഴ്സിംഗ്, പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കോളേജിന്റെ ഭാവി വികസനത്തിന് നിലവിലെ ഭൂമി പര്യാപ്തമല്ലാത്തതിനാൽ റവന്യൂ വകുപ്പ് ഏറ്റെടുത്തതിൽ ബാക്കിയുള്ള 27.8 ഏക്കർ ഭൂമിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത ഭൂമി മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിനായി എസ്.സി. വകുപ്പിന് പൂർണ്ണമായി വിട്ടുകൊടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത 50 ഏക്കർ ഭൂമി കോളേജിന്റെ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന റവന്യൂ വകുപ്പിന്റെ ഉത്തരവ് നിലനിൽക്കേ പാലക്കാട് മുൻസിപ്പാലിറ്റിയുടെ സെപ്റ്റേജ് പ്ലാന്റ് ക്യാമ്പസിനകത്ത് സ്ഥാപിക്കുന്നത് മെഡിക്കൽ കോളേജിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിന് അനുയോജ്യമായ മറ്റ് സ്ഥലം കണ്ടെത്തുവാനും നിർദ്ദേശിച്ചു. കോളേജിന്റെ അടിയന്തരാവശ്യങ്ങൾക്ക് വേണ്ട വാഹനങ്ങൾ വാങ്ങുന്നതിന് തുക വകയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന സ്റ്റൈപന്റ് തുക അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി അവ കാലോചിതമായി പരിഷ്ക്കരിക്കണമെന്ന നിർദ്ദേശവും മുന്നോട്ട് വച്ചു.

മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി ജീവനക്കാരുടെ നിയമനങ്ങളിൽ ലിംഗവിവേചനം ഉള്ളതായ പരാതി ഉയർന്ന് വന്നിട്ടുള്ള സാഹചര്യത്തിൽ അവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കണമെന്നും പാലക്കാട് മെഡിക്കൽ കോളേജിലെ ഒ.പി, ഐ.പി. വിഭാഗങ്ങൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി. അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കണമെന്നും ഐ.പി. വിഭാഗം പൂർണ്ണതോതിൽ ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ ഉന്നതതല ചർച്ചകൾ നടത്തണമെന്നും പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്നുമുള്ള നിർദ്ദേശവും സമിതി മുന്നോട്ടു വച്ചു. പാലക്കാട് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കിയാൽ അത് ജില്ലയുടെ മാത്രമല്ല കേരളത്തിന്റെ തന്നെ ആതുര സേവന രംഗത്ത് ഒരു മുതൽക്കൂട്ടാകുമെന്നും ആധുനിക ചികിത്സാ സൗകര്യങ്ങൾ ദുർബല വിഭാഗങ്ങൾക്ക് പ്രാപ്യമാകുന്നതിന് സഹായകമാകുമെന്നും സമിതി പ്രത്യാശിച്ചു.

സാമാജികരായ ഒ.എസ്. അംബിക, എ.പി. അനിൽ കുമാർ, ഐ.സി. ബാലകൃഷ്ണൻ, എൻ.എ. നെല്ലിക്കുന്ന്, എ. രാജ, വി. ശശി, പി.വി. ശ്രീനിജിൻ, പി.പി. സുമോദ്, വി.ആർ. സുനിൽ കുമാർ, കടകംപള്ളി സുരേന്ദ്രൻ എന്നിവർ സമിതി അംഗങ്ങളാണ്.

സഭാ നായകരുടെ ജീവിത രേഖയിലൂടെ.......

അലക്സാണ്ടർ പറമ്പിത്തറ: സമാനതകളില്ലാത്ത രാഷ്ട്രീയ വ്യക്തിത്വം

കേരള രാഷ്ട്രീയത്തിലെ സമാനതകളില്ലാത്ത നേതാവായിരുന്ന എ.പി. എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന അലക്സാണ്ടർ പറമ്പിത്തറ. പൊതു ജീവിതത്തിൽ സത്യസന്ധതയും ആദർശ നിഷ്ഠയും പുലർത്തിയ മഹനീയ വ്യക്തിയായിരുന്നു അദ്ദേഹം. 1900 ഫെബ്രുവരിയിൽ ജനിച്ച അലക്സാണ്ടർ പറമ്പിത്തറ എറണാകുളം മഹാരാജാസ് കോളേജ്, തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ്, തിരുവനന്തപുരം ലോ കോളേജ്, സെയ്ദാപ്പെട്ട് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു. മുപ്പത്തിരണ്ട് വർഷക്കാലം അദ്ധ്യാപകവൃത്തിയിൽ തുടർന്നു.

വ്യക്തി താത്പര്യങ്ങൾ മാറ്റി വച്ച് തത്വാധിഷ്ഠിത രാഷ്ട്രീയത്തിൽ ഉറച്ച് നിന്ന് ഗാന്ധിയൻ മാർഗ്ഗത്തിലൂടെ നിസ്വാർത്ഥമായി രാഷ്ട്രീയ പ്രവർത്തനം നടത്തിയ അലക്സാണ്ടർ പറമ്പിത്തറ ജനപ്രതിനിധി എന്ന നിലയിലുള്ള പ്രവർത്തനം ആരംഭിക്കുന്നത് 1934 ൽ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെയാണ്. 1947 ലും അദ്ദേഹം ഇതേ കൗൺസിലിൽ അംഗമായി. തുടർന്ന് 1947 മുതൽ 1951 വരെ എറണാകുളം മുൻസിപ്പൽ കോർപ്പറേഷൻ ചെയർമാനായിരുന്നു. 1952 ലും 1954 ലും തിരു-കൊച്ചി നിയമസഭയിലും അദ്ദേഹം അംഗമായി. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം 1957 ലും 1960 ലും പള്ളുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും, 1967 ൽ എറണാകുളം നിയോജക മണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഒരു വിദ്യാഭ്യാസ വിചക്ഷണനായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട രാഷ്ട്രീയ വഴിത്തിരിവായിരുന്നു 1961 ഡിസംബർ 13 ന് കേരള നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത്. 1964 സെപ്റ്റംബർ 10 വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (1967-68), ലൈബ്രറി ഉപദേശക സമിതി (1969-70) എന്നിവയുടെ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസ് ലെജിസ്ലേച്ചർ പാർട്ടി ഡെപ്യൂട്ടി ലീഡർ, എറണാകുളം ഡി.സി.സി. പ്രസിഡന്റ് എന്നീ ഔദ്യോഗിക സ്ഥാനങ്ങളും അദ്ദേഹം വഹിച്ചു.

1969 ൽ കോൺഗ്രസ് പിളർന്നപ്പോൾ സംഘടന കോൺഗ്രസ്സിൽ ഉറച്ച് നിന്ന അദ്ദേഹം രാഷ്ട്രീയ രംഗത്ത് സജീവമായി വ്യാപരിക്കുമ്പോഴും ലളിതമായ ജീവിതവും നിസ്വാർത്ഥമായ രാഷ്ട്രീയ പ്രവർത്തനവും കൊണ്ട് ഏവരുടേയും സമാരാധ്യനായി തീർന്നു. ആരേയും കുത്തിനോവിക്കാത്ത പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. എന്നും രാഷ്ട്രപുരോഗതിക്കു വേണ്ടി നിലകൊണ്ട അദ്ദേഹം ഗാന്ധിയൻ തത്വങ്ങളിൽ വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനവും അത് തന്നെയായിരുന്നു. ഏത് പ്രകോപനപരമായ അന്തരീക്ഷത്തിലും സമചിത്തത കൈവെടിയാതെ ചട്ടങ്ങളും നടപടിക്രമങ്ങളും പരമാവധി പാലിച്ചുകൊണ്ട് സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിൽ അദ്ദേഹം പ്രത്യേക കഴിവ് പ്രകടിപ്പിച്ചിരുന്നു. കൃത്യനിഷ്ഠയും ആത്മാർത്ഥതയുമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാന പ്രമാണങ്ങൾ. താൻ വിശ്വസിച്ച ദേശീയ പ്രസ്ഥാനത്തിൽ അടിയുറച്ച് നിൽക്കുകയും അതിനായി ശക്തിയുക്തം പോരാടുകയും ചെയ്ത അദ്ദേഹം തന്റെ വിശ്വാസപ്രമാണങ്ങളിൽ നിന്ന് വ്യതിചലിക്കാൻ ഒരിക്കലും തയ്യാറായിരുന്നില്ല.

നിയമസഭാ പ്രവർത്തനങ്ങളിലെ ദീർഘകാല പരിചയം നല്ല ഒരു സാമാജികനായി തിളങ്ങാൻ അദ്ദേഹത്തെ സഹായിച്ചു. സഭയിൽ എല്ലാ വിഭാഗത്തിന്റെയും ആത്മാർത്ഥമായ സഹകരണം ആർജ്ജിക്കുവാൻ കഴിഞ്ഞുവെന്നുള്ളത് അദ്ദേഹത്തിന്റെ സ്വഭാവസവിശേഷത കൊണ്ട് കൂടിയായിരുന്നു. സ്വാർത്ഥരഹിതമായ പെരുമാറ്റവും മനുഷ്യനന്മയിലും മൂല്യങ്ങളിലുമുള്ള മതിപ്പും അദ്ദേഹത്തെ രാഷ്ട്രീയക്കാർക്കിടയിൽ വ്യത്യസ്തനാക്കി.

രാഷ്ട്രീയത്തിലും സ്വകാര്യജീവിതത്തിലും കളങ്കരഹിതമാവാൻ അലക്സാണ്ടർ പറമ്പിത്തറയ്ക്ക് കഴിഞ്ഞു. തെരഞ്ഞെടുപ്പ് ഫണ്ടിനായി പാർട്ടി നൽകിയ തുകയിൽ നിന്ന് ബാക്കി വന്ന തുക കണക്ക് സഹിതം തിരിച്ചേൽപ്പിച്ച അദ്ദേഹത്തിന്റെ മാതൃക അനുകരണീയമാണ്. കേരള രാഷ്ട്രീയത്തിലെ സമുന്നതരാൽ സമ്പന്നമായ രണ്ടാം കേരള നിയമസഭയിൽ മുഴുവൻ സാമാജികരുടേയും വിശ്വാസവും ബഹുമാനവും ആർജ്ജിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനും മാതൃകാധ്യാപകനുമായി പ്രശസ്തി നേടിയ പറമ്പിത്തറ മാസ്റ്റർ പിന്നീട് മികച്ച പാർലമെന്റേറിയൻ എന്ന നിലയിലും സർവ്വരുടെയും ശ്രദ്ധയും ആദരവും പിടിച്ചു പറ്റി. 1975 ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം അതിനെതിരെ പ്രതികരിക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. അടിയന്തരാവസ്ഥയ്ക്കു ശേഷം നടന്ന പൊതുതെരഞ്ഞെടുപ്പിൽ എറണാകുളം നിയോജക മണ്ഡലത്തിൽ നിന്ന് ജനതാപാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

വിശ്രമ ജീവിതത്തിനിടയിൽ പറമ്പിത്തറ മാസ്റ്റർ ധാരാളം പുസ്തകങ്ങൾ വായിക്കുമായിരുന്നു. അദ്ദേഹത്തിന് സ്വന്തമായി ഒരു വായനശാല തന്നെ ഉണ്ടായിരുന്നു. ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്തിരുന്ന അദ്ദേഹം ഇന്ത്യൻ റിവ്യൂ, മോഡേൺ റിവ്യൂ എന്നീ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുമായിരുന്നു. വെസ്റ്റേൺ സ്റ്റാർ പത്രത്തിന്റെ പത്രാധിപസമിതിയംഗമായും, ലിറ്റിൽ ഫ്ളവർ മാസികയുടെ പത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. വിനയം, ഗാംഭീര്യം, അഴിമതി പുരളാത്ത വ്യക്തിത്വം എന്നീ ഗുണങ്ങളാൽ അനുകരണീയനായ അദ്ദേഹത്തെ സ്പീക്കറായി അവരോധിച്ചപ്പോൾ 'All the qualities were so mingled in him that nature will stand up and say, here is a man' എന്ന് അന്തരിച്ച മുൻ നിയമസഭാംഗം ജോസഫ് ചാഴിക്കാട് പറഞ്ഞ വാക്കുകൾ അന്വർത്ഥമാക്കുന്നതായിരുന്നു അലക്സാണ്ടർ പറമ്പിത്തറയുടെ ജീവിതം. 1989 ജൂൺ 10 ാം തീയതി അദ്ദേഹം അന്തരിച്ചു. 1989 ജൂൺ 12 ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

അധികാരം ഭ്രമിപ്പിക്കാത്ത രാഷ്ട്രീയക്കാരൻ

കേരള രാഷ്ട്രീയത്തിലെ അപൂർവ വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു പറമ്പിത്തറ മാസ്റ്റർ. അധികാരം അദ്ദേഹത്തിനെ ഒരിക്കലും ഭ്രമിപ്പിച്ചിരുന്നില്ല. എല്ലാ നിയമസഭാ സാമാജികരും പഠിച്ചിരിക്കേണ്ട ഒരു പാഠപുസ്തകമാണ് അലക്സാണ്ടർ പറമ്പിത്തറ.

വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവ പ്രവർത്തകനായിരുന്ന അദ്ദേഹം നിസ്സഹകരണ സമരത്തിലും ക്വിറ്റ് ഇന്ത്യാ സമരത്തിലും പങ്കെടുത്തു. 1942 ൽ അറസ്റ്റിലാവുകയും ആറുമാസം തടവിൽ കഴിയുകയും ചെയ്തു. പിന്നീട് കൊച്ചി പ്രജാമണ്ഡലത്തിന്റെ സജീവ പ്രവർത്തകനായി.

കാലം കടന്നു പോയി, 1967 ലെ തെരഞ്ഞെടുപ്പ് സമയം, കോൺഗ്രസ് ഏറ്റവും വലിയ അഗ്നിപരീക്ഷയെ നേരിട്ടകാലം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒൻപത് അംഗങ്ങൾ മാത്രമായി കോൺഗ്രസിന്റെ നിലനിൽപ്പ് തന്നെ പരുങ്ങലിലായി. ഈ സാഹചര്യത്തിൽ ലീഡർ കെ. കരുണാകരൻ സീനിയർ നേതാവും അതിലുപരി ഒരു പോരാളിയുമായ അലക്സാണ്ടർ പറമ്പിത്തറയെ നേരിൽ കണ്ട് അദ്ദേഹത്തോട് കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി നേതൃത്വം ഏറ്റെടുക്കണം എന്ന് ആവശ്യപ്പെട്ടു. എന്നാൽ ആ പദവി ഏറ്റെടുക്കേണ്ടത് ഒരു ചെറുപ്പക്കാരൻ ആയിരിക്കണമെന്നും അത് കെ. കരുണാകരൻ തന്നെയാകണമെന്നുമുള്ള അലക്സാണ്ടർ പറമ്പിത്തറയുടെ ദീർഘ വീക്ഷണത്തോടെയുള്ള നിർദേശം കേരള രാഷ്ട്രീയത്തിൽ പുതുചരിത്രം സൃഷ്ടിച്ചു.

പ്രകോപനപരമായ സാഹചര്യങ്ങളിലും സമചിത്തത കൈവെടിയാതെ ചട്ടങ്ങളും നടപടിക്രമങ്ങളും പരിപാലിച്ചു കൊണ്ട് സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിൽ പ്രശംസനീയമായ പ്രാഗൽഭ്യം കാണിച്ച സ്പീക്കറായിരുന്നു അലക്സാണ്ടർ പറമ്പിത്തറ.

വി.ഡി.സതീശൻ
പ്രതിപക്ഷ നേതാവ്

വലയിൽ നിന്ന്.......

തിരുവനന്തപുരത്ത് 1954 ൽ ആദ്യമായി ഓടി തുടങ്ങിയ സ്വകാര്യ ബസ്സ്

ഡി.വൈ. ചന്ദ്രചൂഡ് പുതിയ സുപ്രീം കോടതി ചീഫ് ജസ്റ്റിസ്

സുപ്രീം കോടതിയുടെ അൻപതാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് ചുമതലയേറ്റു. ഏറ്റവും കൂടുതൽ കാലയളവ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന വൈ.വി. ചന്ദ്രചൂഡിന്റെ മകനാണ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്. നിയമത്തിൽ ഹാർവാഡ് യൂണിവേഴ്സിറ്റിയിൽ നിന്നും Doctor of Juridical Science (SJD) നേടിയതിനുശേഷം ബോംബെ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും പ്രാക്ടീസ് ആരംഭിച്ചു. 1998 ൽ സീനിയർ അഡ്വക്കേറ്റ് പദവി ലഭിക്കുകയും അഡീഷണൽ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ ആയി നിയമിതനാകുകയും ചെയ്തു. രാജ്യത്തും വിദേശത്തും പ്രമുഖ യൂണിവേഴ്സിറ്റികളിൽ വിസിറ്റിംഗ് പ്രൊഫസർ ആയിരുന്ന അദ്ദേഹം 2013 ൽ അലഹബാദ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയി.

ആദ്യ ദിവസം തന്നെ ശ്രദ്ധേയമായ ഒരു വിധിയിലൂടെ രാജ്യത്തിന്റെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗത്തിനോടൊപ്പമാണ് തന്റെ മനസ്സെന്ന് അദ്ദേഹം തെളിയിച്ചു. 22 വർഷമായി സ്കൂളിൽ തൂപ്പുകാരനായി സേവനം അനുഷ്ഠിച്ച ഒരു തൊഴിലാളിയുടെ ഗ്രാറ്റുവിറ്റിയും പെൻഷനും നൽകാനുള്ള ഉത്തരവിനെതിരെ തമിഴ്നാട് സർക്കാർ നൽകിയ അപ്പീൽ തള്ളിയ സമയത്താണ് ജസ്റ്റിസ് ചന്ദ്രചൂഡ് അദ്ദേഹത്തിന്റെ മനസ്സ് തുറന്നത്. രാജ്യത്ത് കൂടുതലായി സ്ത്രീകളും മറ്റ് ദുർബലവിഭാഗത്തിൽപ്പെട്ടവരും നീതിന്യായ സംവിധാനത്തിന്റെ ഭാഗമാകണമെന്ന് അദ്ദേഹം ഈയിടെ അഭിപ്രായപ്പെട്ടത് ശ്രദ്ധേയമായി.

വിഖ്യാതമായ Justice K.S. Puttaswamy v Union of India കേസിൽ സ്വകാര്യതയ്ക്കുള്ള അവകാശം മൗലികാവകാശമാണെന്നത് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ വിധികളിലൊന്നാണ്. കോടതി നടപടികൾ ലഘൂകരിക്കണമെന്നും കോടതി സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കണമെന്നും എല്ലാ സാധാരണക്കാർക്കും അതുവഴി നീതി ലഭ്യമാക്കണമെന്നും അദ്ദേഹം നിർദേശിച്ചു. നീതിന്യായ വ്യവസ്ഥയിൽ ഒരു മനുഷ്യമുഖം സൃഷ്ടിക്കുക എന്നതാണ് തന്റെ ദൗത്യമെന്ന് അദ്ദേഹം ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി. രാജ്യത്തിന് ഒട്ടേറെ പ്രതീക്ഷകൾ നൽകുന്ന ഒരുപാട് ശ്രദ്ധേയമായ വിധിന്യായങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

ലോക മാസ്റ്റേഴ്സ് മീറ്റിൽ എം.ജെ.ജേക്കബിന് രണ്ട് മെഡലുകൾ

ഫിൻലാൻഡിൽ നടന്ന ഇരുപത്തി നാലാമത് ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മുൻ നിയമസഭാംഗം എം.ജെ.ജേക്കബ് രണ്ട് വെങ്കല മെഡലുകൾ കരസ്ഥമാക്കി. 200 മീറ്റർ ഹർഡിൽസ്, 80 മീറ്റർ ഹർഡിൽസ് എന്നീ ഇനങ്ങളിലാണ് മെഡലുകൾ ലഭിച്ചത്. 80 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ വിഭാഗത്തിലാണ് അദ്ദേഹം മത്സരിച്ചത്. തൊണ്ണൂറ്റി മൂന്ന് രാജ്യങ്ങളിൽ നിന്നായി മൂവായിരത്തി അഞ്ഞൂറോളം കായിക താരങ്ങൾ മാറ്റുരച്ച മീറ്റിൽ ഇന്ത്യയിൽ നിന്ന് തൊണ്ണൂറ്റിയഞ്ച് പേർ വിവിധ മത്സര ഇനങ്ങളിൽ പങ്കെടുത്തു. ഇന്ത്യയ്ക്ക് ലഭിച്ച നാല് മെഡലുകളിൽ രണ്ടെണ്ണം എം.ജെ.ജേക്കബിന്റേതാണ്.

ജപ്പാൻ, സിംഗപ്പൂർ, ചൈന, മലേഷ്യ എന്നിവിടങ്ങളിൽ നടന്ന ഏഷ്യൻ മീറ്റുകളിലും ഫ്രാൻസ്, ഓസ്ട്രേലിയ, സ്പെയിൻ ഫിൻലാന്റ് എന്നിവിടങ്ങളിൽ നടന്ന ലോകമീറ്റുകളിലും എം.ജെ.ജേക്കബ് പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിട്ടുണ്ടെങ്കിലും വ്യക്തിഗത ഇനത്തിൽ മെഡൽ നേടുന്നത് 2022 ജൂലൈയിൽ ഫിൻലാന്റിൽ നടന്ന ലോക മീറ്റിലാണ്.

പന്ത്രണ്ടാം കേരള നിയമസഭയിൽ പിറവം മണ്ഡലത്തിൽ നിന്നും നിയമസഭയിലെത്തിയ എം.ജെ.ജേക്കബ് എറണാകുളം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ ചെയർമാൻ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്, തിരുമാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കാക്കൂർ സർവ്വീസസ് സഹകരണ ബാങ്ക് പ്രസിഡന്റ്, പാമ്പാക്കുട ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖല സ്ഥാപനമായ എഫ്.എ.സി.റ്റി. യിൽ ഉദ്യോഗസ്ഥനായിരുന്നു.

വേർപാട്

വെഞ്ഞാറമൂട് പി.ഭാസ്കരൻ, മുൻ നിയമസഭാംഗം

മുൻ എം.എൽ.എ.യും സി.പി.ഐ.(എം) മുൻ ജില്ലാ കമ്മിറ്റി അംഗവുമായ വെഞ്ഞാറമൂട് പി.ഭാസ്കരൻ(81) 2022 ഒക്ടോബർ 6 ന് അന്തരിച്ചു. പത്താം കേരള നിയമസഭയിൽ നേമം മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് അദ്ദേഹം നിയമസഭയിലെത്തിയത്. കേരള കർഷക സംഘം തിരുവനന്തപുരം ജില്ലാ കമ്മിറ്റി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വെഞ്ഞാറമൂട് പഞ്ചായത്ത് പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ കൗൺസിൽ അംഗം, സി.പി.ഐ.(എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം സമാന്തര വിദ്യാഭ്യാസ രംഗത്ത് വളരെ സജീവമായിരുന്നു.

ഭാര്യ എ.കെ.വിജയകുമാരിയും രണ്ട് മക്കളും അടങ്ങുന്നതാണ് കുടുംബം.

പുനലൂർ മധു, മുൻ നിയമസഭാംഗം

മുതിർന്ന കോൺഗ്രസ് നേതാവും മുൻ എം.എൽ.എ.യുമായ പുനലൂർ മധു (65) 2022 ഒക്ടോബർ 3 ന് അന്തരിച്ചു. ഒമ്പതാം കേരള നിയമസഭയിൽ പുനലൂർ നിയോജക മണ്ഡലത്തിൽ നിന്നും നിയമസഭയിലെത്തി. നിലവിൽ കെ.പി.സി.സി. നിർവ്വാഹക സമിതി അംഗമായിരുന്നു. കെ.പി.സി.സി. ജോയിന്റ് സെക്രട്ടറി, എക്സിക്യൂട്ടീവ് അംഗം, കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം, ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗം, കേരള സർവ്വകലാശാല സെനറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ഒ.കമലവും ഒരു മകനും അടങ്ങുന്നതാണ് കുടുംബം.

സഭാ നേതാവിന്റെ പേജ്

പിണറായി വിജയൻ
മുഖ്യമന്ത്രി

ലഹരിക്കെതിരായ പോരാട്ടം അവസാനിക്കുന്നില്ല

ലഹരി എന്ന മാരകവിപത്തിനെതിരെ സംസ്ഥാന സർക്കാർ തുടക്കമിട്ട ക്യാമ്പയിനിന്റെ ആദ്യഘട്ടം പൂർത്തിയായിരിക്കുകയാണ്. ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച 'നോ റ്റു ഡ്രഗ്സ്' എന്ന ബോധവൽക്കരണ - പ്രതിരോധ പ്രവർത്തനങ്ങൾ വലിയൊരളവിൽ ഫലം കണ്ടതിന്റെ സന്തോഷം പങ്കുവച്ചുകൊണ്ടാണ് നമ്മൾ കേരളപ്പിറവിദിനത്തിൽ ലഹരിവിരുദ്ധ ശൃംഖല തീർത്തത്.

മയക്കുമരുന്ന് ഉപയോഗം സൃഷ്ടിക്കുന്ന ഘോരവിപത്തിനെക്കുറിച്ച് വലിയൊരളവിൽ ജനങ്ങളെ ബോധവത്കരിക്കാൻ 'നോ റ്റു ഡ്രഗ്സ്' ക്യാമ്പയിൻ വഴി സാധിച്ചിട്ടുണ്ട്. നമ്മുടെ കുഞ്ഞുങ്ങളുടെയും യുവാക്കളുടെയും പെരുമാറ്റത്തിലും സ്വഭാവത്തിലും ഉണ്ടാവുന്ന മാറ്റങ്ങൾ കണ്ടെത്തുന്നതിനും, അവ അധികൃതരുമായി പങ്കുവെക്കുന്നതിനും സ്കൂളുകളിലും കോളേജുകളിലും വീടുകളിലും ഉത്തരവാദപ്പെട്ടവർ ഇന്ന് തയ്യാറാകുന്നുണ്ട്. സർക്കാർ ഉദ്ദേശിച്ച നിലയിൽ ഈ പരിപാടി മുന്നോട്ടു പോകുന്നു എന്നതാണ് ഇത് തെളിയിക്കുന്നത്.

കേരളത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസും പോലീസും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. എല്ലാ എക്സൈസ് റേഞ്ച് ഓഫീസുകളിലും 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് പ്രകാരമുള്ള കേസുകൾ കണ്ടെത്തുന്നതിനും പ്രതികൾക്ക് കൂടുതൽ ശിക്ഷ ഉറപ്പാക്കുന്നതിനുമായി എക്സൈസ് - പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. മയക്കുമരുന്ന് കേസുകളിലുൾപ്പെട്ട പ്രതികളുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി അവരെ നിരീക്ഷിച്ച് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ലഹരിക്കെതിരെ വലിയ പ്രചാരണമാണ് കഴിഞ്ഞ ഒരു മാസത്തിനകം കേരളത്തിൽ നടന്നിട്ടുള്ളത്. അതിന്റെ ഭാഗമായി 2,939 സ്കൂളുകൾ, 444 കോളേജുകൾ, 478 സ്കൂൾ - കോളേജ് പി. റ്റി. എ. കൾ, 541 ലൈബ്രറികൾ, 1,048 തദ്ദേശ സ്വയംഭരണ വാർഡുകൾ, 178 ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, 1,848 കുടുംബശ്രീ യൂണിറ്റുകൾ, 186 അതിഥി തൊഴിലാളി ക്യാമ്പുകൾ, 126 റെസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിലാണ് എക്സൈസ് വകുപ്പ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്. കൂടാതെ തീരപ്രദേശത്ത് 50 പരിപാടികളും ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് 220 പരിപാടികളും മറ്റ് വിവിധ വിഭാഗങ്ങളുമായി ചേർന്ന് 1,279 ലഹരിവിരുദ്ധ പരിപാടികളും നടത്തിയിട്ടുണ്ട്.

ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയെയും ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമാക്കിയിട്ടുണ്ട്. സ്കൂൾ - കോളേജ് തലത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് 226 സംവാദങ്ങളാണ് നടത്തിയത്. മാർക്കറ്റുകൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പൊതുജനശ്രദ്ധ ആകർഷിച്ചുകൊണ്ട് 178 ബോധവൽക്കരണ പരിപാടികൾ നടത്തി. 379 റാലികൾ, 72 കായിക വിനോദങ്ങൾ എന്നിവ സംഘടിപ്പിച്ചു. പള്ളികൾ, മസ്ജിദുകൾ, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ 92 പരിപാടികൾ സംഘടിപ്പിച്ചു. കൊച്ചി മെട്രോ ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനങ്ങളിലും ലഹരിവിരുദ്ധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, സെൽഫി ചലഞ്ച്, പോസ്റ്റ് കാർഡ് ചലഞ്ച്, പോസ്റ്ററുകൾ, ചുമർചിത്ര രചന, വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, ബോധവൽക്കരണ റാലികൾ, നാടകം, ഓട്ടൻതുള്ളൽ, ഫ്ളാഷ് മോബ്, തെരുവുനാടകം, കൂട്ടയോട്ടം, വാഹന പ്രചരണ ജാഥകൾ, ബൈക്ക് റാലികൾ, കാൽനട ജാഥകൾ, സിനിമാ പ്രദർശനം എന്നിവ സംഘടിപ്പിക്കുകയുണ്ടായി. ഇവ കൂടാതെ ചിത്രരചനാ മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുട്ബോൾ മത്സരം, സംവാദ മത്സരം, ഗോത്രവർഗ്ഗ ഊരുകളിൽ പ്രത്യേക ഫുട്ബോൾ മത്സരങ്ങൾ എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തപ്പെട്ടിട്ടുണ്ട്.

ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദീപാവലിയോട് അനുബന്ധിച്ച് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 22 ന് എം.പിമാരുടെയും എം.എൽഎമാരുടെയും നേതൃത്വത്തിൽ ലഹരിക്കെതിരെ ദീപം തെളിയിച്ചു. ഒക്ടോബർ 24, 25 തീയതികളിലാകട്ടെ സംസ്ഥാനത്തൊട്ടാകെയുള്ള ഗ്രന്ഥശാലകളിലും വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ദീപം തെളിയിച്ചു. വലിയതോതിലുള്ള ജനകീയ പങ്കാളിത്തമാണ് ഈ പരിപാടിക്ക് ലഭിച്ചത്.

ഈ വർഷം സെപ്റ്റംബർ 16 മുതൽ ഒക്ടോബർ 30 വരെ സംസ്ഥാനത്തൊട്ടാകെ നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ 1,245 എൻ ഡി പി എസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ 1,231 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. തൊണ്ടിയായി 182 കിലോഗ്രാം കഞ്ചാവ്, 236 കഞ്ചാവ് ചെടികൾ, 4,203 ഗ്രാം ഹാഷിഷ് ഓയിൽ, 13 ഗ്രാം ബ്രൗൺ ഷുഗർ, 80 ഗ്രാം ഹെറോയിൻ, 1,286 ഗ്രാം എം ഡി എം എ, 14 ഗ്രാം എൽ എസ് ഡി സ്റ്റാമ്പ്, 1,449 ഗ്രാം മെത്താഫെറ്റാമിൻ, 113 ഗ്രാം നാർകോട്ടിക്ക് ടാബ്ലെറ്റ്, 86 വാഹനങ്ങൾ എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ എത്ര ഫലപ്രദമായ പ്രതിരോധമാണ് നമ്മൾ തീർക്കുന്നത് എന്നു വ്യക്തമാക്കുന്നതാണ് ഈ വിവരങ്ങൾ.

കേരളത്തെ ലഹരിവിമുക്തമാക്കാൻ സംസ്ഥാനം ഒന്നടങ്കം പ്രതിജ്ഞയെടുത്ത അവസരം കൂടിയായിരുന്നു ലഹരിവിരുദ്ധ ശൃംഖല. ഇതിൽ വിദ്യാർത്ഥികൾ, യുവജനങ്ങൾ, അധ്യാപകർ, മാതാപിതാക്കൾ, ജീവനക്കാർ, കച്ചവടക്കാർ, വിവിധ സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവരെല്ലാം പങ്കെടുത്തു. അവിടംകൊണ്ട് അവസാനിക്കുന്ന പ്രവർത്തനമല്ലിത്. ജീവനുള്ള നാളുകളോളം ഈ ശൃംഖല മുറിയാതെ കാത്തുസൂക്ഷിക്കാൻ നമുക്കാകണം.

ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി നവംബർ 14 ശിശുദിനം മുതൽ 2023 ജനുവരി 26 റിപ്പബ്ലിക്ക് ദിനം വരെ നീണ്ടുനിൽക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയാണ്. അവയ്ക്ക് അതത് ഘട്ടങ്ങളിൽ തുടർച്ച ഉറപ്പാക്കുകയും ചെയ്യും. നമ്മുടെ നാടിനെ മയക്കുമരുന്ന് മുക്ത നാടാക്കി മാറ്റുകയാണ് ആത്യന്തിക ലക്ഷ്യം. ആ ലക്ഷ്യം കൈവരിക്കുംവരെ നിതാന്ത ജാഗ്രതയോടെ നാം മുന്നേറേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളിൽ എല്ലാവരുടേയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കട്ടെ.

Printed and Published by A.M. Basheer, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695 033, Editor- A.N. Shamseer